Reg. M. No. 2293 ഒററപ്രതി 2 ണ.

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 27 ‖ 1129 തുലാം 5—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1953 ഒക്ടോബർ 21 ‖ ലക്കം 10


## സത്യദീപം

(എൻ. എസ്സ്. കുര്യൻ ബി. എ., ബി. എൽ.)

ഇക്കാലത്തെ കുയുക്തികളുടെയും വിനാശഹേതുകങ്ങളായ "ഇസ്സങ്ങ"ളുടെയും വൈതാളികവാദങ്ങൾക്ക് സമർത്ഥമായ സമാധാനം സത്യദീപപംക്തികളിലെ പാണ്ഡിത്യോചിതമായ പ്രതിപാദനങ്ങൾ നൽകിവരുന്നു. എന്നാൽ ഈ വസ്തുത സമ്മതിക്കാത്ത ഒരുകൂട്ടം ആളുകളുണ്ട്. അവരുടെ വാദം ഏറെക്കുറെ ഈ വിധമാകുന്നു: "സത്യവും സത്യദീപവും, ഇതൊക്കെ കൊണ്ടെക്കളയൂ ഹേ, പുരോഗമനത്തിന്റെ ഈ ഇരുപതാംനൂറ്റാണ്ടിൽ വിലപ്പോകാത്ത ചരക്കുകളല്ലേ, ഇവ." രണ്ടായിരം സംവത്സരങ്ങൾക്കുമുമ്പ് ഇതേ അഭിപ്രായംതന്നെ ചരിത്രപ്രസിദ്ധനായ പൈലറ്റും പുറപ്പെടുവിച്ചിട്ടുണ്ട്. സത്യത്തിനു സാക്ഷ്യംവഹിക്കാനാണ് താൻ വന്നതെന്നു് ക്രിസ്തു പ്രഖ്യാപിച്ചപ്പോൾ പൈലറ്റ് പുച്ഛരസത്തിൽ പറകയാണ് "സത്യം! എന്തൊന്നാ അതു്?" ഇനിയും ഒന്നുകൂടി പുറകോട്ടു നോക്കുന്നതായാൽ, അതായതു് സത്യസ്വരൂപനായ ദൈവം ആദിമനുഷ്യരെ സൃഷ്ടിച്ച് ആ പറുദീസായിൽ ആവസിപ്പിച്ച ആരംഭത്തിലേക്കു നോക്കുന്നതായാൽ ഇതേ അഭിപ്രായംതന്നെ സർപ്പരൂപനായ സാത്താൻ ഹവ്വായുടെയും ആദത്തിന്റെയും അടുക്കൽ പുറപ്പെടുവിക്കുന്നതു് കാണാം. സത്യത്തിന്റെ കല്പനയാണ് വിലക്കപ്പെട്ട വൃക്ഷത്തിന്റെ ഫലം തങ്ങൾ ഭുജിക്കരുതെന്നു് എന്നു ഹവ്വാ പറഞ്ഞപ്പോൾ സാത്താൻ ഏതാണ്ടിങ്ങനെയായിരിക്കണം പ്രത്യുത്തരിച്ചതു്: "സത്യത്തിന്റെ ശാസനം! സത്യം എന്നൊന്നുണ്ടോ, കാര്യലാഭമല്ലേ സത്യമെന്നു് പറയപ്പെടുന്നതു്."

അതേ, പറുദീസായിലെ സത്യത്തിന്റെ കല്പനയുടെ ആവിർഭാവത്തോടുകൂടിത്തന്നെ, അഹങ്കാരമാകുന്ന അസത്യത്തിന്റെ അമ്മ ഇരട്ടപ്രസവിച്ച് മനുഷ്യർക്കു് നൽകിയ നാശത്തിന്റെ സന്തതികളാണ് കള്ളവും കളവും. അതായതു് വിനയത്തിൽ വേരൂന്നിയിരിക്കുന്ന സത്യത്തെ ഹിംസിക്കാൻ അഹങ്കാരത്തിന്റെ സന്താനങ്ങളായ കള്ളവും കളവും ആ പറുദീസായിൽത്തന്നെ ആവിർഭവിച്ചു. ഈ കള്ളത്തിന്റെയും കളവിന്റെയും രൂപഭേദങ്ങളാണ് ഇന്നു ലോകത്തിൽ കാണുന്ന സകല ദുഷ്ടതകളുടേയും കുഴപ്പങ്ങളുടേയും അസ്തിവാരം.

കള്ളവും കളവും എന്നുള്ളതു് അസത്യം പറയുകയും കളവു ചെയ്യുകയുമാണ്. സാത്താൻ കള്ളം പറഞ്ഞു പ്രേരിപ്പിച്ചു, ആദവും ഹവ്വായും കളവു ചെയ്തു. തങ്ങൾക്കു് എടുക്കാനും ഭക്ഷിക്കാനും അവകാശമില്ലാതിരുന്ന ആ ഫലത്തെ എടുത്തു ഭക്ഷിച്ചു. എന്തിനാണ് ആദിമാതാപിതാക്കളും അവരുടെ സന്താനപരമ്പരകളിൽ പലരും ഈ കള്ളം പ്രവർത്തിക്കുന്നതു്? അഹങ്കാരംകൊണ്ടുതന്നെ. തങ്ങൾക്കു് അർഹതയില്ലാത്ത സ്ഥാനങ്ങളിലേക്കും നിലകളിലേക്കും വസ്തുവകകളിലേക്കും സ്വസ്വാതന്ത്ര്യമാകുന്ന ആ ദുസ്സ്വാതന്ത്ര്യം പ്രയോഗിച്ചു പ്രവേശിച്ച് ഉയരാമെന്നും ഉന്മാദിക്കാമെന്നും കരുതിക്കൊണ്ടുതന്നെ. എന്നാൽ അങ്ങനെ പൊങ്ങാൻ സാധിക്കയില്ലെന്നു, നേരെമറിച്ച്, അധഃപതനമാണ് സംഭവിക്കുന്നതെന്നും പറുദീസായിലെ അനുഭവം മാത്രമല്ല ഓരോ വ്യക്തികളുടെയും അനുഭവവും പഠിപ്പിക്കുന്നുണ്ട്. എങ്കിലും മരത്തലയനായ മനുഷ്യൻ പഠിക്കുന്നുണ്ടോ ഈ പാഠം? ആദത്തിന്റെയും ഹവ്വായുടെയും സന്തതിപരമ്പരകളാണല്ലോ ഇന്നു ലോകത്തിൽ കാണുന്ന നാനാതരക്കാരായ സകലമാനജനങ്ങളും. അതുപോലെതന്നെ അഹങ്കാരത്തിന്റെ, അസത്യത്തിന്റെ ദുഷിച്ച സന്തതിപരമ്പരയാണ് ഇന്നു ലോകത്തിൽ കാണുന്ന സകല തിന്മകളും. പുരോഗമനവും പരിഷ്കാരവും ഇവയ്ക്കു് പല പേരുകളും കൊടുക്കുന്നുണ്ടെങ്കിലും ഇവയുടെയെല്ലാം സ്ഥായിയായ ഭാവം അസത്യത്തിൽ അടിയുറച്ചുനില്ക്കുന്നു. സാധാരണക്കാരന്റെ കള്ളംപറച്ചിലും കളവും, കൊള്ളക്കാരന്റെ കവർച്ചയും കൊലയും കൊള്ളിവയ്പും, അസാന്മാർഗ്ഗികനായ മുതലാളിയുടെ വളവും പുളവും മുതലെടുപ്പുകളും, പാവപ്പെട്ടവന്റെ അലസതയും ചുമതലയില്ലായ്മയും, രാഷ്ട്രാരാധകന്മാരുടെ നാശോന്മുഖമായ നയകോവിദത്വവും, അന്താരാഷ്ട്രങ്ങളുടെ അധാർമ്മികങ്ങളായ രാജ്യതന്ത്രപരിപാടികളും കള്ളത്തിന്റെ വെള്ളപൂശിയ പ്രകടനങ്ങൾതന്നെയാകുന്നു. സത്യത്തെയും സത്യസ്വരൂപനായ സർവ്വേശ്വരനെയും വ്യക്തികളിൽനിന്നും കുടുംബത്തിൽനിന്നും സമുദായത്തിൽനിന്നും രാഷ്ട്രത്തിൽനിന്നും സകല വ്യാപാരവ്യവഹാരങ്ങളിൽനിന്നും അകററിനിർത്തിക്കൊണ്ടുള്ള ജീവിതപരിപാടിയുടെ പരാജയമാണ് ഇന്നു കാണുന്ന സകല വൈകല്യങ്ങളും കുഴപ്പങ്ങളും. സത്യവും അസത്യവും തമ്മിലുള്ള പോരാട്ടമാണ് എവിടെയും കാണപ്പെടുന്നതു്.



ജീവിക്കുന്നവരേയും മരിച്ചവരേയും വിധിക്കുന്നതിനുവേണ്ടിയുള്ള ക്രിസ്തുരാജന്റെ എഴുന്നള്ളത്തു്

സത്യത്തെ — സത്യസ്വരൂപനായ ക്രിസ്തുവിനെ — കുരിശിൽ തറച്ചു കൊന്നു. എങ്കിലും സത്യസ്വരൂപനായ അവിടുന്നു മൃത്യുവിനെ ജയിച്ച് ഉയിർത്തെഴുന്നേറ്റു. കാൽവരി മലമുകളിൽ കുരിശിൽ തറച്ചു നിർത്തിയിരുന്ന സത്യത്തിന്റെ ഇടം വലം വശങ്ങളിൽ എന്താണ് കാണുന്നതു്? രണ്ടു കള്ളന്മാരെയും — കള്ളത്തേയും കളവിനേയും — കൂടി കുരിശിൽ തൂക്കിയിരിക്കുന്നു. കള്ളത്തിന്റെ — അസത്യത്തിന്റെ ഭയങ്കര പങ്കിലത്വവും പരാജയവും കാണിക്കാനും, സത്യത്തിന്റെ വിജയത്തിനു സാക്ഷ്യം നില്ക്കാനും നാനാതരങ്ങളായ അപരാധസമാഹാരങ്ങളിൽനിന്നും തിരഞ്ഞെടുത്തിരിക്കുന്നതു്, അസത്യത്തിന്റെ ഈ സന്തതികളെ, ഈ കള്ളന്മാരെ, തിരഞ്ഞെടുത്തതു്, വിചിത്രമെങ്കിലും വിലയേറിയ ഒരു തത്വത്തെ പ്രഖ്യാപിക്കാനാണെന്നു് കരുതിക്കൂടയോ? അപരാധങ്ങളുടെയെല്ലാം അസ്തിവാരം അഹങ്കാരവും തജ്ജന്യമായ ചോരണമൂഷണവുമാണ്. കള്ളനെയല്ല, കൊലപാതകനായ ബാറബാസിനെ തല്ക്കാലം വിട്ടയച്ചു. തപ്തയായ അഭിസാരികയ്ക്കു പൊറുതി ലഭിച്ചു. എന്നാൽ അഹങ്കാരിയായ കള്ളനോ? ആത്മാവും ശരീരവും നശിപ്പിച്ച കുരിശുമരണവും ലഭിച്ചു. അതാ ആ കാൽവരിയിലും ഒരു മഹാതത്വം പ്രകടീകൃതമാകുന്നു:

നതോന്നത

കാൽവരിമുകളില ക്രൂശിന്മേൽ
തൂങ്ങിനിന്ന
ചോരന്മാർ രണ്ടുപേരാ യേശു
വിൻ യജ്ഞം കണ്ടു,
താരങ്ങൾ വിളങ്ങുന്ന വിണ്ട
ലം കണ്ടൊരുത്തൻ
നാരകഗർത്തത്തിന്റെ വക്ത്രം
മററവൻ കണ്ടു.

എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചതു്? ഒരുവൻ കള്ളത്തിന്റെ തള്ളയായ അഹങ്കാരത്തെ വിജയിച്ച്, അതിവിനീതനായി, പശ്ചാത്തപിച്ചു; സത്യത്തിന്റെ മഹായജ്ഞത്തിന്റെ ഫലം അവനു് ലഭിക്കയും ചെയ്തു. സത്യവും വിനയവും വിജയിച്ചു. കള്ളമോ, അതുംജീവിക്കുന്നു. എവിടെ? നരകത്തിലും നാരകീയപരിപാടികളിലും. ആ നാരകീയപരിപാടിതന്നെയാണ് ഇന്നും, മുൻപ്രസ്താവിച്ചപ്രകാരം പലരൂപത്തിലും നിലകൊള്ളുന്നതു്. ഇക്കാലത്തു് വിലയുള്ളതായി കരുതപ്പെടുന്ന പകിട്ടും പിത്തലാട്ടവും, പടവും പ്രകടന

# തിരുസ്സഭാചരിത്രം *

(തുടർച്ച)

## ചരിത്രകാല വിഭജനം

(പ്രഫസ്സർ പി. ടി. തോമസ് എം. എ., സെൻറാൽബർട്ട്സ് കോളെജ്, എറണാകുളം)

തിരുസ്സഭാചരിത്രം പോലെ സംഭവബഹുലമായ മറെറാരു ചരിത്രമില്ല. ക്രിസ്തുവിൻെറ ജനനത്തിനുശേഷം ഇന്നുവരെയും സംഭവിച്ചിട്ടുള്ളതെല്ലാം സഭാചരിത്രത്തിൻെറ വ്യാപ്തിയിൽ പെടുന്നുണ്ട്. ക്ലിപ്തമായ അർത്ഥത്തിൽ തിരുസ്സഭയുടെ സ്ഥാപനം, വളർച്ച, ശീശ്മകളോടും പാഷണ്ഡതകളോടുമുണ്ടായിട്ടുള്ള സംഘട്ടനം, സഭാനടപടികളുടെയും പ്രാർത്ഥനക്രമങ്ങളുടെയും മതാനുഷ്ഠാനക്രമങ്ങളുടെയും വളർച്ച, ക്രിസ്തീയതത്വശാസ്ത്രത്തിൻെറയും ദൈവശാസ്ത്രത്തിൻെറയും വികസനം, സഭയിലെ വിവിധസന്യാസസംഘങ്ങളുടെയും മററും ഉത്ഭവവും വളർച്ചയും തുടങ്ങി മതത്തേയും വിശ്വാസത്തേയും സംബന്ധിക്കുന്ന കാര്യങ്ങൾ മാത്രമാണ് തിരുസ്സഭാചരിത്രത്തിൻെറ ഉള്ളടക്കം. എന്നാൽ വ്യാപകമായ ഒരർത്ഥത്തിൽ മനുഷ്യൻെറ ചിന്താഗതിക്കും സാമൂഹ്യവും രാഷ്ട്രീയവും സാമ്പത്തികവും സാംസ്കാരികവുമായ പരസ്പരബന്ധങ്ങൾക്കും പരിവർത്തനം വരുത്തിയിട്ടുള്ള എല്ലാ ഘടകങ്ങൾക്കും തിരുസ്സഭാചരിത്രത്തിൽ സ്ഥാനംകൊടുക്കേണ്ടിയിരിക്കുന്നു. കാരണം ഈദൃശപരിവർത്തനങ്ങൾ മനുഷ്യൻെറ മതവിശ്വാസത്തിലും ചില പ്രത്യാഘാതങ്ങൾ സംജാതമാക്കിയിട്ടുണ്ടെന്നുള്ളതാണ്. ആധുനികസാമ്പത്തികയുഗത്തിനു വഴിതെളിച്ച വ്യാവസായികവിപ്ലവവും, ഫ്രാൻസിലും റഷ്യയിലും നടന്ന രാഷ്ട്രീയസാമൂഹ്യവിപ്ലവങ്ങളും, 10-ാം നൂററാണ്ടിനുശേഷം ഉന്നയിക്കപ്പെട്ടിട്ടുള്ള ചില ശാസ്ത്രസിദ്ധാന്തങ്ങളും, മനഃശാസ്ത്രപരമായ ഫ്രോയിഡിൻെറ നിഗമനങ്ങളും ആധുനികമനുഷ്യൻെറ ആദ്ധ്യാത്മികപ്രവണതകളിലും മതപരമായ വീക്ഷണഗതിയിലും കാതലായ പരിവർത്തനങ്ങൾ വരുത്തിയിട്ടുണ്ടെന്നുള്ളതിനു സംശയമില്ല. അക്കാരണത്താൽ ഇഹലൗകികപരിവർത്തനങ്ങൾപോലും തിരുസ്സഭയുടെ ഗൗരവപൂർവ്വകമായ പരിചിന്തനത്തിനു വിഷയമാകുന്നു. അവയ്ക്കും തിരുസ്സഭാചരിത്രത്തിൽ സ്ഥാനം കൊടുത്തേ മതിയാവൂ. ചുരുക്കിപ്പറഞ്ഞാൽ ഇക്കഴിഞ്ഞ 19 ശതാബ്ദക്കാലത്തെ ലോകചരിത്രത്തിൻെറ നിഷ്കൃഷ്ടമായ അപഗ്രഥനവും പരാമർശനവും കൂടാതെ തിരുസ്സഭാചരിത്രം പൂർണ്ണമായിരിക്കയില്ല.

ഇത്ര വിസ്തൃതമായ ഒരു ചരിത്രരംഗത്തേക്കു കാലുവയ്ക്കുന്നതിനുമുൻപ്, സ്ഥൂലമായെങ്കിലും ഒരു രംഗനിരീക്ഷണം ചെയ്യേണ്ടതാവശ്യമാണ്. 19 നൂററാണ്ടുകളിൽക്കൂടുതൽ കാലദൈർഘ്യമുള്ള ഈ ചരിത്രപാതയിലെ പ്രധാന നാഴികക്കല്ലുകളെങ്കിലും ഒന്നു തിട്ടപ്പെടുത്തേണ്ടിയിരിക്കുന്നു. ചരിത്രകാലവിഭജനംകൊണ്ട് നാം ഉദ്ദേശിക്കുന്നതും അതാണ്. അങ്ങനെ സംഭവപ്പൊരുത്തവും സ്വഭാവസാമ്യവുമുള്ള കാലഘട്ടങ്ങളുടെ അതിർത്തികൾ നിർണ്ണയിച്ചുകഴിഞ്ഞശേഷം ഓരോന്നിലെയും സംഭവങ്ങളെയും പരിവർത്തനങ്ങളെയുംപററി സമഗ്രമായി പഠിക്കേണ്ടിയിരിക്കുന്നു.

ചരിത്രപണ്ഡിതന്മാർ തിരുസ്സഭാചരിത്രത്തെ മൂന്നു കാലഘട്ടങ്ങളായി വിഭജിച്ചിരിക്കുന്നു: (1) പൗരാണികകാലം (2) മദ്ധ്യയുഗങ്ങൾ (3) ആധുനികകാലം. ഈ വിഭജനത്തിനു നിദാനമായി നില്ക്കുന്നതു യൂറോപ്യൻ ചരിത്രത്തിൽ ഉണ്ടായിട്ടുള്ള രണ്ടു സുപ്രധാനസംഭവങ്ങളാണ്. ആദ്യത്തേതു് യൂറോപ്പിൻെറ ഉത്തരഭാഗങ്ങളിൽനിന്നും റോമാസാമ്രാജ്യത്തിൻെറ മേലുണ്ടായ കിരാതവർഗ്ഗങ്ങളുടെ ആക്രമണവും തത്ഫലമായുണ്ടായ സാമ്രാജ്യത്തിൻെറ അധഃപതനവുമാണ്. ഇതു് എ. ഡി. 5-ം 6-ം നൂററാണ്ടുകളിലാണ് സംഭവിച്ചതു്. തിരുസ്സഭാസ്ഥാപനംമുതൽ ഇതുവരെയുള്ള കാലഘട്ടത്തെയാണ് പൗരാണികകാലമെന്നു് ചരിത്രകാരന്മാർ നാമകരണം ചെയ്യുന്നതു്. രണ്ടാമത്തെ സംഭവം 14-ാം ശതാബ്ദത്തിനുശേഷം യൂറോപ്യൻ ചിന്താഗതിയിലും ജീവിതവീക്ഷണത്തിലുമുണ്ടായ സമൂലപരിവർത്തനമാണ്. ഈ രണ്ടു സംഭവങ്ങളുടെയും ഇടയ്ക്കുള്ള കാലഘട്ടമാണ് മദ്ധ്യയുഗങ്ങൾ എന്നു വിളിക്കപ്പെടുന്നതു്. 14-ാം ശതാബ്ദത്തിനുശേഷമുണ്ടായ സാംസ്കാരികപരിവർത്തനം മുതൽ തിരുസ്സഭാചരിത്രത്തിലെ ആധുനികകാലം ആരംഭിക്കുന്നു.

മേൽപ്രസ്താവിച്ച മൂന്നു കാലഘട്ടങ്ങൾക്കോരോന്നിനും ഉണ്ട് വ്യതിരിക്തമായ ചില ലക്ഷണങ്ങൾ. സഭയുടെ നയത്തിലും പുരോഗതിയിലും അതാതു കാലഘട്ടത്തിൻെറ പ്രത്യേകതകൾ നിഴലിച്ചു കാണാവുന്നതാണ്. പൗരാണികകാലഘട്ടത്തിൽ സഭയ്ക്കു നേരിടേണ്ടിവന്നതു് റോമൻ സാമ്രാജ്യശക്തിയേയും യൂറോപ്പിൽ സ്ഥിരപ്രതിഷ്ഠ ലഭിച്ചുകഴിഞ്ഞിരുന്ന റോമൻ സംസ്കാരത്തേയുമാണ്. ഈ സംസ്കാരം തികച്ചും അക്രിസ്തീയമായിരുന്നു. ക്രിസ്തുമതത്തെക്കാൾ പുരാതനവുമായിരുന്നു. അതിൻെറ ആത്മാവും ഹൃദയവും ക്രിസ്തീയജീവിതാദർശങ്ങളിൽനിന്നും വളരെ വ്യത്യസ്തമായ ഒരു തത്വശാസ്ത്രത്തിൽ നിമഗ്നമായിരുന്നു. റോമൻ സംസ്കാരം വിഭാവനചെയ്തതു് ലൗകികസുഖാനുഭോഗത്തിൽ അധിഷ്ഠിതമായ ഒരു ജീവിതമാണ്. ക്രിസ്തുമതം സ്നേഹത്തിലും ത്യാഗത്തിലും വിരക്തിയിലുംകൂടി സംപ്രാപ്യമാകേണ്ട അനന്തമായ പാരത്രികസൗഭാഗ്യത്തെ നിദർശനംചെയ്തു. ഇവ തമ്മിലുള്ള വൈരുദ്ധ്യം അനുക്തസിദ്ധമാണ്. റോമൻ സംസ്കാരത്തിനു താങ്ങും തണലുമായി അജയ്യമായ ഒരു സാമ്രാജ്യശക്തി നിലകൊണ്ടിരുന്നു. അതുകൊണ്ട് ഈ കാലഘട്ടത്തിൽ തിരുസ്സഭ ആന്തരികമായ വിശുദ്ധീകരണത്തിലും ആദ്ധ്യാത്മികമായ ശക്തിസംഭരണത്തിലുംമാത്രം ശ്രദ്ധ ചെലുത്തിക്കൊണ്ടിരുന്നു. ബാഹ്യമായ സാമൂഹ്യരംഗത്തു് ക്രിസ്ത്യൻ സംസ്കാരം പ്രചരിപ്പിക്കുന്നതിനെക്കാൾ കൂടുതലായി വിശ്വാസസത്യങ്ങൾ ക്രോഡീകരിക്കുന്നതിലും ആരാധനക്രമവും പ്രാർത്ഥനാരീതിയും സംവിധാനം ചെയ്യുന്നതിലും അവൾ വ്യാപൃതയായിരുന്നു. സഭയുടെ ആന്തരികചൈതന്യം ഇത്രമാത്രം പ്രവൃദ്ധമായിരുന്ന ഒരു കാലഘട്ടം വേറെയില്ലെന്നുതന്നെ പറയാം. റോമൻ സംസ്കാരത്തോടുള്ള സംഘട്ടനത്തിൽ സഭ ഒരു പ്രതിരോധനിലയാണ് കൈക്കൊണ്ടതു്. ഒന്നിനുപുറകെ ഒന്നായി റോമാസാമ്രാജ്യം അഴിച്ചുവിട്ട മതപീഡനങ്ങളെ അതിജീവിക്കുവാൻ സഭയ്ക്കു കെല്പുണ്ടായതു് അവൾ ഈ കാലഘട്ടത്തിൽ സംഭരിച്ച ആന്തരികമായ ആദ്ധ്യാത്മികപ്രഭാവംകൊണ്ടു മാത്രമാണ്. എന്നാൽ ഈ അഗ്നിപരീക്ഷണങ്ങളെ വിജയപൂർവ്വം തരണംചെയ്തു സഭ നിലനില്ക്കുവാനുള്ള അവളുടെ അവകാശത്തെ ബലിഷ്ഠമായ അടിസ്ഥാനത്തിൽ ഉറപ്പിക്കതന്നെ ചെയ്തു. ഈ കാലഘട്ടം തിരുസ്സഭയുടെ ഉത്ഭവത്തിൻെറയും, പാഷണ്ഡതകൾക്കെതിരായുള്ള വിശ്വാസപ്രഖ്യാപനത്തിൻെറയും പ്രചരണത്തിൻെറയും, ജീവിക്കുവാനുള്ള അവകാശസ്ഥാപനത്തിൻെറയും കാലമാണ്.

മദ്ധ്യയുഗങ്ങൾ ഇതിൽനിന്നും വിഭിന്നമായ ഒരു കാലഘട്ടമാണ്. റോമാസാമ്രാജ്യവും റോമൻ സംസ്കാരവും അന്തർദ്ധാനം ചെയ്തുകഴിഞ്ഞിരുന്നു, പുരാതനവും സ്ഥിരപ്രതിഷ്ഠവുമായ ഒരു സംസ്കാരത്തെ സഭയ്ക്കു നേരിടേണ്ടിയിരുന്നില്ല. നേരേമറിച്ചു ഉത്തരയൂറോപ്പിൽനിന്നും നിഷ്ക്രമിച്ചു റോമാസാമ്രാജ്യത്തെ കീഴടക്കി യൂറോപ്പിൻെറ വിവിധഭാഗങ്ങളിൽ നിലയുറപ്പിച്ചുകഴിഞ്ഞിരുന്ന നൂതനവർഗ്ഗങ്ങളോടാണ് സഭയ്ക്കു് ഇടപെടേണ്ടിവന്നതു്. അവർക്ക് ബലിഷ്ഠമായ ഒരു സംസ്കാരം ഇല്ലായിരുന്നു. പ്രകൃത്യാ സമരപ്രിയരും കൊലയും കൊള്ളിവയ്പും കൊണ്ട് ആധിപത്യം പുലർത്തിയിരുന്നവരുമായ ഈ കിരാതവർഗ്ഗങ്ങളെ തിരുസ്സഭ ക്രിസ്തീയവിശ്വാസത്തിലേക്ക് പരിവർത്തനം ചെയ്യിക്കുകയും അവർക്ക് ക്രിസ്തീയമായ ഒരു പുതിയ സംസ്കാരം പ്രദാനംചെയ്യുകയും ചെയ്തു. ഈ കാലഘട്ടത്തിൽ വ്യക്തികളുടെ ആന്തരികമായ ആത്മീയാഭിവൃദ്ധിയിൽ മാത്രമല്ല തിരുസ്സഭ ശ്രദ്ധചെലുത്തുന്നതു്, പ്രത്യുത സാമൂഹ്യജീവിതത്തിൻെറ ബാഹ്യസരണികളിലേക്കും ക്രിസ്തീയാദർശങ്ങൾ പ്രചരിപ്പിക്കുവാനും അവയുടെ അടിസ്ഥാനത്തിൽ ഒരു ക്രിസ്തീയ സാമൂഹ്യവ്യവസ്ഥിതി കരുപ്പിടിപ്പിക്കുവാനും സഭ അശ്രാന്തപരിശ്രമം ചെയ്യുന്നു. അങ്ങനെ യൂറോപ്പിലെ വിവിധവർഗ്ഗങ്ങളെ സാംസ്കാരികമായ ഐക്യത്തിൽ കൂട്ടിയിണക്കുന്ന പരിശ്രമങ്ങളിൽ തിരുസ്സഭ വിജയം വരിച്ചു. ഈ സംസ്കാരം തികച്ചും ക്രിസ്തീയമായിരുന്നു. രാഷ്ട്രീയകാര്യങ്ങളിലും സാമ്പത്തികസംവിധാനത്തിലും, വൈജ്ഞാനികവും കലാപരവുമായ പുരോഗതിയിലും സാമൂഹ്യസംഘടനയിലും ഭരണകാര്യങ്ങളിലും തിരുസ്സഭ സാർവ്വത്രികമായ സ്വാധീനശക്തി ചെലുത്തുന്നതു് ഈ കാലഘട്ടത്തിലാണ്. മദ്ധ്യയുഗങ്ങളിൽ പാശ്ചാത്യനാഗരികതയുടെ നട്ടുനായകമായി നിലകൊള്ളുന്നതു് തിരുസ്സഭയാണ്.

എന്നാൽപതിന്നാലാംനൂററാണ്ടിനുശേഷം യൂറോപ്പിൻെറ ചിന്താഗതിയിൽ ഒരു വലിയ പരിവർത്തനം സംഭവിക്കുന്നു. നവോത്ഥാനം (Renaissance) എന്ന പേരിൽ അറിയപ്പെടുന്ന നൂതനമായ ആശയപരിവർത്തനപ്രസ്ഥാനം 16-ാംനൂററാണ്ടിലെ മതപരിഷ്കരണ (Reformation) ത്തിനു കളമൊരുക്കുകയും അതോടുകൂടി തിരുസ്സഭയിൽ വിശ്വാസസംബന്ധമായ ഒരു പിളർപ്പു സംഭവിക്കുകയും ചെയ്യുന്നു. ഈ സംഭവത്തിൻെറ പ്രത്യാഘാതങ്ങൾ ഇന്നും നിലച്ചിട്ടില്ല. 16-ാംനൂററാണ്ടിനുശേഷം ഒരു പുതിയ സംസ്കാരം രൂപം പ്രാപിക്കുന്നു. ഈ സംസ്കാരം ഭൗതികതത്വശാസ്ത്രത്തിൽ അധിഷ്ഠിതവും തിരുസ്സഭയുടെ ആദർശങ്ങൾക്കു വിരുദ്ധവുമാണ്. അങ്ങനെ സഭയും സംസ്കാരവും തമ്മിൽഒരു വിടവുണ്ടായിത്തീരുന്നു. ഇന്നും ആധുനികഭൗതികസംസ്കാരം കത്തോലിക്കാസഭയിൽനിന്നും ക്രമപ്രവൃദ്ധമായ രീതിയിൽ അകന്നുപൊയ്ക്കൊണ്ടിരിക്കയാണ്. 16-ാം നൂററാണ്ടിൽ കത്തോലിക്കാസഭാവിരുദ്ധമായ രൂപംപ്രാപിച്ച സംസ്കാരം ക്രമേണ അക്രിസ്തീയവും പിന്നീട് മതനിഷേധകവുമായി പരിണാമം പ്രാപിച്ചുകൊണ്ടിരിക്കയാണ്. ഇന്നു് ഏതാണ്ട് സാർവ്വത്രികമായി വളർന്നുകഴിഞ്ഞിരിക്കുന്ന ഈ ഭൗതികസംസ്കാരം സർവ്വവിധസമരസന്നാഹങ്ങളോടുംകൂടി തിരുസ്സഭയുടെ നേരെ അണിനിരന്നിരിക്കുകയാണ്. മനുഷ്യരാശിയുടെ ഭാവി ഈ സാർവ്വലൗകികസമരത്തിൻെറ ഫലത്തെ ആശ്രയിച്ചിരിക്കുമെന്നുള്ളതിനു സംശയമില്ല. അങ്ങനെ 14-ാം നൂററാണ്ടിനുശേഷം യൂറോപ്പിൽ സംജാതമായ സാംസ്കാരികപരിവർത്തനത്തോടുകൂടി സമാരംഭിച്ച ആധുനിക കാലഘട്ടത്തിലെ ഏററം ഇരുളടഞ്ഞ ഒരു വിപൽസന്ധിയെ മനുഷ്യരാശി തരണംചെയ്തുകൊണ്ടിരിക്കയാണ്.

* സുപ്രസിദ്ധ പ്രാസംഗികനും പണ്ഡിതനുമായ പ്രഫസ്സർ പി. ടി. തോമസ് ഞങ്ങളുടെ അഭ്യർത്ഥനപ്രകാരം തിരുസ്സഭാചരിത്രം സംബന്ധിച്ച് എഴുതിത്തുടങ്ങിയിരിക്കുന്ന ഈ ലേഖനപരമ്പര എല്ലാവരും, വിശിഷ്യ വിദ്യാർത്ഥികൾ, ശ്രദ്ധാപൂർവ്വം വായിക്കുമെന്നു ഞങ്ങൾ പ്രതീക്ഷിക്കുന്നു. കത്തോലിക്കാസഭയുടെ വളർച്ചയെപ്പററി പ്രതിപാദിക്കുന്നതോടൊപ്പം മററു ക്രൈസ്തവസഭകളുടെ ഉത്ഭവത്തെപ്പററിയും "തിരുസ്സഭാചരിത്ര"ത്തിൽ പ്രതിപാദിക്കേണ്ടിവരുന്നതിനാൽ ഈ ലേഖനപരമ്പര കത്തോലിക്കർക്കുമാത്രമല്ല അകത്തോലിക്കർക്കും അത്യന്തം വിജ്ഞാനപ്രദമായിരിക്കും. സെൻറ് ആൽബർട്ട്സ് കോളെജിൽവച്ചു നടത്തിയ സമ്മർസ്കൂളിൽ സഭാചരിത്രം പഠിപ്പിച്ചതു പ്രഫസ്സർ പി. ടി. തോമസ് ആകയാൽ, അദ്ദേഹത്തിൻെറ കീഴിൽ അദ്ധ്യയനം നടത്തിയവർക്ക് പ്രത്യേകിച്ചും ഈ ലേഖനപരമ്പര പ്രയോജനകരമായിരിക്കുമെന്നതിനു സംശയമില്ല. സമ്മർസ്കൂളിൽ ചേർന്നു പഠിക്കുവാൻ ഉദ്ദേശിക്കുന്നവരും ഈ ലേഖനങ്ങൾ നഷ്ടപ്പെടുത്താതെ സൂക്ഷിക്കുന്നതു നന്നായിരിക്കും. പത്രാധിപർ.

---

വും, പൂച്ചും പൂസായും എല്ലാംതന്നെ ഈ കപടത്തിൻെറ വിവിധരൂപത്തിലുള്ള വിലാസങ്ങൾ തന്നെയാണ്. അപകടത്തിൽ പെടാതെ കപടം കാണിക്കുന്നവനാണ് ഇന്നത്തെ ലോകം ഗണിക്കുന്ന മിടുക്കൻ. കൊച്ചുകള്ളംപറയുന്ന, കൊച്ചുകളവുകാണിക്കുന്ന കൊച്ചു കുഞ്ഞ് കൊച്ചുമിടുക്കൻ. ഇതാണ് ഇന്നത്തെ തലതിരിഞ്ഞ ലോകത്തിൻെറ പോക്ക്. "എന്തൊന്നാഹേ, ഈ സത്യം?" അന്യനെ കബളിപ്പിക്കുന്നതും ചൂഷണം ചെയ്യുന്നതും സ്വകാര്യം നേടുന്നതും എന്തൊക്കെയാണ്, അതാണ് ഇന്നത്തെ ലോകത്തിനു സ്വീകാര്യമായിരിക്കുന്നതു്. അങ്ങനെയുള്ള ലോകത്തോട് സനാതനമായ സത്യത്തിൻെറ സാക്ഷ്യം നൽകാൻ പുറപ്പെടുന്നവർക്ക് സഹിക്കേണ്ടിവരുന്ന യാതനകൾ അനിർവ്വാച്യങ്ങളാണ്. അസത്യത്തിനു വിജയവും, സത്യത്തിന് പരാജയവും ചിലപ്പോൾ കണ്ടുവരുന്നല്ലോ. എന്തുകൊണ്ട്? അസത്യത്തിൻെറ വിജയം താല്ക്കാലികമാണ്. സത്യത്തിന് ജീവിക്കാൻ അനന്തതയുടെ അപാരകാലം നിലകൊള്ളുന്നു.

വ്യക്തിക്കു ലഭിച്ചിരിക്കുന്ന സ്വാതന്ത്ര്യം കാരണം, തല്ക്കാലത്തേക്ക് ചിലപ്പോൾ, കള്ളത്തെ വിജയിപ്പിക്കാൻ സാധിച്ചേക്കും, എന്നാൽ ആ കള്ളത്തിൻെറ കുരിശാരോഹണം അതിന് നിർമ്മൂലനാശം വരുത്തുകതന്നെ ചെയ്യും. ആകാശം വീണാലും ഭൂമി പിളർന്നാലും സത്യത്തെ ആദരിക്കണം. സത്യത്തോടുള്ള മതിപ്പ് ഓരോരുത്തർക്കും ശൈശവത്തിലേ ഉണ്ടാകണം. കൊച്ചുകുഞ്ഞിൻെറ കൊച്ചു നുണയും കൊച്ചു കളവുമാണ് വലിയകുഞ്ഞിൻെറകൊള്ളയും കവർച്ചയുമായി പരിണമിക്കുന്നതു്.

സത്യപ്രകാശം ജീവിതത്തിൻെറ എല്ലാം തുറകളിലും എല്ലാ വ്യാപാരവ്യവഹാരങ്ങളിലും ചൈതന്യപൂർണ്ണമായി സഞ്ചരിക്കട്ടെ. അപ്പോൾമാത്രം ഉണ്ടാകും ലോകത്തിന് പ്രശാന്തി.

സനാതനമായ ആ സത്യത്തെ കൊച്ചുകുഞ്ഞിനും വലിയ കുഞ്ഞിനും, കുടിലിനും കൊട്ടാരത്തിനും പ്രദാനംചെയ്യാൻ പര്യാപ്തമായി നിരന്തരം പരിശ്രമിക്കുന്ന "സത്യദീപം" കൈരളി പ്രചരിക്കുന്ന എല്ലാരംഗങ്ങളിലും മഹത്വത്തിൻെറ മണിവിളക്കായി വിജയിക്കട്ടെ!!

---

## വിനോദവീഥി



"ഹോ! കാലു വേദനിച്ചോ! സോറി."

* * *



മെക്കാനിക്ക്: "എന്താ വണ്ടിക്കു തകരാറ്."

കൺട്രാ: "ഒന്നുമില്ല. ഞങ്ങടെ ഡ്റൈവറുസാറിൻെറ പെട്രോൾടാങ്കിലൊരു ഭയങ്കര വേദന."

* * *

ബന്ധുക്കളെച്ചൊല്ലി ആ ഭാര്യാഭർത്താക്കന്മാർ വീണ്ടും കലഹിക്കുകയായിരുന്നു. ഒടുവിൽ കോപാവിഷ്ടനായ ഭർത്താവു ചോദിച്ചു:

"അപ്പോൾ, എനിക്കുള്ളവരെ ആരെയുംപററി ഒരു നല്ലവാക്കു പോലും പറയുവാൻ നിനക്കിഷ്ടമില്ലെന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു്?"

"ഹേയ് അല്ല." ഭാര്യ പറഞ്ഞു. "നിങ്ങളുടെ അമ്മായിഅമ്മ, എൻെറ അമ്മായി അമ്മയെക്കാൾ എത്രയോ നല്ലവളാണ്."

* * *

മജിസ്ട്രേററ്: "ഒരാഴ്ചയിൽത്തന്നെ മൂന്നുപ്രാവശ്യം താനാ വീട്ടിൽ കയറിയെന്നു തെളിഞ്ഞിരിക്കുന്നു. സമാധാനം വല്ലതുമുണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളുക."

കള്ളൻ: "ഞാനെന്തുചെയ്യും ഏമാനേ? ആ പ്രദേശത്തു വീടുകൾ വളരെ കുറവാണെന്നു് ഏമാനു് അറിഞ്ഞുകൂടേ?"

# മാർ ഈവാനിയോസ് തിരുമേനിയുടെ കത്തുകളും പ്രസംഗങ്ങളും

## V. റോമുമായി നടത്തിയ എഴുത്തുകുത്തുകൾ

(ഫാദർ തോമസ്സ് ഇഞ്ചയ്ക്കലോടി)

കത്തോലിക്കാസഭയുമായുള്ള പുനരൈക്യത്തിനുവേണ്ടി ഓർത്തഡോക്സ് സഭയിലെ മെത്രാന്മാരുടെ ആലോചനയോടും പ്രേരണയോടുംകൂടെ അന്ത്യോക്യാ കത്തോലിക്കാ പാത്രിയർക്കീസുമായി മാർ ഈവാനിയോസു തിരുമനസ്സുകൊണ്ടു നടത്തിക്കൊണ്ടിരുന്ന എഴുത്തുകുത്തുകളെപ്പററിയായിരുന്നുവല്ലോ കഴിഞ്ഞ ലേഖനത്തിൽ പ്രതിപാദിച്ചിരുന്നതു്. തന്റെ "ആത്മകഥാകഥന"ത്തിൽ മാർ ഈവാനിയോസു തിരുമേനി തുടർന്നു് എഴുതിയിരിക്കുന്നതു റോമുമായി നടത്തിയിട്ടുള്ള എഴുത്തുകുത്തുകളെപ്പററിയാണ്. എന്നാൽ ആ ഭാഗം ഇവിടെ ഉദ്ധരിക്കുന്നതിനുമുമ്പു് ഓർത്തഡോക്സ് സഭവകയായ "മലങ്കരസഭ" എന്ന മാസികയുടെ ഇക്കഴിഞ്ഞ ജൂലായ് ലക്കത്തിൽ ഫാദർ കെ. പി. പൗലൂസ് ബി. ഡി. "ഫാദർ തോമസുമാരുടെ പുനരൈക്യാലോചനയും റോമായുമായുള്ള എഴുത്തുകുത്തുകളും" എന്ന തലക്കെട്ടിൽ എഴുതിയിരുന്ന ലേഖനത്തെപ്പററി രണ്ടുവാക്കു പറയുന്നതിനുദ്ദേശിക്കുന്നു.

കത്തോലിക്കാസഭാ പുനരൈക്യാർത്ഥം ആദ്യം അന്ത്യോക്യാ പാത്രിയർക്കീസുമായും അനന്തരം റോമാ സിംഹാസനവുമായും നടത്തിയിട്ടുള്ള എഴുത്തുകുത്തുകളെപ്പററി മാർ ഈവാനിയോസു തിരുമേനി ചെയ്തിട്ടുള്ള പ്രസംഗങ്ങളിൽനിന്നും സംഭാഷണങ്ങളിൽനിന്നും സംഗ്രഹിച്ചു് "കത്തോലിക്കാസഭയും യാക്കോബായവാദങ്ങളും" എന്ന ഗ്രന്ഥത്തിൽ വെരി റവ. ഫാദർ തോമസ്സ് വടക്കേരി അവർകളും "കേരളത്തിലെ ക്രൈസ്തവസഭകൾ" എന്ന ഗ്രന്ഥത്തിൽ ഈ ലേഖകനും ചില കാര്യങ്ങൾ എഴുതിയിരുന്നു. ഏതദ്വിഷയകമായി പ്രസ്തുതഗ്രന്ഥങ്ങളിൽ രണ്ടു കാര്യങ്ങളാണു് പ്രധാനമായി ഞങ്ങൾ എഴുതിയിരുന്നതു്. അവ താഴെ ചേർക്കുന്നു:-

1. ഓർത്തഡോക്സ് സഭയിലെ മെത്രാന്മാരുടെ ആലോചനയും പ്രേരണയുമനുസരിച്ചാണ് മാർ ഈവാനിയോസു തിരുമനസ്സുകൊണ്ടു് കത്തോലിക്കാ പുനരൈക്യാർത്ഥം എഴുത്തുകുത്തുകൾ നടത്തിയിട്ടുള്ളതു്.

2 റോമിൽനിന്നും അനുവാദകല്പന ലഭിച്ചപ്പോൾ മാർ ഈവാനിയോസും മാർ തിയോഫിലോസും ഒഴിച്ചുള്ള ഓർത്തഡോക്സ് സഭാമെത്രാന്മാർ ഒഴിഞ്ഞുമാറുകയും കത്തോലിക്കാ പുനരൈക്യത്തിനു വിസമ്മതം പ്രകടിപ്പിക്കയുംചെയ്തു.

ഈ രണ്ടു കാര്യങ്ങളും സുസ്പഷ്ടമായി തെളിയിക്കുന്ന ഒട്ടനേകം കത്തുകളും രേഖകളും ലഭിച്ചിട്ടുള്ളതു മാർ ഈവാനിയോസു തിരുമേനിയുടെ ജീവചരിത്രഗ്രന്ഥത്തിൽ ചേർക്കുന്നതിനാണു് ഉദ്ദേശിക്കുന്നതു്. എന്നാൽ ഇതു സംബന്ധിച്ചു് യാതൊരു രേഖയും കൈവശമില്ലാത്ത ഫാദർ കെ. പി. പൗലൂസ് അവർകൾ ഞങ്ങളുടെ പുസ്തകത്തിലെ ഏതാനും വാചകങ്ങളിൽ ഉണ്ടായിരുന്ന നിസ്സാരവ്യത്യാസങ്ങളെമാത്രം ആസ്പദമാക്കി ഞങ്ങളെ അധിക്ഷേപിച്ചുകൊണ്ടു് തന്റെ ലേഖനത്തിൽ എഴുതിയിരിക്കുന്ന ചില ഭാഗങ്ങൾ ചുവടെ ഉദ്ധരിച്ചുകൊള്ളുന്നു.

"യാതൊരുവിധ കുററവും കുറവും പറയാനില്ലാത്ത ഉൽകൃഷ്ടരായ പിതാക്കന്മാരെ അകാരണമായി ദുരുദ്ദേശപൂർവ്വം അധിക്ഷേപിച്ചു ദോഷാരോപണം ചെയ്യുന്നതു നിശ്ശബ്ദമായി കണ്ടുകൊണ്ടിരിക്കുക മക്കൾക്കു സാദ്ധ്യമല്ലതന്നെ. സകാരണം സ്വസഭയുടെ മേന്മയെ പ്രകീർത്തിക്കുന്നുവെങ്കിൽ അതു ഭൂഷണമാണ്. എന്നാൽ അസത്യവും വക്രതയും ഉപയോഗിച്ചു് ഇതരസഭകളെ അധിക്ഷേപിക്കുകയും സഭാപിതാക്കന്മാരെ ദുഷിക്കുകയും ചെയ്യുന്നതു ഒരു സഭയ്ക്കാകട്ടെ മേല്പട്ടക്കാരനാകട്ടെ പട്ടക്കാരനാകട്ടെ ഭൂഷണമല്ല."

"ഇവരുടെ ഈ പ്രസ്താവനകൾ ദുരുദ്ദേശപൂർണ്ണവും, വഞ്ചനനിറഞ്ഞതും, വകഞ്ഞുകെട്ടിയുണ്ടാക്കിയ വ്യാജങ്ങളും ആണ്."

"സുസ്മരണാർഹനായ മാർ ദിവന്നാസ്യോസു തിരുമേനി, പരിശുദ്ധ ബാവാ തിരുമേനി എന്നിവർ റോമായിൽ ചേരുവാൻ ആലോചിച്ചു എന്നും മററും ആരോപണങ്ങൾ ഉണ്ടാക്കി അവരെപ്പററിയുള്ള മതിപ്പും ബഹുമാനവും ഹനിക്കുവാൻ ഇവർ ഇങ്ങനെ ശ്രമിക്കുന്നതു ദുസ്സഹമായ അസൂയകൊണ്ടല്ലാതെ മററൊന്നുകൊണ്ടുമാണെന്നു് വിചാരിക്കുവാൻ നിവൃത്തി കാണുന്നില്ല."

"ഇങ്ങനെയെല്ലാമിരിക്കെ മറുപടിവന്നപ്പോൾ കേസ്സിൽ അനുകൂലവിധി ലഭിച്ചതുകൊണ്ടു് "കാലുമാററി" എന്നു വ്യാജപ്രചരണം നടത്തി ബഹുവന്ദ്യ വ്യക്തികളെപ്പററി സംശയവും അവിശ്വാസവും ജനിപ്പിക്കുന്നതു് ഒരു സഭയ്ക്കോ മേല്പട്ടക്കാരനോ പട്ടക്കാരനോ യോജിച്ചതാണോ? ഇതാണോ ഒരു സഭയുടെ ശ്രേഷ്ഠാനുമതിയുള്ള ഒരു പ്രസിദ്ധീകരണം ചെയ്യേണ്ടതു്?" ("മലങ്കരസഭ" 1953 ജൂലായ് ലക്കം)

വെരി റവ. ഫാദർ വടക്കേരിയേയും എന്നേയും മനഃപൂർവ്വം അധിക്ഷേപിച്ചുകൊണ്ടും, ദുരുദ്ദേശം, വഞ്ചന, വക്രത, വ്യാജപ്രസ്താവന, അസൂയ ആദിയായ ഒട്ടനേകം ദുർഗ്ഗുണങ്ങൾ അടിസ്ഥാനരഹിതമായി ഞങ്ങളിൽ ആരോപിച്ചുകൊണ്ടും ഓർത്തഡോക്സ് സഭയിലെ ഒരു വൈദികനായ ഫാദർ കെ. പി. പൗലൂസ് എഴുതിയിരിക്കുന്ന പ്രസ്തുതലേഖനത്തിനു അനുയോജ്യമായ ഒരു മറുപടി എഴുതുന്നതു ഞങ്ങളുടെ ആത്മാഭിമാനത്തിനു അശേഷം യോജിച്ചതല്ലായ്കയാൽ ഞങ്ങൾ അതിനു മുതിരുന്നില്ല. എങ്കിലും വൈദികന്മാരെപ്പററി —അതും കത്തോലിക്കാ വൈദികന്മാരെപ്പററി— എഴുതുമ്പോൾ ഉപയോഗിക്കേണ്ട ഭാഷ ഏതുപ്രകാരമുള്ളതായിരിക്കണമെന്നു് ഇനിയുമെങ്കിലും പഠിക്കണമെന്നു ഫാദർ പൗലൂസിനോടു് ഇത്തരുണത്തിൽ അപേക്ഷിക്കുകമാത്രം ചെയ്തുകൊള്ളുന്നു.

അന്ത്യോക്യാ കത്തോലിക്കാ പാത്രിയർക്കീസിന്റെ കീഴിൽ ഇരിക്കുന്നതിനെക്കാൾ ഏതുകൊണ്ടും നല്ലതു റോമാമാർപ്പാപ്പായുടെ നേരിട്ടുള്ള ഭരണത്തിൽ ഇരിക്കുന്നതാണെന്നുള്ള അഭിപ്രായം ഓർത്തഡോക്സ് സഭയിലെ പല നേതാക്കന്മാരും പുറപ്പെടുവിച്ചതിനാൽ റോമാസിംഹാസനവുമായി എഴുത്തുകുത്തുകൾ നടത്തുന്നതിനാണ് പിന്നീടു് മാർ ഈവാനിയോസു തിരുമേനി ഉദ്യുക്തനായതു്. ഇതു സംബന്ധിച്ചു വന്ദ്യ തിരുമേനി "ആത്മകഥാകഥന"ത്തിൽ എഴുതിയിരിക്കുന്നതിൽനിന്നും ചില ഭാഗങ്ങൾ ചുവടെ ഉദ്ധരിച്ചുകൊള്ളുന്നു:-

"അതനുസരിച്ചു് റോമിലേക്കു നാം എഴുതി അയച്ചു. റോമിൽ വൈദികവിദ്യാഭ്യാസം കഴിച്ച ആളും പ്രായാധിക്യംമൂലം സ്വദേശമായ മാവേലിക്കരവന്നു വിശ്രമിച്ചുകൊണ്ടിരുന്ന ആളുമായ ഫാദർ റബേരാ മുഖാന്തിരമാണ് ആദ്യത്തെ കത്തയച്ചതു്. ആ കത്തിന്റെ സാരം ഏതാണ്ടിപ്രകാരമായിരുന്നു.

"മാർത്തോമ്മാശ്ലീഹായാൽ സ്ഥാപിതമായ ഇൻഡ്യയിലെ ക്രിസ്തീയസഭയിൽ ഉൾപ്പെട്ടവരും കേരളനിവാസികളുമായ ഒരു ഭാഗം ജനങ്ങളും അവരുടെ പട്ടക്കാരും മേല്പട്ടക്കാരും ഒരുമിച്ചു് കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുവാൻ ആഗ്രഹിക്കുന്നു. അവർ അന്ത്യോക്യാറീത്തു് അനുസരിച്ചുള്ള പള്ളിച്ചടങ്ങുകൾ അനുസരിക്കുന്നവരാണ്. ഇപ്പോൾ അവർ കാതോലിക്കോസിന്റെ ഭരണത്തിൽ ഇരിക്കുന്നു. കാതോലിക്കോസിനേയും അദ്ദേഹത്തിന്റെ കൂടെയുള്ള മെത്രാന്മാരേയും പട്ടക്കാരേയും ജനങ്ങളേയും കത്തോലിക്കാ പുനരൈക്യത്തിൽ സ്വീകരിക്കുമോ? അവരുടെ അപ്പോസ്തോല കൈവെപ്പിന്റെയും കൂദാശകളുടെയും സാധുതയെ അംഗീകരിക്കുമോ? അന്ത്യോക്യാസഭയുടെ കാനോനാകളും അനുഷ്ഠാനങ്ങളും കേരളത്തിൽ നടപ്പിലിരിക്കുന്ന വിധത്തിൽ സ്വീകരിക്കുമോ? കത്തോലിക്കാ സഭയിൽനിന്നു് വിഭിന്നമായി നില്ക്കുന്ന പൗരസ്ത്യസഭകളെ കൈക്കൊള്ളുന്നതിനും അവരുടെ പൂർവ്വാചാരങ്ങളെ നിലനിർത്തുന്നതിനും തിരുസിംഹാസനം എപ്പോഴും സന്നദ്ധമായിരിക്കുന്നു എന്നു കാണിച്ചു് മുമ്പുള്ള മാർപ്പാപ്പാമാർ പല പ്രാവശ്യം പ്രഖ്യാപനം ചെയ്തിട്ടുള്ളതു് ഞങ്ങൾക്കറിയാം. തിരുസിംഹാസനത്തിന്റെ നയം ഈ വിഷയത്തിൽ ഞങ്ങളെ സംബന്ധിച്ചിടത്തോളം എന്താണ് എന്നറിയുന്നതിലേക്കാണ് ഈ കത്തെഴുതുന്നതു്." എന്നിപ്രകാരം നാം എഴുതിയ കത്തു് നമ്മുടെ പേരുവയ്ക്കാതെയും ഒപ്പിടാതെയും ആണ് ഫാദർ റബേരായെ ഏല്പിച്ചതു്.

ഫാദർ റബേരാ റോമിൽ പ്രോപ്പഗാന്താ കോളേജിൽ പഠിച്ചിരുന്ന കാലത്തു് അദ്ദേഹത്തിന്റെ ഗുരുവായിരുന്ന ഒരാൾ കർദ്ദിനാളായിട്ടുണ്ടെന്നും ആ കർദ്ദിനാൾ മുഖാന്തിരം ഈ കത്തിനു് മറുപടി വരുത്തിത്തരാമെന്നും നമ്മോടു പറഞ്ഞു. പേരുവയ്ക്കാതെ അയച്ച ആ കത്തിനു് റോമിൽനിന്നു് പേരുവയ്ക്കാതെയുള്ള ഒരു മറുപടി വന്നു. ആ മറുപടിക്കത്തിൽ നമ്മുടെ കത്തിൽ ചോദിച്ചിരുന്ന ചോദ്യങ്ങൾക്കു് ഉത്തരമുണ്ടായിരുന്നു. ചരിത്രദൃഷ്ട്യാ കേരളത്തിലെ ഓർത്തഡോക്സ് സഭയിലെ മേല്പട്ടക്കാർക്കു് അപ്പോസ്തോല കൈവയ്പു് ലഭിച്ചിട്ടുണ്ടോ എന്നും കത്തോലിക്കാസഭ സ്വീകരിച്ചിരിക്കുന്ന വിശ്വാസത്തിനും സന്മാർഗ്ഗോപദേശങ്ങൾക്കും വിപരീതമായി ഏതെങ്കിലും വിശ്വാസമോ ഉപദേശമോ കേരളത്തിലെ യാക്കോബായസഭയ്ക്കു് ഉണ്ടോ എന്നും ചോദിച്ചിരുന്നു.

ഈ കത്തിന്റെ മറുപടി നാം പേരുവച്ചുതന്നെ എഴുതി അയച്ചു. യാക്കോബായസഭയ്ക്കു് അപ്പോസ്തോലകൈവയ്പു് ചരിത്രദൃഷ്ട്യാ ഉണ്ടെന്നും യാക്കോബായസഭയിലെ ഒരു പാത്രിയർക്കീസായ അബ്ദുൽ മിശിഹാ പാത്രിയർക്കീസ് കേരളത്തിൽ 1912-ൽ വന്നു് ഒരു മെത്രാപ്പോലീത്തായെ കാതോലിക്കയായി വാഴിച്ചു എന്നും, ആ മെത്രാപ്പോലീത്തായ്ക്കു് മെത്രാപ്പോലീത്താസ്ഥാനം കൊടുത്തതു് 1876-ൽ കേരളം സന്ദർശിച്ച പത്രോസ് തൃതീയൻ എന്ന യാക്കോബായ പാത്രിയർക്കീസ് ആയിരുന്നെന്നും, ഇപ്പോഴുള്ള മെത്രാന്മാർ യാക്കോബായ പാത്രിയർക്കീസിൽനിന്നു് നേരിട്ടോ കാതോലിക്കായിൽനിന്നു് നേരിട്ടോ മെത്രാൻസ്ഥാനം സ്വീകരിച്ചിട്ടുള്ളവരാണെന്നും, ആ കാരണത്താൽ ഇപ്പോൾ ഓർത്തഡോക്സ് സഭയിലുള്ള സകല മെത്രാന്മാരും ശരിയായ കൈവയ്പു് പ്രാപിച്ചിട്ടുള്ളവരാണെന്നും, കേരളത്തിലെ ഓർത്തഡോക്സ് സഭയ്ക്കു് കത്തോലിക്കാവിശ്വാസത്തിനും സന്മാർഗ്ഗോപദേശത്തിനും വിപരീതമായ യാതൊന്നുംഇല്ലെന്നും നമ്മുടെ മറുപടിയിൽ പ്രസ്താവിച്ചിരുന്നു. മേല്പറഞ്ഞ എഴുത്തുകുത്തുകൾ 1926-ലും 1927-ലും ആണ് നടന്നതു്. റോമിൽനിന്നു് അവസാനമറുപടി വന്നതു് 1930 ആഗസ്റ്റ് മാസത്തിലായിരുന്നു. ഇതിനിടയ്ക്കു് സിറിയായിൽ മാർപ്പാപ്പായുടെ അപ്പോസ്തോലിക്കു് ഡെലിഗേററ് ആയിരുന്ന ദേഹത്തിന്റെ പേർക്കു് റോമിൽനി

(ശേഷം 4-ാം പേജിൽ)


# മലബാർ മെയിൽ വിശേഷാൽപ്രതി

## പുസ്തകരൂപത്തിൽ, 1953 നവംബർ ആദ്യ ആഴ്ച്ചയിൽ പ്രസിദ്ധപ്പെടുത്തുന്നു

കത്തോലിക്കാസഭയിൽ, കർദ്ദിനാൾ തിരുസംഘത്തിലെ പ്രമുഖാംഗവും, പൗരസ്ത്യതിരുസംഘത്തിന്റെ സെക്രട്ടറിയുമായ കർദ്ദിനാൾ ടിസ്സറാൻറു് തിരുമേനി 1953 നവംബർമാസത്തിൽ കേരളം സന്ദർശിക്കുന്നതാണല്ലോ. പ്രസ്തുതാവസരത്തിൽ, തിരുമേനിയുടെ ബഹുമാനാർത്ഥം, പുസ്തകരൂപത്തിൽ കമനീയമായ ഒരു വിശേഷാൽപ്രതി പുറപ്പെടുവിക്കുന്നതിനു് മലബാർ മെയിൽ ഉദ്ദേശിക്കുന്നു. തൽസംബന്ധമായ പരിശ്രമങ്ങൾ ധൃതഗതിയിൽ നടന്നുവരികയാണ്. പുസ്തകത്തിന്റെ സൈസ്, ഡെമ്മി നാലിലൊന്നു് (10 ഇഞ്ച് × 8½ ഇഞ്ച്) ആയിരിക്കും. വിജ്ഞാനപ്രദമായ ലേഖനങ്ങൾ, കഥകൾ, കവിതകൾ, വർണ്ണചിത്രങ്ങൾ, ഫോട്ടോകൾ ആദിയായവയോടുകൂടി പുറപ്പെടുന്ന പ്രസ്തുത വിശേഷാൽപ്രതി, ഏററവും കൂടുതൽ വായനക്കാരുടെ പക്കൽ എത്തുന്നതിനുവേണ്ടി, ഒരു കോപ്പിക്കു നാലണ മാത്രമേ വിലയുണ്ടായിരിക്കയുള്ളു. തപാൽമാർഗ്ഗം ബുക്കുപോസ്റ്റായി ഒററ കോപ്പി അയച്ചുകിട്ടുവാനാഗ്രഹിക്കുന്നവർ വിലയും, പോസ്റ്റേജു് 2ണ. യുമടക്കം 6ണ. സ്റ്റാമ്പായോ പണമായോ ആഫീസിലടച്ചു് നേരത്തെ ഏർപ്പാടുചെയ്തിരിക്കണം. ഏജൻറന്മാർ വില മുൻകൂർസഹിതം കോപ്പികൾക്കു് ആവശ്യപ്പെടേണ്ടതാണ്. ഏജൻറന്മാർക്കു് നാലിലൊന്നു കമ്മിഷൻ.

വിശേഷാൽപ്രതിയിൽ ചേർക്കുവാനുള്ള പരസ്യങ്ങൾ എത്രയുംവേഗം ആഫീസിൽ കിട്ടിയിരിക്കേണ്ടതാണ്.

മാനേജർ,
മലബാർ മെയിൽ

# കൽക്കദോനിയാ സൂനഹദോസിന്റെ 15-ാം ശതാബ്ദപൂർത്തി

## പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സിലെ "നിത്യരാജൻ" എന്നാരംഭിക്കുന്ന വിശ്വലേഖനം

(പരിഭാഷകൻ: ഫാദർ തോമസ്സ് വടശ്ശേരി എൽ. ഡി.)

### റോമ്മായിലെ അപ്പൊസ്തോലികസിംഹാസനത്തിൽ മെത്രാന്മാർ അഭയംതേടുന്നു

അക്കാലത്തു ഫ്ളാവിയനും സൈറസിലെ മെത്രാനായ തെയോദോറും തിരുസ്സഭയുടെ അതിശ്രേഷ്ഠാജപാലകനു് എഴുതിയ വിവരങ്ങൾ പ്രസ്താവയോഗ്യമത്രെ. ഫ്ളാവിയൻ ഇപ്രകാരം എഴുതുകയുണ്ടായി:— "മുൻകൂട്ടിയുള്ള ഒരു ദുരാലോചനയാൽ എന്നപോലെ സകലതും എനിക്കെതിരായി നടന്നു. സ്വാഭീഷ്ടപ്രകാരം ദിയസ്കോറോസ് എനിക്കെതിരായി പുറപ്പെടുവിച്ച നീതിവിരുദ്ധമായ വിധിക്കുശേഷം അപ്പോസ്തോലപ്രമുഖനായ പത്രോസിന്റെ സിംഹാസനത്തിലും, അവിടുത്തെ അധീനതയിലുള്ള സാർവ്വത്രികസൂനഹദോസിലും അപ്പീൽ ബോധിപ്പിക്കുന്നെന്നു പ്രസ്താവിച്ച എന്നെ പെട്ടെന്നു സൈനികസംഘം വളയുകയും, പരിശുദ്ധ ബലിപീഠത്തിങ്കൽ അഭയംതേടാൻ ശ്രമിച്ച എന്നെ അതിനു് അനുവദിക്കാതെ ദേവാലയത്തിൽനിന്നു വലിച്ചു പുറത്താക്കുവാൻ ശ്രമിക്കയുംചെയ്തു." (7) തെയോദോറു് ഇപ്രകാരം രേഖപ്പെടുത്തി:— "സത്യപ്രഭാഷകനായ പൗലോസ്......മഹാനായ പത്രോസിന്റെ അടുക്കൽ അഭയംപ്രാപിച്ചെങ്കിൽ......വിനീതരും നിസ്സാരന്മാരുമായ ഞങ്ങൾ സഭകളുടെ മുറിവുകൾക്കു പ്രതിവിധി ലഭിക്കുന്നതിനു് അവിടുത്തെ അപ്പോസ്തോലികസിംഹാസനത്തിൽ കൂടുതലായി അഭയംതേടുന്നു. എന്തുകൊണ്ടെന്നാൽ എല്ലാവരുടെമേലും പരമാധികാരം പ്രയോഗിക്കുക എന്നതു അവിടുത്തെ അവകാശമാകുന്നു......അവിടുത്തെ അപ്പോസ്തോലികസിംഹാസനത്തിന്റെ തീരുമാനം ഞാൻ പ്രതീക്ഷിച്ചിരിക്കുന്നു......സർവ്വോപരി ന്യായരഹിതമായ ഈ സ്ഥാനഭ്രംശത്തിൽ ഞാൻ ശാന്തനായിരിക്കണമോ വേണ്ടയോ എന്നതു സംബന്ധിച്ചു് എനിക്കു ഉപദേശം നൽകണമെന്നു് അവിടുത്തോടു ഞാൻ അപേക്ഷിക്കുന്നു. അവിടുത്തെ തീരുമാനത്തെ ഞാൻ പ്രതീക്ഷിച്ചിരിക്കുന്നു." (8)

### മഹാനായ വി. ലെയോൻ മാർപ്പാപ്പായുടെ ഇടപെടൽ

ലജ്ജാവഹമായ ഈ മാലിന്യത്തെ മാർജ്ജനം ചെയ്യുന്നതിനുവേണ്ടി സങ്കടകരമായ ഈ സ്ഥിതിഗതികൾക്കു പ്രതിവിധി പ്രയോഗിക്കയും, എഫേസൂസിൽ ചെയ്യപ്പെട്ട വിക്രിയകളെ പരിഹരിക്കത്തക്ക ഒരു സൂനഹദോസു് ഇറ്റലിയുടെ അതിർത്തികൾക്കുള്ളിൽ വിളിച്ചുകൂട്ടുകയും ചെയ്യണമെന്നു നിർബ്ബന്ധപൂർവ്വകമായ ലേഖനങ്ങൾ മുഖേന തെയൊദോസീയോസിനെയും പുൾക്കേറിയായെയും പല പ്രാവശ്യം ലെയോൻ പ്രേരിപ്പിക്കയുണ്ടായി. ഒരവസരത്തിൽ പല മെത്രാന്മാരാൽ പരിസേവിതനായി ലെയോൻ വലെന്റീനിയൻ തൃതീയനെയും, അദ്ദേഹത്തിന്റെ മാതാവായ ഗാല്ലാ പ്ലാച്ചിദിയായെയും, അദ്ദേഹത്തിന്റെ ഭാര്യയായ എവുദോക്സിയായെയും വത്തിക്കാൻ മന്ദിരത്തിൽ സ്വീകരിക്കയും, സഭയിൽ വർദ്ധിച്ചുകൊണ്ടിരുന്ന ദുരിതത്തിനു താമസംവിനാ അവക്കു സാദ്ധ്യമാകുന്നിടത്തോളം പരിഹാരം വരുത്തുന്നതിനുള്ള മാർഗ്ഗം ഉണ്ടാക്കണമെന്നു് അശ്രുകണങ്ങളോടുകൂടിയ അഭ്യർത്ഥനയാൽ അവരെ പ്രേരിപ്പിക്കയും ചെയ്തു ഇക്കാര്യം സംബന്ധിച്ചു് വലെന്റീനിയൻ ചക്രവർത്തിയും രാജ്ഞിമാരും തെയൊദോസീയോസ് ചക്രവർത്തിക്കു എഴുതിയെങ്കിലും യാതൊരു ഫലവും ഉണ്ടായില്ല. കൗടില്യത്താലും വഞ്ചനയാലും ആവൃതനായ തെയൊദോസീയോസ് ഈ അക്രമപ്രവൃത്തികളെയൊന്നും ശരിപ്പെടുത്തിയില്ല. അദ്ദേഹം അവിചാരിതമായി മരണംപ്രാപിച്ചതിനെ തുടർന്നു് അദ്ദേഹത്തിന്റെ സഹോദരിയായ പുൾക്കേറിയാ സാമ്രാജ്യാധികാരം കൈയേല്ക്കുകയും, അവർ മാർസിയനെ തന്റെ ഭർത്താവും സഹഭരണാധികാരിയുമായി സ്വീകരിക്കയും ചെയ്തു. ഇവർ രണ്ടുപേരും ദൈവഭക്തിയിലും ബുദ്ധിസാമർത്ഥ്യത്തിലും സംപൂജിതരാണു്. തദവസരത്തിൽ, കർത്താവിന്റെ മനുഷ്യാവതാരത്തെ സംബന്ധിച്ച ലെയോൻ ഫ്ളാവിയനു് അയച്ചിരുന്ന ലേഖനം ഫ്ളാവിയന്റെ മെത്രാസനത്തിൽ ദിയസ്കോറോസ് സ്വാഭിപ്രായപ്രകാരം നിയമിച്ചിരുന്ന അനത്തോളിയസ് സ്വീകരിച്ചു് ഒപ്പുവയ്ക്കുകയുണ്ടായി; ഫ്ളാവിയന്റെ സംപൂജ്യാവശിഷ്ടങ്ങൾ അത്യാഡംബരപൂർവ്വം കോൺസ്റ്റൻറിനോപ്പിളിലേക്കു മാററി സ്ഥാപിക്കപ്പെട്ടു; സ്ഥാനഭ്രഷ്ടരാക്കപ്പെട്ട മെത്രാന്മാർ സ്വസ്ഥാനങ്ങളിൽ പുനഃപ്രതിഷ്ഠിതരായി; എവുത്തിക്കോസിന്റെ അബദ്ധോപദേശം വളരെ വ്യാപകമായി നിരസിക്കപ്പെട്ടിരുന്നതിനാലും, അതിലും പ്രത്യേകിച്ചു് അപരിഷ്കൃതജാതികളുടെ ആക്രമണങ്ങൾ റോമ്മാസാമ്രാജ്യത്തിന്റെ സുരക്ഷിതാവസ്ഥയെ ഭീഷണിപ്പെടുത്തിയിരുന്നതിനാലും ഒരു പുതിയ സൂനഹദോസു് കൂടേണ്ട ആവശ്യംതന്നെ ഇല്ലാതായി. എന്നിരുന്നാലും ചക്രവർത്തിയുടെ ആഗ്രഹപ്രകാരം മാർപ്പാപ്പായുടെ അനുമതിയോടുകൂടി ഒരു സൂനഹദോസു് നടത്തപ്പെട്ടു.

### കൽക്കദോനിയാസൂനഹദോസും പരമാധികാരവും

കൽക്കദോനിയാ എന്നു പറയുന്നതു് ബിത്തീനിയായിൽ ത്രാസ്യൻ ബോസ്ഫറസിനു സമീപമുള്ളതും, മറുകരയിലുള്ള കോൺസ്റ്റൻറിനോപ്പിളിൽനിന്നു നോക്കിയാൽ കാണാവുന്നതുമായ ഒരു നഗരമായിരുന്നു. ഈ നഗരത്തിന്റെ പരിസരത്തിൽ കന്യകയും രക്തസാക്ഷിണിയുമായ വി. എവുഫേമിയായുടെ നാമധേയത്തിലുള്ള വിശാലമായ ദേവാലയത്തിൽ ഒക്ടോബർ 8-ാംനു അറുനൂറോളം പിതാക്കന്മാർ സമ്മേളിച്ചു. ആഫ്രിക്കായിൽനിന്നു രണ്ടു അഭയാർത്ഥികളൊഴിച്ചു ബാക്കിയുള്ളവരെല്ലാം പൗരസ്ത്യദേശീയരും ഇതേ ഉദ്ദേശ്യത്തോടുകൂടി നിക്യായിൽ ഒരുമിച്ചുകൂടിയശേഷം വന്നവരുമായിരുന്നു.

സമ്മേളനരംഗത്തിന്റെ മദ്ധ്യഭാഗത്തു സുവിശേഷഗ്രന്ഥം വയ്ക്കപ്പെട്ടു. മദ്ബഹായുടെ മുൻഭാഗത്തു ചക്രവർത്തിയുടെയും ആലോചനാസമിതിയുടെയും 19 പ്രതിനിധിമാർ സ്ഥലം പിടിച്ചു. മാർപ്പാപ്പായുടെ പ്രതിനിധിമാർ അതിവപരിശുദ്ധരായ സിസിലിയിൽ ലിലിബേയമിലെ പസ്കാസിനൂസ് മെത്രാൻ, അസ്കോളിയിലെ ലുക്കേൻസിയൂസ് മെത്രാൻ, ബൊനിഫാസ്, ബസേലിയോസ് എന്ന രണ്ടു പട്ടക്കാർ എന്നിവരായിരുന്നു. ഇവരെ സഹായിക്കുന്നതിനു കോസിലെ മെത്രാനായ ജൂലിയോസും ഇവരോടുകൂടിയുണ്ടായിരുന്നു. മെത്രാന്മാരുടെ ഗണത്തിൽ റോമ്മാമാർപ്പാപ്പായുടെ പ്രതിനിധിമാർ പ്രഥമസ്ഥാനങ്ങളിൽ ഉപവിഷ്ടരായി. ആദ്യം പേർപറയപ്പെട്ടവരും, ആദ്യം സംസാരിച്ചവരും, ആദ്യം സൂനഹദോസു നിശ്ചയങ്ങളിൽ ഒപ്പുവച്ചവരും അവരായിരുന്നു. പ്രാതിനിധ്യസ്ഥാനത്താൽ അവക്കു ലബ്ധമായ അധികാരം പ്രയോഗിച്ചു മററുള്ളവരുടെ അഭിപ്രായങ്ങളെ അവർ സ്ഥിരീകരിക്കയോ നിരാകരിക്കയോ ചെയ്തുവന്നിരുന്നു. ഇക്കാര്യം ദിയസ്കോറോസിനെ സംബന്ധിച്ച നടന്ന വിധിയെ സ്ഥിരീകരിച്ചുകൊണ്ടു പ്രതിനിധിമാർ പറഞ്ഞ ഈ വാക്കുകളിൽനിന്നു പ്രസ്പഷ്ടമാകുന്നുണ്ടു :- "മഹനീയവും പുരാതനവുമായ റോമ്മാനഗരത്തിലെ അതിവിശുദ്ധനും അനുഗൃഹീതമെത്രാപ്പോലീത്തായുമായ ലെയോൻ ഞങ്ങൾ മുഖേനയും ഈ വിശുദ്ധ സൂനഹദോസു് വഴിയായും, സാർവ്വത്രികസഭയ്ക്കു പാറയും അടിത്തറയും സത്യവിശ്വാസത്തിനു് അടിസ്ഥാനവും എത്രയും അനുഗൃഹീതനും സ്തുത്യർഹനുമായ പത്രോസ് അപ്പോസ്തലനോടുകൂടി യോജിച്ചുകൊണ്ടു മെത്രാൻസ്ഥാനത്തുനിന്നും പൗരോഹിത്യപരമായ എല്ലാ കർമ്മങ്ങളിൽനിന്നും ദിയസ്കോറോസിനെ മാററിയിരിക്കുന്നു." (9)

ഇതിനുംപുറമേ, മാർപ്പാപ്പായുടെ പ്രതിനിധിമാർ സൂനഹദോസിൽ ആദ്ധ്യക്ഷം വഹിക്കുക എന്ന അധികാരം പ്രയോഗിക്കുകമാത്രമല്ല അങ്ങനെ ആദ്ധ്യക്ഷം വഹിക്കുന്നതിലുള്ള ബഹുമാനാവകാശങ്ങൾ സൂനഹദോസിലെ പിതാക്കന്മാരെല്ലാം എതിർപ്പുകൂടാതെ സ്വീകരിച്ച എന്നുള്ള വസ്തുതയും സൂനഹദോസു് ലെയോൻ മാർപ്പാപ്പായ്ക്കു അയച്ച ലേഖനത്തിൽനിന്നു സ്പഷ്ടമായി തെളിയുന്നുണ്ടു്. ആ ലേഖനത്തിൽ അവർ ഇങ്ങനെ പറയുന്നു:- "അങ്ങയുടെ സന്മനോഭാവത്തെ പ്രകടമാക്കിക്കൊണ്ടു് അംഗങ്ങളുടെമേൽ ശിരസ്സു് എന്നപോലെ അവിടുത്തെ പ്രാതിനിധ്യം വഹിച്ചവർ വഴിയായി വാസ്തവത്തിൽ അവിടുന്നുതന്നെ (സൂനഹദോസിൽ) ആദ്ധ്യക്ഷം വഹിച്ചു." (10)

സൂനഹദോസിന്റെ നടപടികളിൽ ഓരോന്നിനെയും പ്രത്യവലോകനം ചെയ്യുകയല്ല, പ്രവൃത്ത സത്യം വെളിപ്പെടുത്തുന്നതിനും പരിശുദ്ധമായതിനോടുള്ള ബഹുമാനം വർദ്ധിപ്പിക്കുന്നതിനും ഉതകുന്നിടത്തോളം പ്രധാനപ്പെട്ട സംഗതികളെ സംക്ഷിപ്തമായി പരാമർശിക്കുക മാത്രമാണു നമ്മുടെ ഉദ്ദേശ്യം. അപ്പോസ്തോലികസിംഹാസനത്തിന്റെ സ്ഥാനമാഹാത്മ്യത്തെ സംബന്ധിച്ചുള്ള പ്രശ്നം അന്തർഭവിച്ചിരിക്കുക നിമിത്തം ആ സൂനഹദോസിന്റെ 28-ാം കാനോനെ (നിയമത്തെ)പ്പററി മൗനം അവലംബിക്കുവാൻ നമുക്കു നിവൃത്തിയില്ല. ആ കാനോനിലാവട്ടെ സാമ്രാജ്യതലസ്ഥാനസ്ഥിതമെന്നനിലയിൽ കോൺസ്റ്റൻറിനോപ്പിളിലെ മെത്രാസനത്തിനു റോമ്മാസിംഹാസനം കഴിഞ്ഞാൽ ബഹുമാനത്തിൽ ദ്വിതീയസ്ഥാനം ആരോപിതമായിരിക്കുന്നു. റോമ്മാസിംഹാസനത്തിന്റെ ദൈവദത്തവും സുനിശ്ചിതമായി പരിഗണിക്കപ്പെട്ടിരുന്നതുമായ അധികാരപ്രാഥമ്യത്തിനു വിരുദ്ധമായി ആ കാനോൻമുഖേന യാതൊന്നും ചെയ്യപ്പെട്ടിരുന്നില്ലെങ്കിലും മാർപ്പാപ്പായുടെ പ്രതിനിധിമാരുടെ അസാന്നിദ്ധ്യത്തിലും അവരുടെ ആഗ്രഹത്തിനു വിപരീതമായും രഹസ്യത്തിൽ രൂപവൽക്കരിക്കപ്പെട്ട പ്രസ്തുത കാനോൻ നിയമപരമായി യാതൊരു പ്രാബല്യവും ഇല്ലാത്തതും, വി. ലെയോൻ മാർപ്പാപ്പായാൽ പല ലേഖനങ്ങൾമൂലം നിരസിക്കപ്പെട്ട ശപിക്കപ്പെട്ടിട്ടുള്ളതുമായ ഒന്നത്രെ. എന്നുമാത്രമല്ല, ആ കാനോനെ അസാധുവാക്കിക്കൊണ്ടുള്ള ലെയോൻ മാർപ്പാപ്പായുടെ വിധിയോടു മാർസിയൻ ചക്രവർത്തിയും പുൾക്കേറിയാ രാജ്ഞിയും പരിപൂർണ്ണമായി യോജിച്ചിട്ടുമുണ്ടു്. കോൺസ്റ്റൻറിനോപ്പിൾ പാത്രിയർക്കീസായ അനത്തോളിയസ്സുപോലും ഈ കാനോനാ നിർമ്മിച്ചതിൽ കാണിച്ചിട്ടുള്ള ധാർഷ്ട്യത്തെ ക്ഷമാപണം ചെയ്തും മാർപ്പാപ്പായുടെ ആ വിധിയോടു യോജിച്ചും ഇങ്ങനെ എഴുതിയിരിക്കുന്നു:- "കൽക്കദോനിയായിൽ അടുത്തകാലത്തു സമ്മേളിച്ച പൊതുസൂനഹദോസിൽവച്ചു കോൺസ്റ്റൻറിനോപ്പിൾ സിംഹാസനത്തിനു് അനുകൂലമായി നിശ്ചയിക്കപ്പെട്ട കാര്യങ്ങളെ സംബന്ധിച്ചു് എന്നിൽ യാതൊരു കുററവുമില്ലെന്നു പരിശുദ്ധനായ അവിടുന്നു് അറിഞ്ഞാലും.....കോൺസ്റ്റൻറിനോപ്പിൾ സഭയിലെ അതിവന്ദ്യവൈദികരാണു് ഇക്കാര്യത്തിൽ താല്പര്യം കാണിച്ചിട്ടുള്ളതു്......ഇപ്രകാരം ചെയ്തിട്ടുള്ള നിശ്ചയങ്ങളുടെ സകല സാധുതയും സ്ഥിരീകരണവും പരിശുദ്ധനായ അവിടുത്തെ അധികാരത്തിൽനിന്നു മാത്രമുള്ളതാണല്ലോ". (11) (തുടരും)

(7) Schwartz, "Acta Conciliorum Oecumenicorum," 2. Vol. 2, pars prior, p. 78.

(8) Theodore to Leo the Great (Ep. 52, 1. 5. 6: PL 54, 847 and 851; cf. PG 83, 1311 s. and 1315 s.)

(9) Mansi, "Consiliorum amplissima Clolectro," 6, 1047 (Act. 3); Schwartz, 2, Vol. 1. Pars altera, P. 29 (225).

(10) Council of Chalcedon to Leo the Great (Ep. 98, 1; PL 54, 951; Mansi, 6, 147).

(11) Anatolius to Leo the Great (Ep. 132, 4; PL 54: 1084; Mansi, 6 278 s.)

(3-ാംപേജ് തുടർച്ച)

നു് എഴുതി അയക്കുകയും കേരളത്തിലെ ഓർത്തൊഡോക്സ് സഭയിലെ മേല്പട്ടസ്ഥാനത്തിന്റെ സാധുത്വത്തെപ്പററി ആരായുകയുംചെയ്തു. നമ്മുടെ കത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളെ അദ്ദേഹം ശരിവച്ച എന്നുള്ള വിവരം 1932-ൽ നാം 11-ാം പീയൂസ് മാർപ്പാപ്പായെ സന്ദർശിച്ചപ്പോൾ പൗരസ്ത്യതിരുസംഘത്തിന്റെ സെക്രട്ടറിമാരിൽ ഒരാൾ നമ്മോടു് പറയുകയും സിറിയായിലെ ഡെലഗാറ്റ് അപ്പൊസ്തോലിക്കായുടെ റിപ്പോർട്ടിന്റെ ഒരു പകർപ്പു് നമുക്കു് തരുകയുംചെയ്തു......

രണ്ടാമത്തെ കാതോലിക്കാസു് കാലംചെയ്യുന്നതിനു് മുമ്പുതന്നെ മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്തായുടെ മുടക്കു് സ്വാഭാവനീതിക്കു് വിരുദ്ധമായതിനാൽ അസാധുവാണെന്നു് തിരുവിതാംകൂർ ഹൈക്കോടതിയിൽ വിധിയുണ്ടായി. ചീഫ് ജസ്റ്റിസ് ആയിരുന്ന ചാററ്ഫീൽഡ് ആണു് ആ വിധി പ്രസ്താവിച്ചതു്. വട്ടിപ്പണക്കേസു് തോററുകിടന്ന കാലത്തു് കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുവാൻ അനുകൂലിച്ചിരുന്നവരിൽ പലരും വട്ടിപ്പണക്കേസു് ജയിച്ചതിന്റെശേഷം ആ അഭിപ്രായത്തിൽനിന്നു് പിന്മാറുകയാണുണ്ടായതു.

1105-ൽ സുറിയാനിക്കണക്കിൽ കന്നിമാസം 14-ാംനു- സ്ലീബാപ്പെരുനാൾ ദിവസം നാം പരുമല സെമ്മിനാരിയിൽ വി. കർബാനയിൽ സംബന്ധിച്ചു. കർബാനകഴിഞ്ഞു മദ്ബഹായിൽനിന്നു് നാമും മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്തായുമൊരുമിച്ചു് സെമ്മിനാരി കെട്ടിടത്തിലെ രണ്ടാമത്തെ നിലയിൽ തെക്കെ അററത്തെ മുറിയിൽ പോകുകയും അവിടെവച്ചു് സഭാസംഗതികൾ സംബന്ധിച്ചും, കത്തോലിക്കാ പുനരൈക്യത്തിന്റെ ആവശ്യകതയെ സംബന്ധിച്ചും സംസാരിക്കയുമുണ്ടായി. അദ്ദേഹം മുമ്പിട്ടുനിന്നു് പ്രവർത്തിക്കണമെന്നും, ജനങ്ങളെയെല്ലാം ദൈവഭക്തികൂടുതൽ മാർഗ്ഗങ്ങളിൽ നയിക്കുന്നതിനു അദ്ദേഹത്തിന്റെ നേതൃത്വം ആവശ്യമാണെന്നും, അദ്ദേഹം മുന്നിട്ടു പ്രവർത്തിക്കുന്നപക്ഷം നാമും അദ്ദേഹത്തെ അനുഗമിച്ചു സർവ്വപരിശ്രമങ്ങളും ചെയ്യാമെന്നും കണ്ണീരോടുകൂടിപ്പറഞ്ഞു. നമ്മെ അടുക്കൽവിളിച്ചു ഇരുത്തിക്കൊണ്ടു് നാം കരച്ചിൽ അടക്കണമെന്നും മനസ്സാന്തതയോടുകൂടി ഇക്കാര്യത്തിൽ ഇരിക്കണമെന്നും നമ്മെ ഗുണദോഷിച്ചു അല്പ കഴിഞ്ഞു സെമ്മിനാരി കെട്ടിടത്തിൽ രണ്ടാംനിലയിൽ വടക്കെ അററത്തെ മുറിയിൽ ഞങ്ങൾ ഒരുമിച്ചു് ഭക്ഷണത്തിനായി കൂടി. ആ സമയം നമ്മുടെ കണ്ണിൽനിന്നു് കണ്ണുനീർത്തുള്ളികൾ നമ്മുടെ മുമ്പിൽ കരുതിവച്ചിരുന്ന പാത്രത്തിൽ വീഴുന്നതു കണ്ടപ്പോൾ നമ്മുടെ വാല്യക്കാരനായ ചാക്കോയെയും അദ്ദേഹത്തിന്റെ വാല്യക്കാരൻ ദാനിയേലിനേയും അദ്ദേഹം മുറിക്കു പുറത്തേക്കു് പറഞ്ഞയക്കുകയും, ഞങ്ങൾ ഇരുവരും ഒരക്ഷരവും സംസാരിക്കാതെ ഇരുന്നു പ്രഭാതഭക്ഷണവും കഴിഞ്ഞു് അവരവരുടെ മുറികളിലേക്കു് പോകുകയും ചെയ്തു. ഉച്ചഭക്ഷണം വെവ്വേറെ കഴിച്ചു. ഉച്ചകഴിഞ്ഞു് അദ്ദേഹത്തിന്റെ അടുക്കലേക്കു് നമ്മെ ക്ഷണിക്കുകയും കത്തോലിക്കാസഭയുമായുള്ള പുനരൈക്യത്തെപ്പററി ഞങ്ങൾ സംസാരിക്കുകയും ചെയ്തു. ഓർത്തൊഡോക്സ് സഭയെന്ന പേരു് സ്വീകരിച്ച യാക്കോ

ബായ മെത്രാൻകക്ഷിയിൽപ്പെട്ട സകല മെത്രാന്മാരും പട്ടക്കാരും ജനങ്ങളുമൊരുമിച്ച് കത്തോലിക്കാസഭയിൽ യോജിക്കണമെന്നായിരുന്നു നമ്മുടെ അഭിപ്രായം. കത്തോലിക്കാ പുനരൈക്യത്തിനു് അധികം ആളുകളും വഴിപ്പെടുകയില്ലെന്നും, പള്ളികളും സ്വത്തുക്കളും അവർ ഉപേക്ഷിച്ചു പോകയില്ലെന്നും, അഥവാ ഉപേക്ഷിക്കുന്നപക്ഷം അവയെല്ലാം എതിർകക്ഷിയായ പാത്രിയർക്കീസ് കക്ഷിക്കു് കിട്ടുമെന്നും, വട്ടിപ്പണക്കേസ്സ് ജയിച്ചിരിക്കുന്ന സ്ഥിതിക്കു് പഴയ സെമ്മിനാരിയും പരുമലസെമ്മിനാരിയും മററും ഉപേക്ഷിച്ചു പോകുന്നതിനു് അദ്ദേഹത്തിനു് സന്നദ്ധത ഇല്ലെന്നും നാം ഗ്രഹിച്ചു. "മരിക്കുമ്പോൾ ഇതെല്ലാം വിട്ടുപോകേണ്ടിവരുമല്ലോ" എന്നുള്ളതായിരുന്നു നമ്മുടെ ചിന്ത. ഈ പ്രശ്നത്തെപ്പററി വീണ്ടും ആലോചിച്ചു് നമ്മോടു് മറുപടി പറയാമെന്നു് അദ്ദേഹം സമ്മതിച്ചു.

അല്പദിവസം കഴിഞ്ഞു് അദ്ദേഹം തിരുവനന്തപുരത്തു് എത്തി ഞങ്ങൾ തമ്മിലുണ്ടായ സംഭാഷണവിവരം ഇലഞ്ഞിക്കൽ ജോൺവക്കീലിനോടു് പറഞ്ഞു. ജോൺവക്കീലിന്റെ തിരുവനന്തപുരത്തുള്ള വീട്ടിൽ അദ്ദേഹം പോകുകയും "ബഥനി മെത്രാച്ചൻ റോമായിൽ പോകുവാൻ തുടങ്ങുന്നു" എന്നു് സങ്കടപ്പെട്ടു് ജോൺവക്കീലിനോടു് പറയുകയും അദ്ദേഹത്തിന്റെ ആവശ്യപ്രകാരം ജോൺവക്കീൽ നമ്മുടെപേർക്കു് ഒരു കത്തു് അയക്കുകയും ചെയ്തു. ആ കത്തിൽ റോമൻ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുന്നതിനു് അദ്ദേഹത്തിനു് *സമ്മതമില്ലെന്നും, നാം ആ അഭിപ്രായം ഉപേക്ഷിക്കണമെന്നും, നാം പോകുന്നപക്ഷം ബഥനിപള്ളികൾ റോമാസഭയിൽ ചേരുവാൻ ഇടയുള്ളതുകൊണ്ടു് മേലാൽ ബഥനിപള്ളികൾ വയ്ക്കാതിരിക്കണമെന്നുമാണു് അദ്ദേഹത്തിന്റെ അഭിപ്രായമെന്നും എഴുതിയിരുന്നു. ഇതിന്റെ മറുപടി അദ്ദേഹത്തിനു നേരിട്ടു കിട്ടുവാൻ തക്കവണ്ണം അദ്ദേഹത്തിന്റെ സഹോദരപുത്രനായ മി. വി. ഏ. വറുഗീസ് B. A. L. T. മുഖാന്തിരം നാം അയച്ചു. അനന്തരം അദ്ദേഹവും മൂന്നാമത്തെ കാതോലിക്കോസ് മാർ ബസ്സേലിയോസും കൂടി സെമ്മിനാരിയിൽ കൂടി നമ്മെ റോമാസഭയിലേക്കു് വിടാതിരിക്കുന്നതിനും നാം പോകുന്നപക്ഷം ഒരു വിഷമസന്ധി എങ്ങനെ നേരിടണമെന്നും ആലോചിച്ചു. അനന്തരം കാതോലിക്കാബാവാ അന്നു നാം താമസിച്ചിരുന്ന തിരുവല്ലാതിരുമൂലപുരം ബഥനി ആശ്രമത്തിൽ നമ്മെ കാണ്മാനായി വന്നു. സഭയുടെ ഭാവിശ്രേയസ്സിനു് കത്തോലിക്കാസഭയുമായുള്ള പുനരൈക്യം ആവശ്യമാണെന്നു് നാം അദ്ദേഹത്തോടു് പറഞ്ഞു. മേല്പട്ടക്കാർ തമ്മിൽ കൂടുമ്പോൾ ഉള്ള പരസ്പരചുംബനം കൂടാതെയാണു് ഞങ്ങൾ തമ്മിൽ കണ്ടതും അദ്ദേഹം യാത്രപറഞ്ഞു് പോയതും.

പുനരൈക്യപ്പെടുന്ന മേല്പട്ടക്കാരെ അവരവരുടെ സ്ഥാനങ്ങളിലും ഭരണാധികാരത്തിലും സ്വീകരിച്ചുകൊള്ളാമെന്നും മലങ്കര സുറിയാനിസഭയുടെ അന്ത്യോക്യൻ റീത്തു് നിലനിറുത്തി തന്നുകൊള്ളാമെന്നും സമ്മതിച്ചുകൊണ്ടു് റോമായിൽവച്ചു് അത്യുന്നത കർദ്ദിനാൾമാരുടെ സംഘത്തിൽവച്ചു് ചെയ്ത തീരുമാനത്തെ മാർപ്പാപ്പാ അംഗീകരിച്ചിരിക്കുന്നു എന്ന കത്തു് കൊല്ലം ബിഷപ്പ് ബെൻസിഗർ തിരുമേനി നമ്മുടെപേർക്കു് അയച്ചുതന്നു. ആ കത്തു് കിട്ടിയശേഷം മൂന്നാമത്തെ മാർ ബസ്സേലിയോസ് കാതോലിക്കാ ബാവായെയും മററു മെത്രാന്മാരെയും നാം സന്ദർശിച്ചു. കാതോലിക്കാബാവാ പുനരൈക്യത്തിനു് സമ്മതമില്ല എന്നു് നമ്മോടു് പറഞ്ഞു. വടശ്ശേരിൽ മാർ ദീവന്നാസ്യോസ്സ് മെത്രാപ്പോലീത്തായുടെ അഭിപ്രായവും പ്രതികൂലമായിരുന്നു. പാമ്പാടിയിൽ കുര്യാക്കോസ് മാർ ഗ്രിഗോറിയോസ് എപ്പിസ്കോപ്പാ നമ്മോടു് പറഞ്ഞതു് ഓർത്തഡോക്സ് സഭയിൽനിന്നു് ഇളകുന്നപക്ഷം യാക്കോബായ പാത്രിയർക്കീസിനോടു് ചേരുന്നതിനാണു് അദ്ദേഹത്തിനു് സമ്മതം എന്നായിരുന്നു. മാർ തിയോഫിലോസ് എപ്പിസ്കോപ്പാ കത്തോലിക്കാസഭയിൽ ചേരുന്നതിനു് സന്നദ്ധനാണെന്നും പറഞ്ഞു. അനന്തരം ബെൻസിഗർ ബിഷപ്പിനെ നാം കാണുകയും നമ്മേയും കൂടെയുള്ളവരേയും സ്വീകരിപ്പാൻ-മാർപ്പാപ്പായുടെ പ്രതിനിധിയായി സ്വീകരിപ്പാൻ-അദ്ദേഹത്തിനു് അധികാരം ലഭിച്ചിട്ടുള്ളതായി അറിയുകയും ചെയ്തു. പൗരസ്ത്യസഭയുടെ ജൂലിയൻ പഞ്ചാംഗം അനുസരിച്ചു് നമ്മുടെ ജനനദിവസമായ കന്നിമാസം 8-ാംതീയതി ദൈവമാതാവിന്റെ ജനനപ്പെരുന്നാൾ (1930 സെപ്റ്റംബർ 21-ാംതീയതി) കത്തോലിക്കാസഭാംഗമായി ആദ്യകുർബാന ചൊല്ലുവാൻ നാം ആഗ്രഹിക്കുന്നു എന്നും അതിന്റെ തലേദിവസം പുനരൈക്യപ്പെടുവാൻ തയ്യാറായിരിക്കുന്നുവെന്നും അദ്ദേഹത്തെ അറിയിക്കുകയും അപ്രകാരം തീരുമാനിക്കുകയും ചെയ്തു." (ആത്മകഥാകഥനം)

* മാർ ദീവന്നാസ്യോസുമെത്രാപ്പോലീത്താ.

ചെറുകഥ

# അവൻ തെററുകാരനല്ല

(ഫിലിപ്പ് കണ്ണയൻപ്ലാക്കൽ, ആനിക്കാട്)

രണ്ടു പോലീസുകാരുടെ അകമ്പടിയോടുകൂടി മകൻ വരുന്നതു കണ്ടപ്പോൾ, തീന്നതു മുഴുവൻ ദഹിച്ചുപോയി—തള്ളയ്ക്കു്. അവൾ ആലിലപോലെ വിറയ്ക്കാൻ തുടങ്ങി. ഭീരുത്വം പ്രകടിപ്പിച്ചാൽ കൂടുതൽ അപകടമായിരിക്കുമെന്നു കരുതി ധൈര്യം അവലംബിച്ചു; ഒരു സ്തംഭംപോലെ നിന്നു. എങ്കിലും അവരെ തുറിച്ചുനോക്കാതിരുന്നില്ല. ഭൂതകാലസ്മരണകൾ അവളെ വല്ലാതെ കലക്കി. കണ്ണുകൾ നിറഞ്ഞു.

ഒരു ഘോഷയാത്ര ആ ചെററക്കുടിലിനെ ലക്ഷ്യമാക്കി മുന്നോട്ടു നീങ്ങിക്കൊണ്ടിരുന്നു. മുന്നിൽ ചുമന്ന തൊപ്പിക്കാരും. പലരും രഹസ്യങ്ങൾ പറഞ്ഞുകൊണ്ടിരുന്നു. "കഷ്ടം! അവനീ ദുർബുദ്ധി തോന്നിയല്ലോ!" വെള്ളിക്കമ്പികൾ നിരന്നുതുടങ്ങിയവരിൽ ഒരാൾ സഹതാപം പ്രകടിപ്പിച്ചു.

അന്നു്, ആ ഇടവകയിലെ അതിപ്രധാനമായ ഒരു പെരുന്നാളായിരുന്നു. അവന്റെ തരക്കാരൊക്കെയും മോടിയായി വേഷമണിഞ്ഞു് തുള്ളിച്ചാടി ദേവാലയത്തിലേക്കു പോകുന്നതു കണ്ടപ്പോൾ ഒരു മ്ലാനത അവന്റെ മുഖത്തു നിഴലിച്ചു. "എനിക്കും" അറിയാതെ ചുണ്ടുകൾ ചലിച്ചുപോയി.

മുററത്തുനിന്നു കുപ്പി കഴുകിക്കൊണ്ടിരുന്നവൻ ഓടി വീട്ടിനുള്ളിൽ കയറി, അങ്ങുമിങ്ങും നോക്കി. ഒരു മൂലയിൽ തൂക്കിയിട്ടിരുന്ന മാറാപ്പു് വളരെ പണിപ്പെട്ടു് താഴെയിറക്കി, പരിശോധിച്ചു. അവന്റേതായ ഒരു മുണ്ടും ഉടുപ്പും കണ്ടു. എടുത്തുനോക്കി. കീറിപ്പറിഞ്ഞവ തുന്നിക്കൂട്ടി വച്ചിരിക്കുന്നു. ആകാശക്കോട്ട തകർന്നു. അവൻ പിറുപിറുത്തു "എനിക്കു വേണ്ട."

"പീലീ! കുപ്പികൊണ്ടുവാ" പശുക്കറവ കഴിഞ്ഞുവന്ന തെരുതി ആജ്ഞാപിച്ചു.

"തിണ്ണേടെ മൂലക്കിരിക്കുന്നു" തെളിയാത്ത മുഖത്തോടുകൂടി അവൻ വെളിയിലേക്കുവന്നു.

"സമയം കൊറച്ച് കടന്നുപോയി. വേഗം...പാലുകൊണ്ടെക്കൊടു്." അവൾ അടുക്കളയിലേക്കു പോയി.

സ്ഥലം മാറിവന്ന പോലീസ് ഇൻസ്പെക്ടർ ഒരു ദിവസം സായാഹ്നസവാരിക്കു പോയപ്പോൾ ഒരു ചെററക്കുടിലിന്റെ മുററത്തു നല്ല ആരോഗ്യമുള്ള ഒരു പശു നില്ക്കുന്നതു കണ്ടു. "നല്ല കറവപ്പശു" അദ്ദേഹം അറിയാതെ പറഞ്ഞുപോയി. നോക്കിയതിൽ ആരെയും കണ്ടില്ല. അന്വേഷണത്തിൽ നെല്ലുകുത്തുകാരിയുടേതാണെന്നു് മനസ്സിലാക്കി.

ഒരു ദിവസം ഒരു വേലക്കാരനെവിട്ടു് അവളെ വിളിപ്പിച്ചു അവൾക്കു തീരെ മനസ്സില്ലാഞ്ഞു—പല കാര്യങ്ങളോർത്തു്. "ഏമാൻ കോപിച്ചാൽ..." അവൾ മുന്നോട്ടുതന്നെ നീങ്ങി. "എന്നും ഓരോ കുപ്പി പാൽ വൃത്തിയായിത്തരണം" അദ്ദേഹം പൂമുഖത്തിരുന്നുകൊണ്ടു പറഞ്ഞു. "തിരുമനസ്സുങ്കിൽ" പേടിച്ചുവിറച്ചു്, മുററത്തരികിലെ മാവിനു മറഞ്ഞു നിന്നുകൊണ്ടവൾ പതുക്കെപ്പറഞ്ഞു.

"എന്നാൽ, പശുവിനെ എന്നും കുളിപ്പിക്കണം; തൊഴുത്തു് വൃത്തിയായി സൂക്ഷിക്കണം; അകിടു് നല്ലതുപോലെ കഴുകിയശേഷമേ കറക്കാവൂ." അദ്ദേഹം ചില നിർദ്ദേശങ്ങൾ നൽകി.

അന്നുമുതൽ പശുവിനു "തിരുവോണമായിരുന്നു." പീലിയെ ചുമതല മുഴുവൻ ഏല്പിച്ചു. അവൾ നെല്ലുകുത്താനും. പീലി വലിച്ചുവാരി ഒരു ചുമടു പുല്ലു് എവിടെനിന്നെങ്കിലും കൊണ്ടുവരും. അങ്ങനെ പലതവണ, ഒരു ദിവസം.

പീലി പാലുംകൊണ്ടു് ഓടി, ഇൻസ്പെക്ടരുടെ വാസസ്ഥലത്തേക്കു്. അവനും പോകണം പെരുന്നാളുകൂടാൻ. വായ്പവാങ്ങിയെങ്കിലും.

"പാലും കാപ്പീം" കൊച്ചുകുട്ടികൾ ആവശ്യപ്പെട്ടു.

"പാലു കൊണ്ടുവന്നില്ല." വസ്ത്രധാരണത്തിനിടയിൽ അവൾ പറഞ്ഞു. അവർ വീണ്ടും വീണ്ടും ശല്യപ്പെടുത്തിക്കൊണ്ടിരുന്നു. "മക്കളേ! പെരുന്നാളല്ലേ; അവർക്കും പല ജോലി കാണും, അല്പം ക്ഷമിക്കു്. ഇപ്പോൾ കൊണ്ടുവരും." കുടയുമെടുത്തു് മുററത്തേക്കിറങ്ങി. ഓടിക്കിതച്ചു പാല്ക്കാരൻ വരുന്നതു കണ്ടപ്പോൾ "എടീ! മീനാക്ഷീ! വേഗം കാപ്പികൊടുക്കണം."

തങ്കമ്മ—ഇൻസ്പെക്ടരുടെ ഭാര്യ—എന്നും പള്ളിയിൽ പോകും. മഴയായാലും. അവരെ അനുകരിച്ചു് കുട്ടികളും. വിശേഷദിവസങ്ങളിൽ വി. കുർബാന സ്വീകരിക്കും—നിർബന്ധമാണു്.

മീനാക്ഷി പാല്ക്കുപ്പി തിരിച്ചുകൊടുത്തു. അവൻ വരാന്തയിൽക്കൂടി മെല്ലെ നടന്നു. മുററത്തരികിലെ പുഷ്പിച്ച ചെടികളിലായിരുന്നു അവന്റെ കണ്ണു്. തെക്കേമുറിയുടെ ഒരു കതകു് അല്പം തുറന്നുകിടക്കുന്നു. അവൻ ഉള്ളിലേക്കു സൂക്ഷിച്ചുനോക്കി. മനോഹരങ്ങളായ ചിത്രങ്ങൾ! ഭിത്തിയിൽ. കാലുകൾ പതുക്കെ മുന്നോട്ടുനീങ്ങി. ഓരോ മേശയ്ക്കരികിലും ഓരോ കസേര. മേശപ്പുറത്തു് ഷെൽഫും, മേശവിളക്കും. അവയുടെ മദ്ധ്യത്തിൽ കിടക്കുന്ന മേശവിരിയുടെ നിറം പീലിയെ വല്ലാതെ ആകർഷിച്ചു. അടുത്തുചെന്നു തൊട്ടു, തൃപ്തനായി. ഒരു ഭംഗിയുള്ള പുസ്തകം വിളക്കിനടുത്തിരിക്കുന്നു. സമീപം പേനയും. അവൻ പുസ്തകത്തിന്റെ പേജുകൾ മറിച്ചു, പടമുണ്ടെങ്കിൽ കാണാൻ. എന്തോ മറിഞ്ഞുപോകുന്നതായി അവനു തോന്നി, വീണ്ടും മറിച്ചു. കണ്ടു. കൈയിലെടുത്തു; തിരിച്ചും മറിച്ചുംനോക്കി. അഞ്ചുരൂപയുടെ രണ്ടു നോട്ടു്. പെട്ടെന്നു പുസ്തകത്തിൽത്തന്നെ വച്ചു. തിരിഞ്ഞുനോക്കി, വല്ലവരും കണ്ടോയെന്നു്. ഇല്ല. അവനു സമാധാനമായി. അവന്റെ ചിന്തകൾ ചുററിക്കറങ്ങി. "ആരുമില്ല...എടുത്താൽ...നല്ല മുണ്ടുമുടുപ്പും......" വീണ്ടും പുറത്തേക്കു തലനീട്ടി. പരിശോധിച്ചു. "ഛീ, വേണ്ട." അന്തഃകരണം മന്ത്രിച്ചു. ചില്ലറ മോഷണങ്ങൾ നടത്തി തഴമ്പിച്ച കൈ വീണ്ടും പുസ്തകത്തിലേക്കുപോയി. ഒരു കൊച്ചുകാററു് മുറിക്കുള്ളിൽ പ്രവേശിച്ചു മേശവിരി തട്ടിമാററി. വലിപ്പു് അല്പം തുറന്നിരിക്കുന്നു; അവൻ കുനിഞ്ഞുനോക്കി. എന്തോ, തിളങ്ങുന്നു; കൈയിലെടുത്തു. നീണ്ട ഒരു മുത്തുമാല. കൈ വിറച്ചു, മാല താഴെവീണു. ചിന്ത അവനെ വിട്ടകന്നില്ല. "അമ്മയ്ക്കു കുണുക്കു്, എനിക്കൊരു മാല." ആശകൾ ഓരോന്നോരോന്നു് പൊങ്ങിവന്നു. വീണ്ടും കൈ താണു. തിടുക്കത്തിൽ നടന്നു.

"എന്തു നേരമായി, ആ കുരുത്തംകെട്ടവനെ കാണുന്നില്ല." കൈച്ചുറുക്കോടുകൂടി അവൾ ജോലികൾ നിർവ്വഹിച്ചുകൊണ്ടിരുന്നു. എങ്കിലും കോപം മുഖത്തു കൂടിക്കൂടിവന്നു.

"അമ്മേ! കപ്പവെന്തോ, കാപ്പികുടിക്കാൻ" പീലി പുരക്കോണിൽ കുപ്പിവച്ചു.

"നിന്റെ പതിവാ; നേരത്തും കാലത്തും വരത്തില്ല." അവൾ ഉടുത്തൊരുങ്ങി. "തേ ഇരിക്കുന്നു. പട്ടി കേറാതെ മറ കെട്ടിയേക്കണം."

അവൻ കുറെയൊക്കെ തിന്ന ശേഷം മൂടിപ്പുറക്കിവച്ചു. അവനും തിരിച്ചു.

പീലി പല ജൗളിക്കടകളും കടന്നുപോയി. കൃഷ്ണൻനായരുടെ കടമാത്രം തുറന്നിരിക്കുന്നു. അവൻ അവിടെ പ്രവേശിച്ചു. തയ്ച്ചിട്ടിരിക്കുന്ന ഉടുപ്പുകൾ പലതും തിരിച്ചും മറിച്ചും നോക്കി, ഒന്നും ഇഷ്ടപ്പെട്ടില്ല. അവസാനം ഒന്നു മാററിവച്ചു. പലയിനം മുണ്ടുകളും കടക്കാരൻ കാണിച്ചു. ഒന്നും പോരാ. കറുത്ത കരയുള്ള ഒന്നു മുറിച്ചു മാററിവച്ചു.

"എത്ര രൂപാ."

"ഒൻപതു്." പൊതിക്കെട്ടു കൊടുത്തു.

പൊതുനിരത്തിൽനിന്നും ഒരു കാട്ടുവഴിയിലേക്കു പീലി വേഗം നടന്നു. കീറിപ്പറിഞ്ഞ പഴമുണ്ടു് ഒരു വൃക്ഷപ്പൊത്തിൽ നിക്ഷേപിച്ചു വെളിയിൽവന്നു, ഒരു പുതിയ ആളായി. പല കൂട്ടുകാരെയും കണ്ടു, അവൻ ഒന്നും മിണ്ടിയില്ല, തിടുക്കത്തിൽ നടന്നു.

"അമ്പടാ! കോടി കിട്ടിയപ്പം കണ്ടമട്ടില്ല." ഒരു സരസൻ തട്ടിവിട്ടു. എന്നിട്ടും പീലി കേട്ടതായി ഭാവിച്ചില്ല. "ഉം. പൊയ്ക്കോ."

മററുള്ളവരെല്ലാം ആഹ്ളാദിക്കുന്നു. പീലിക്കുമാത്രം മ്ലാനത. അവന്റെ ഹൃദയം വല്ലാതെ തുടിക്കുന്നുണ്ടായിരുന്നു. ആരെങ്കിലും അടുത്തുവന്നാൽ അവൻ വേഗം നടന്നകലും. അവൻ പല മോഷണങ്ങളും നടത്തിട്ടുണ്ടു്, എന്നാൽ ഇത്രമാത്രം വ്യാകുലത അനുഭവിച്ചിട്ടില്ല. അന്നു് തള്ളയെങ്കിലും കാണും ആശ്വാസവാക്കുകൾ പറയാൻ. അവൻ പകലും മോഷണം നടത്തിട്ടുണ്ടു്; ആരും ക

(ശേഷം 8-ാംപേജിൽ)



പോലീസ് അകമ്പടിയോടുകൂടി മകൻ വരുന്നതു കണ്ടപ്പോൾ തീന്നതു മുഴുവൻ ദഹിച്ചുപോയി—തള്ളയ്ക്കു്.

## വി. തോമ്മാശ്ലീഹായുടെ
## ബാഡ്ജുകളും കളർചിത്രങ്ങളും

വി. തോമ്മാശ്ലീഹായുടേയും വി. ഫ്രാൻസീസ് സേവ്യറിന്റേയും ബാഡ്ജുകളും ഈ വിശുദ്ധരുടെ ഒന്നിച്ചുള്ള മനോഹരമായ ഇററാലിയൻ കളർചിത്രങ്ങളും (ഫ്രെയിം സൈസിലും, പ്രെയർബുക്ക സൈസിലും) തയാറുണ്ടു്. കൊന്ത, കാശുരൂപങ്ങൾ, കുരിശുരൂപങ്ങൾ മുതലായവയും പള്ളികൾക്കാവശ്യമുള്ള മെഴുകുതിരി, കാസ, കുസ്തോദി, അരുളിക്കാ, തിരിക്കാലുകൾ, കൊത്തുരൂപങ്ങൾ മുതലായവയും മിതമായ വിലയ്ക്കു് കിട്ടുന്നതാണു്.

മാനേജർ, മൂക്കന്നൂർ തിരുഹൃദയ
അനാഥശാലഡിപ്പോ, എറണാകുളം

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺ: സിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ബി. എ., ഡി. ഡി.

Vol. 27 || ERNAKULAM, OCTOBER 21, 1953 || No. 10


# പത്രധർമ്മം

അഖിലഭാരത പത്രാധിപ കോൺഫറൻസിന്റെ സ്റ്റാൻറിംഗ് കമ്മിററി സെപ്റ്റംബർ 25, 26 എന്നീ തീയതികളിൽ ന്യൂഡൽഹിയിൽ സമ്മേളിച്ച്, പത്രപ്രവർത്തകർക്കായുള്ള താഴെ ചേർക്കുന്ന ധാർമ്മികനിയമസംഹിത അംഗീകരിച്ചിരിക്കുന്നു:

1. പൊതുജനാഭിപ്രായം സൃഷ്ടിക്കാനുള്ള പ്രധാനോപാധി പ്രസിദ്ധീകരണങ്ങളാകയാൽ, പത്രപ്രവർത്തകർ തങ്ങളുടെ ഉദ്യോഗത്തെ ഒരു ട്രസ്റ്റായികരുതി പൊതുതാല്പര്യങ്ങൾക്കും മനുഷ്യവർഗ്ഗത്തിന്റെ സമാധാനത്തിനുംവേണ്ടി വേലചെയ്യുവാനും അവ പരിരക്ഷിക്കുവാനും ഉൽസുകരായിരിക്കണം.

2. തങ്ങളുടെ ചുമതലാനിർവ്വഹണത്തിൽ, പത്രപ്രവർത്തകർ മാനുഷികവും സാമൂഹികവുമായ മൗലികാവകാശങ്ങൾക്കു ന്യായമായ വില കല്പിക്കണം. വാർത്താറിപ്പോർട്ടുകളിലും അവയുടെ നിരൂപണങ്ങളിലും ഉത്തമവിശ്വാസവും നീതിബോധവും പാലിക്കുകയെന്നതു തങ്ങളുടെ ഉദ്യോഗാനുയോജ്യമായ ഒരു കർത്തവ്യമായിപരിഗണിക്കുകയുംവേണം.

3. സമാധാനലംഘനത്തിനു് ഇടവരുത്തിയേക്കാവുന്നതോ ഇടവരുത്തിക്കൊണ്ടിരിക്കുന്നതോ ആയ സംഭവവികാസങ്ങളെപ്പററിയുള്ള റിപ്പോർട്ടുകളിലും നിരൂപണങ്ങളിലും പത്രപ്രവർത്തകർ പ്രത്യേകനിയന്ത്രണം പാലിക്കേണ്ടതാണു്.

4. പ്രസിദ്ധംചെയ്യപ്പെടുന്ന വിവരങ്ങൾ വസ്തുനിഷ്ഠമായ യാഥാർത്ഥ്യത്തെ സംബന്ധിച്ചിടത്തോളം സൂക്ഷ്മമാണെന്നു തീർച്ചവരുത്തുവാൻ പത്രപ്രവർത്തകർ പരിശ്രമിക്കണം. യാതൊരു വസ്തുതയേയും വികൃതമാക്കുകയോ സാരമായ ഏതെങ്കിലും വസ്തുതയെ മനഃപൂർവ്വം വിട്ടുകളയുകയോ ചെയ്തുകൂടാത്തതാകുന്നു. വ്യാജമാണെന്നു് അറിയാവുന്ന യാതൊരു വിവരവും പ്രസിദ്ധംചെയ്യാൻ പാടില്ലാത്തതാണു്.

5. പ്രസിദ്ധപ്പെടുത്തുന്ന ഏതൊരു വിവരത്തിന്റെയും നിരൂപണത്തിന്റെയും ഉത്തരവാദിത്വം പത്രപ്രവർത്തകർ വഹിക്കണം. ഉത്തരവാദിത്വം ഏറെറടുക്കുന്നില്ലെങ്കിൽ ആ സംഗതി വ്യക്തമായി പ്രസ്താവിക്കേണ്ടതാണു്.

6. തങ്ങളിൽ അർപ്പിക്കപ്പെടുന്ന വിശ്വാസത്തെ അവർ സദാ ആദരിക്കേണ്ടതാണു്. തൊഴിൽപരമായ രഹസ്യം എല്ലാപ്പോഴും പാലിക്കണം.

7. ശരിയല്ലെന്നു തെളിയുന്ന റിപ്പോർട്ടുകളും തൽസംബന്ധമായ നിരൂപണങ്ങളും പരപ്രേരണ കൂടാതെതന്നെ തിരുത്തേണ്ടതാണു്. പ്രസിദ്ധീകൃതമായ ഒരു വാർത്ത വസ്തുതകളെ സംബന്ധിച്ചിടത്തോളം വ്യാജമാണെന്നോ കൃത്യമല്ലെന്നോ തെളിയിക്കപ്പെടുന്നപക്ഷം, അത്തരം തിരുത്തലുകൾക്കും നിഷേധങ്ങൾക്കും ന്യായമായ പ്രസിദ്ധി നൽകേണ്ടതു പത്രപ്രവർത്തകരുടെ കടമയാകുന്നു.

8. പത്രപ്രവർത്തനസംബന്ധമല്ലാത്ത കാര്യങ്ങൾക്കുവേണ്ടി പത്രപ്രവർത്തകർ തങ്ങളുടെ നിലയെ ദുരുപയോഗിക്കാതിരിക്കണം.

9. സ്വന്തം വ്യക്തിതാല്പര്യങ്ങൾ തൊഴിൽകാര്യങ്ങളെ ബാധിക്കുവാൻ പത്രപ്രവർത്തകർ അനുവദിച്ചുകൂടാ.

10. വാർത്തകൾക്കോ നിരൂപണങ്ങൾക്കോ പ്രസിദ്ധിനൽകുവാൻ തനിക്കുള്ള കഴിവിനെ പ്രയോഗിക്കുന്നതിൽ, കൈക്കൂലിയോ കോഴയോ സ്വീകരിക്കുകയോ ആവശ്യപ്പെടുകയോ ചെയ്യുന്നതുപോലെ ഒരു പത്രപ്രവർത്തകനെ സംബന്ധിച്ചിടത്തോളം ഹീനമായ മറെറാന്നില്ല.

11. ന്യായമായ രീതിയിൽ വാർത്തകളും വസ്തുതകളും ശേഖരിക്കുകയും പ്രസിദ്ധംചെയ്യുകയും ചെയ്യുന്നതിനുള്ള സ്വാതന്ത്ര്യം, നീതിയുക്തമായ നിരൂപണത്തിനും വിമർശനത്തിനുമുള്ള അവകാശം ഇവ ഏതൊരു പത്രപ്രവർത്തകനും പിന്താങ്ങി സംരക്ഷിക്കേണ്ട തത്വങ്ങളാണു്.

12. പത്രപ്രവർത്തകർ അതേ തൊഴിലിലേർപ്പെട്ടിരിക്കുന്ന തങ്ങളുടെ സഹപ്രവർത്തകരോടുള്ള കടമകളെപ്പററി ബോധമുള്ളവരായിരിക്കണം. അന്യായമായ മാർഗ്ഗങ്ങളുപയോഗിച്ച് അവരുടെ ഉപജീവനമാർഗ്ഗത്തെ തടയാൻ പരിശ്രമിച്ചുകൂടാത്തതാകുന്നു.

13. പൊതുതാല്പര്യങ്ങൾ ഒന്നുമില്ലാത്ത വ്യക്തിപരമായ വാദപ്രതിവാദങ്ങൾ പത്രപംക്തികളിൽ നടത്തിക്കൊണ്ടുപോകുന്നതു ഈ തൊഴിലിന്റെ അന്തസ്സിനു യോജിക്കാത്തതായി പരിഗണിക്കണം.

14. വ്യക്തികളുടെ സ്വകാര്യജീവിതത്തെ പരാമർശിക്കുന്ന കിംവദന്തികൾക്കും അന്തസ്സാരവിഹീനമായ സംസാരങ്ങൾക്കും പ്രസിദ്ധി നൽകുന്നതു പത്രപ്രവർത്തകരുടെ തൊഴിലിനു യോജിച്ചതല്ല. വ്യക്തികളുടെ സ്വകാര്യജീവിതത്തെ സ്പർശിക്കുന്ന വാർത്തകൾ, അവയുടെ യാഥാർത്ഥ്യം തെളിയിക്കാൻ സാധിച്ചേക്കാമെന്നിരുന്നാൽപ്പോലും പ്രസിദ്ധംചെയ്തുകൂടാത്തതാകുന്നു. ബഹുജനതാല്പര്യം — അതു ബഹുജനജിജ്ഞാസയിൽനിന്നു വ്യത്യസ്തമാണു് — അവയുടെ പ്രസിദ്ധീകരണം ആവശ്യപ്പെടുമ്പോൾമാത്രമേ ഈ പറഞ്ഞ നിയമത്തിനു അപവാദമുള്ളൂ.

15. അധർമ്മത്തേയും പാതകത്തേയും പ്രോത്സാഹിപ്പിക്കുവാൻ ഇടയുള്ള വിഷയങ്ങളൊന്നും പ്രസിദ്ധപ്പെടുത്താതിരിക്കുന്നതിലും ശ്രദ്ധപതിക്കണം.

## മലയാളപത്രങ്ങളുടെ സ്ഥിതി

മേൽകാണിച്ച മാനദണ്ഡംവച്ചുനോക്കുമ്പോൾ പല മലയാളം പത്രങ്ങളുടേയും സ്ഥിതി അത്യന്തം ശോചനീയമാണെന്നു സമ്മതിക്കാതെ തരമില്ല. അടിസ്ഥാനരഹിതങ്ങളും വ്യാജങ്ങളുമായ വാർത്തകൾ വകഞ്ഞുകെട്ടിയുണ്ടാക്കി മത്തങ്ങാ അക്ഷരങ്ങളിൽ പ്രസിദ്ധംചെയ്യുവാൻ ചില പത്രങ്ങൾക്കു യാതൊരു സങ്കോചവുമില്ലാത്തതുപോലെ തോന്നിപ്പോകുന്നു. ഏതെങ്കിലും ഒരു സ്ഥാപനത്തിന്റെയോ വ്യക്തിയുടെയോമേൽ കരിതേക്കുവാനും അങ്ങനെ പകവീട്ടി തൃപ്തിയടയാനും വേണ്ടിയായിരിക്കും ആ പത്രങ്ങൾ അങ്ങനെ ചെയ്യുന്നതു്. ചിലപ്പോഴെല്ലാം അത്തരം വാർത്തകൾ പ്രസിദ്ധം ചെയ്യുന്നതിന്റെ ഉദ്ദേശ്യം സംഭ്രമജനകങ്ങളായ വാർത്തകൾ വായിക്കാനുള്ള സാധാരണക്കാരന്റെ അഭിനിവേശത്തെ ചൂഷണംചെയ്തു് പത്രവരിക്കാരുടെ എണ്ണം വർദ്ധിപ്പിക്കുക എന്നതായിരിക്കും. അടിസ്ഥാനരഹിതങ്ങളായ വാർത്തകൾ തിരുത്തുവാൻ നിർബന്ധിക്കപ്പെടുമ്പോൾ, അതിനു പ്രാധാന്യം കല്പിക്കാതെ ആരുടെയും ദൃഷ്ടിയിൽപെടാത്തവണ്ണം അക്കാര്യം നിർവ്വഹിച്ചു കൃതകൃത്യരാകുന്നവരും ഇല്ലാതില്ല.

കൊലപാതകം, ആത്മഹത്യ മുതലായവ സംബന്ധിച്ച വാർത്തകൾക്കു് അവ അർഹിക്കുന്നതിൽ കൂടുതൽ പ്രാധാന്യം പത്രലോകത്തു ലഭിക്കുന്നില്ലേ എന്നും സംശയിക്കേണ്ടിയിരിക്കുന്നു. ചാരിത്രലംഘനത്തേയും മററുചില കാര്യങ്ങളേയുംപററിയുള്ള വാർത്തകൾ പ്രസിദ്ധംചെയ്യുന്നതു തീർച്ചയായും നിഷിദ്ധമായിരിക്കുന്നു. പൊതുവിൽ പറഞ്ഞാൽ, ദുഷ്കൃത്യങ്ങൾക്കു പ്രചോദനം നൽകിയേക്കാവുന്ന വാർത്തകൾ പ്രസിദ്ധംചെയ്യാതിരിക്കുകയാണു വേണ്ടതു്. മലയാളപത്രങ്ങൾ ഈ വിഷയത്തിൽ വേണ്ടത്ര നിഷ്കർഷ പാലിക്കുന്നില്ലെന്നുള്ളതിനു്, ഈയിടെതന്നെ തിരു-കൊച്ചി ഗവർമ്മെൻറു് ഒരു പത്രം നിർത്തലാക്കാനും രണ്ടു പ്രസിദ്ധീകരണങ്ങളുടെമേൽ നടപടി നടത്താനും നിർബന്ധിക്കപ്പെട്ടുവെന്നതു തെളിവായിരിക്കുന്നു.

രാഷ്ട്രീയവും സാമുദായികവും വ്യക്തിപരവുമായ താല്പര്യങ്ങൾ നിമിത്തം പത്രധർമ്മത്തിനു യോജിക്കാത്തവിധത്തിലുള്ള നിരൂപണങ്ങൾ പുറത്തുവരുകയും സാധാരണമാണു്. തിരുക്കൊച്ചിയിലെ അടുത്തകാലത്തെ രാഷ്ട്രീയസംഭവവികാസങ്ങൾ പ്രമാണിച്ച അത്തരം നിരൂപണങ്ങൾ ധാരാളമായി തല്പരകക്ഷികൾ പുറപ്പെടുവിക്കുകയുണ്ടായി. നിയമസഭ പിരിച്ചുവിട്ടതും മന്ത്രിസഭ അധികാരത്തിൽ തുടരുന്നതും തെററാണെന്നാണു അക്കൂട്ടരുടെ വാദം. എന്നാൽ അവർ സ്വവാദം സ്ഥാപിക്കാൻ ഒരു അതോറിററിയായി ഉദ്ധരിച്ച മി. ഐവർ ജന്നിംഗ്സുതന്നെ പ്രസ്തുത നടപടികളെ ശരിവച്ചു രേഖാമൂലമായ മറുപടി നൽകിട്ടുപോലും അവർ സ്വവാദം ഉപേക്ഷിക്കാത്തതാണു് ആശ്ചര്യകരമായിരിക്കുന്നതു്. "ക്യാബിനററ് ഗവമ്മെൻറ്" എന്ന ഗ്രന്ഥത്തിന്റെ കർത്താവും ഭരണഘടനാവിദഗ്ധനും സിലോൺ സർവ്വകലാശാലാ വൈസ്ചാൻസലറുമായ അദ്ദേഹം തിരുക്കൊച്ചിയിലെ സ്ഥിതിഗതികളെ ആധാരമാക്കി അഭിപ്രായപ്പെട്ടിരിക്കുന്നതു് ഇങ്ങനെയാണു്: "നിയമസഭയുടെ വോട്ടിനെതിരായി ജനങ്ങളോടഭ്യർത്ഥന നടത്തുന്ന ആചാരം സുവിദിതമാണു് — വളരെക്കാലങ്ങൾക്കുമുമ്പു തന്നെ കാനിംഗ്പ്രഭു പറഞ്ഞതുപോലെ "നിങ്ങളുടെ ഭൂരിപക്ഷങ്ങളെ ഞാൻ ധിക്കരിക്കുന്നു. ഞാൻ ജനങ്ങളോടു് അഭ്യർത്ഥന നടത്തിനോക്കട്ടെ." തിരഞ്ഞെടുപ്പിൽ പരാജിതരാക്കപ്പെടുന്നില്ലെങ്കിൽ തുടർന്നും അല്ലാത്തപക്ഷം പരാജിതരാക്കപ്പെടുന്നതുവരെയും ഇത്തരം സന്ദർഭങ്ങളിൽ ഒരു ഗവൺമെൻറിനു രാജിവയ്ക്കേണ്ട ആവശ്യമേയില്ല."

ഇന്നത്തെ രാഷ്ട്രീയസംഭവവികാസങ്ങളുടെ ഭരണഘടനാപരമായ വശങ്ങളെപ്പററിയുള്ള പരാമർശനങ്ങളിൽ ചിലതു തികച്ചും ഉത്തമവിശ്വാസരഹിതമാണെന്നു് ഗവർമ്മെൻറ് ഈയിടെ പുറപ്പെടുവിച്ച ഒരു പത്രപ്രസ്താവനയിൽ പറയുന്നു. ഉദാഹരണത്തിനായി കൗമുദി ആഴ്ചപ്പതിപ്പിന്റെ കാര്യമാണു് ചൂണ്ടിക്കാണിക്കുന്നതു്. പ്രസ്താവനയിലെ ഏതാനും വാക്യങ്ങൾ ഉദ്ധരിക്കാം.

### കൗമുദിലേഖനത്തെപ്പററി ഗവ. അറിയിപ്പ്

"ഉദാഹരണമായി 1129കന്നി 19-ാംനു-യിലെ കൗമുദി ആഴ്ചപ്പതിപ്പിൽ ഗവമ്മെൻറു് എടുത്തിരിക്കുന്ന നില തെററാണെന്നു സ്ഥാപിക്കുവാൻ അതിന്റെ പത്രാധിപർ ജന്നിംഗ്സിന്റെ "ക്യാബിനററ് ഗവമ്മെൻറ്" എന്ന ഗ്രന്ഥത്തിൽനിന്നും താഴെ പറയുന്ന വാചകം ഉദ്ധരിക്കുന്നു.

"ഒരു ഗവമ്മെൻറിന്റെ പരാജയവും രാജിവെപ്പും സംഭവിച്ചാൽ രാജാവു് ആദ്യമായി പ്രതിപക്ഷനേതാവിനെ വിളിച്ചുവരുത്തണം എന്നാണു് ചട്ടം."

മേലുദ്ധരിച്ച വാചകം പ്രസ്തുത പുസ്തകത്തിൽ ഉള്ള ഒരു ഖണ്ഡികയുടെ ആരംഭത്തിലുള്ളതാണു്. പ്രസ്തുതഖണ്ഡിക മുഴുവനുംതന്നെ വായിക്കണം. അതിപ്രകാരമാണു്.

"ഒരു ഗവമ്മെൻറിന്റെ പരാജയവും രാജിവെപ്പും സംഭവിച്ചാൽ രാജാവു് ആദ്യമായി പ്രതിപക്ഷനേതാവിനെ വിളിച്ചുവരുത്തണമെന്നാണു് ചട്ടം. അതു് ഒരു ചട്ടമായി കട്ടിപിടിച്ചതു് താരതമ്യേന അടുത്ത കാലത്താണെങ്കിലും ദീർഘകാലത്തെ ആചാരത്തിന്റെ ഫലമാണു് പ്രസ്തുത ചട്ടം. രാജാവു് നിഷ്പക്ഷമാണെന്നുള്ള ബോധമാണു് ഇതിനധിഷ്ഠാനം. മത്സരസ്വഭാവമുള്ള നയങ്ങളും തദ്വാരാ കക്ഷികളുടെ മാത്സര്യവും ജനായത്തഭരണസമ്പ്രദായം ഉൾക്കൊള്ളുന്നു. സമ്മതിദായകരോടു് അഭ്യർത്ഥന നടത്തുവാനുള്ള ഗവമ്മെൻറിന്റെ അധികാരത്തിനു വിധേയമായി മുന്നേറേണ്ട നയം കോമൺസ് സഭയുടെ സമ്മതി ആർജ്ജിക്കുന്ന നയമത്രെ. അതിനാൽ ഒരു ഗവമ്മെൻറു് കോമൺസുസഭയിൽ തോല്ക്കുകയോ പരാജയമടഞ്ഞശേഷം ജനങ്ങളോടു് അഭ്യർത്ഥിക്കാതിരിക്കുകയോ, അഭ്യർത്ഥിച്ച ശേഷവും തോല്പിക്കപ്പെടുകയോ, ചെയ്താൽ ഒരു പുതിയ ഗവമ്മെൻറു രൂപീകരിക്കണം."

പണ്ഡിതനായ ഈ ഗ്രന്ഥകാരന്റെ അഭിപ്രായത്തിൽ നിയമസഭയിലെ പരാജയത്തിന്മേൽ രാജിസമർപ്പിക്കുന്നതിനുപകരം, ഗവമ്മെൻറിനു ജനങ്ങളോടു അഭ്യർത്ഥന നടത്താമെന്നും അങ്ങനെ അഭ്യർത്ഥിച്ചശേഷവും കക്ഷി തോല്പിക്കപ്പെട്ടാൽ മാത്രമേ ഒരു പുതിയ ഗവമ്മെൻറു രൂപീകരിക്കേണ്ടതുള്ളുവെന്നും മേല്പറഞ്ഞ ഖണ്ഡിക സൂചിപ്പിക്കുന്നു. പൂർണ്ണവും യുക്തിയുക്തവുമായ ഒരു ഖണ്ഡികയിലെ ആദ്യവാചകം മാത്രമെടുത്തു് ആ ഒററപ്പെടുത്തപ്പെട്ട വാചകത്തിന്മേൽ വാദങ്ങൾ കെട്ടിപ്പടുത്തതു പൊതുവാദപ്രതിവാദതത്വങ്ങളുടെ അവഹേളനമാണു്. ഗവമ്മെൻറിന്റെ പരാജയത്തിനും രാജിക്കും ശേഷം ഒരു ഗവമ്മെൻറു രൂപീകരിക്കുവാൻ പ്രതിപക്ഷനേതാവിനെ ക്ഷണിക്കുകയെന്ന രാജാവിന്റെ കർത്തവ്യത്തെപ്പററിയാണു് ആദ്യവാചകത്തിൽ പറയുന്നതു്. പരാജയവും രാജിയും എന്ന പദങ്ങൾ വ്യക്തമാക്കുന്നതു് പ്രതിപക്ഷനേതാവിനെ വിളിക്കുന്നതു് പരാജയത്തിനു ശേഷമല്ല, പിന്നെയോ പരാജയവും രാജിയും കഴിഞ്ഞതിനു മേലാണു്. ഗവമ്മെൻറിനു മറെറാരു മാർഗ്ഗം തുറന്നുകിടപ്പുണ്ടു്. അതായതു് നിയോജകരോടു് ഒരു അഭ്യർത്ഥന, അതാണു് മേലുദ്ധരിച്ച ഖണ്ഡികയിലെ അവസാനവാചകം .................... ഈ ലേഖകൻ ഒരു പ്രമാണഗ്രന്ഥത്തിലെ വാചകങ്ങൾ ഇഷ്ടംപോലെയും സന്ദർഭംതെററിച്ചും തിരഞ്ഞെടുത്തു് ആ പ്രസ്താവനകളെ വളച്ചൊടിച്ചിരിക്കുന്ന രീതി നോക്കുമ്പോൾ ഈ വാദത്തിൽ പ്രവേശിച്ചവരിൽ ചിലരെങ്കിലും അപ്രകാരം പ്രവേശിച്ചതു് പ്രശ്നങ്ങളെ വിശദീകരിക്കാനല്ല പ്രത്യുത അവയെ തെററിദ്ധാരണയാകുന്ന മേഘപടലത്താൽ മറയ്ക്കാനാണെന്നു സ്പഷ്ടമാകുന്നുണ്ടു്."

പത്രധർമ്മം അധികരിച്ച് അഖിലഭാരത പത്രാധിപസമിതി അംഗീകരിച്ച നിയമസംഹിത പത്രങ്ങൾമനസ്സിരുത്തിപഠിക്കുകയുംപാലിക്കുകയുംചെയ്യുന്നപക്ഷം രാഷ്ട്രീയവും സാമുദായികവുമായ രംഗങ്ങളിൽ കുറെക്കൂടി പ്രശാന്തമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനു് നിഷ്പ്രയാസം സാധിക്കുന്നതാണു്.

# പ്രസാധകക്കുറിപ്പുകൾ

## ബിഷപ്പ്സ് കോൺഫറൻസിലെ തീരുമാനങ്ങൾ—മെഡിക്കൽ കോളെജ്

ഒക്ടോബർ രണ്ടാംവാരത്തിൽ ബാംഗളൂരിൽ സമ്മേളിച്ച ഇന്ത്യൻ കാത്തലിക് ബിഷപ്പ്സ് കോൺഫറൻസ് സ്റ്റാൻഡിംഗ് കമ്മിററി "ദേശീയഭാഷയുടെയും പ്രാദേശികഭാഷകളുടെയും അഭ്യസനത്തിലും പൊതുവേയുള്ള ഭാരതീയമായ പ്രകൃതിയിലും രാജ്യത്തിലെ മാറിക്കൊണ്ടിരിക്കുന്ന പരിതസ്ഥിതികൾക്കു അനുരൂപമായി വിദ്യാഭ്യാസസ്ഥാപനങ്ങളെ രൂപപ്പെടുത്തുന്നതിനു്" ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിച്ചിരിക്കുന്നു.

കഴിഞ്ഞ ഏതാനും മാസങ്ങളായി ക്രിസ്ത്യൻസമുദായത്തിനു ഏററവുമധികം ഉൽക്കണ്ഠയുണ്ടാക്കിത്തീർത്തിരിക്കുന്ന വിദേശമിഷനറിമാരെ സംബന്ധിച്ച പ്രശ്നത്തെപ്പററി, പ്രതീക്ഷിതമായ പരിഹാരം ഉണ്ടായിട്ടില്ലെന്നു കമ്മിററി വിചാരിക്കുന്നു. തങ്ങളുടെ അവകാശങ്ങളുടെ ന്യായയുക്തത ക്രമേണ ആദരിക്കപ്പെടുമെന്നും ഇപ്പോൾ സാർവ്വത്രികമായിരിക്കുന്ന അസ്വാസ്ഥ്യം പരിഹരിക്കപ്പെടുമെന്നും കമ്മിററി പ്രത്യാശിക്കുന്നു.

കോൺഫറൻസിനു ശേഷം, കോൺഫറൻസ് ജനറൽ സിക്രട്ടറിയായ ബാംഗളൂർ മെത്രാപ്പോലീത്താ മോസ്റ്റ് റവ. തോമസ് പോത്തക്കാമുറി തിരുമനസ്സുകൊണ്ടു പുറപ്പെടുവിച്ചിരിക്കുന്ന ഒരു പത്രപ്രസ്താവനയിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു: രാജ്യത്തിനു ഇന്നു കൂടുതൽ ആശുപത്രികളും ഡോക്ടർമാരും നേഴ്സുമാരും ആവശ്യമായിരിക്കുന്നുവെന്ന വസ്തുത മെഡിക്കൽ കോളെജുകളുടെ സംഖ്യയിലും വർദ്ധനവുണ്ടാകണമെന്ന പ്രശ്നം ഉന്നയിച്ചിരിക്കുന്നു. ഇപ്പോഴുള്ളവ ഇതിലേക്കു തീരെ മതിയാകാതിരിക്കുന്നുവെന്ന വസ്തുത മനസ്സിലാക്കി ഒരു മെഡിക്കൽ കോളെജും ആശുപത്രിയും സ്ഥാപിക്കണമെന്നുള്ള നിർദ്ദേശത്തെപ്പ

റ്റി, അതിന്റെ എല്ലാ വശങ്ങളിലൂടെയും പര്യാലോചനനടത്തി അത്തരമൊരു സ്ഥാപനം സഭയുടെ വകയായി ഇന്ത്യക്കു നൽകുകയെന്നതായിരുന്നു ആലോചനയുടെ ലക്ഷ്യം.

രാജ്യത്തിന്റെ നേതാക്കന്മാർ തങ്ങളുടെ ശ്രദ്ധയും ഓജസ്സും വളരെയധികം നൽകിക്കൊണ്ടിരിക്കുന്ന സാമൂഹ്യപ്രശ്നങ്ങളുടെ പരിഹാരം സംബന്ധിച്ചിടത്തോളം, അവക്കു വൈദികരുടെയും ജനങ്ങളുടെയും സഹകരണം ആശിക്കാമെന്നു മെത്രാന്മാർ പ്രതീക്ഷിക്കുന്നു. പല കേന്ദ്രങ്ങളിലും തങ്ങളുടെ സ്കൂളുകളിലും കോളെജുകളിലും അദ്ധ്യയനക്കളരികൾ മുഖേനയും, പ്രായോഗികമായ ദുരിതാശ്വാസങ്ങൾ വഴിയായും, പൊതുവായ പുനസ്സംഘടനാവേലയിൽ, ചില ദേശീയപദ്ധതികൾ നടപ്പിൽ വരുത്തുവാൻ കത്തോലിക്കാസമുദായം ആവശ്യമായ നടപടികൾ എടുത്തുവരികയാണു്. കമ്മ്യൂണിസ്റ്റു സ്വാധീനശക്തിയെ ഇല്ലാതാക്കുക, തൊഴിലാളികളെ ശരിയായ തത്വങ്ങളിൽ സംഘടിപ്പിക്കുക, കമ്മ്യൂണിറ്റി പ്രോജക്റ്റുകളെ സഹായിക്കുക, മുതലായവ പ്രത്യേകപരിഗണനയെ അർഹിച്ചിട്ടുള്ള ചില പ്രത്യേകപരിപാടികളാകുന്നു.

സംഘടിതമായ ഒരു അത്മായസംഘം സഭയുടെ ആദർശങ്ങളെ പ്രചരിപ്പിക്കുന്നതിൽ സഭക്കും രാഷ്ട്രത്തിന്റെ ലക്ഷ്യങ്ങളെ സാധിക്കുന്നതിൽ രാഷ്ട്രത്തിനും വലിയ ഒരു നേട്ടമായിരിക്കുന്നതിനാൽ, ഈ ഉദ്ദേശം കഴിയുന്നവേഗം സാധിക്കുന്നതിനു ആവശ്യമായ പ്രായോഗികനിർദ്ദേശങ്ങളെപ്പററിയും കമ്മിററി പര്യാലോചിച്ചു.

* * *

## പോളിഷ് പ്രൈമേററിനോടു അനുഭാവവും ഗവമ്മെൻറുനയത്തിൽ പ്രതിഷേധവും

പോളണ്ടിന്റെ പ്രൈമേററായ കർദ്ദിനാൾ വിഷൻസ്കി തിരുമേനിയെ തദ്ദേശഗവമ്മെൻറ് ഒരാശ്രമത്തിൽ തടങ്കലിൽ വയ്ക്കുകയും വാർസോ മെത്രാപ്പോലീത്ത എന്ന നിലയിലുള്ള തന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിനെ തടയുകയും ചെയ്തിരിക്കുകയാണു്. ഇതിനെ ബിഷപ്പ്സ് കോൺഫറൻസ് സ്റ്റാൻഡിംഗ് കമ്മിററി ശക്തിയുക്തം പ്രതിഷേധിച്ചിരിക്കുന്നു. ഏതത്സംബന്ധമായി കോൺഫറൻസിന്റെ അദ്ധ്യക്ഷൻ കൽക്കട്ടാ മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു മാർപ്പാപ്പാ തിരുമേനിക്കയച്ച കേബിൾസന്ദേശത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:-

“കർദ്ദിനാൾ ഗ്രേഷ്യസ്, അപ്പസ്തോലിക് ഇൻറർനൺഷിയോ എന്നിവരോടുകൂടി ബാംഗളൂർ സമ്മേളിച്ചിരിക്കുന്ന ബിഷപ്പ്സ് കോൺഫറൻസ് വർക്കിംഗ് കമ്മിററിയുടെയും സ്റ്റാൻഡിംഗ് കമ്മിററിയുടെയും വാർഷികയോഗം തിരുമനസ്സിലെ നേർക്കുള്ള ഭക്തിയും അനുസരണവും രേഖപ്പെടുത്തുന്നു. പോളിഷ് കർദ്ദിനാൾ തിരുമേനിയോടു കമ്മ്യൂണിസ്റ്റുകാർ കാണിച്ചിരിക്കുന്ന അക്രമപരമായ പെരുമാററത്തെ അതിശക്തിയായി പ്രതിഷേധിക്കുന്നു. തിരുമേനിയോടു അഗാധമായി സഹതപിക്കുന്നു. പ്രാർത്ഥന ഉറപ്പു നൽകുന്നു. ആർച്ച്ബിഷപ്പ് പെരിയർ.”

പോളണ്ടിലെ കത്തോലിക്കാസഭാമർദ്ദനം സംബന്ധിച്ച്, സ്റ്റാൻറിംഗ് കമ്മിററി പുറപ്പെടുവിച്ചിരിക്കുന്ന പ്രസ്താവനയിൽ ഇങ്ങനെ പറയുന്നു:-

പോളണ്ടിലെ കർദ്ദിനാൾ പ്രൈമേററായ കർദ്ദിനാൾ വിഷൻസ്കി തിരുമേനിയെ ഒരു ആശ്രമത്തിൽ തടങ്കലിലാക്കിയിരിക്കുന്നതായും, വാർസോയിലെ ആർച്ച്ബിഷപ്പും ആ രാജ്യത്തിലെ സഭയുടെ മേധാവിയുമെന്ന നിലയിലുള്ള തന്റെ അധികാരങ്ങൾ പ്രയോഗിക്കുന്നതിൽനിന്നു അദ്ദേഹത്തെ തടഞ്ഞിരിക്കുന്നതായുമുള്ള വാർത്ത കഴിഞ്ഞ ആഴ്ചകളിൽ ലഭിക്കുകയുണ്ടായി. ഇരുമ്പുമറയ്ക്കുപിന്നിൽ സഭയുടെ ഹയരാർക്കിയുടെ മേലുള്ള കമ്മ്യൂണിസ്റ്റ് ആക്രമണത്തിനു വിധേയമായിത്തീർന്നിട്ടുള്ള മൂന്നാമത്തെ കർദ്ദിനാളാണു് തിരുമേനി.

തലമുറകളായി കത്തോലിക്കാ വിശ്വാസത്തോടുള്ള വിശ്വസ്തതാപാരമ്പര്യത്തോടുകൂടിയ പോളണ്ടുപോലെയുള്ള ഒരു കത്തോലിക്കാരാജ്യത്തിൽ,. ജനാധിപത്യപരമെന്നു ഭാവിക്കുന്ന ഒരു ഗവമ്മെൻറിൽനിന്നുള്ള ഇത്തരം പ്രവൃത്തി അനേകരുടെ ഹൃദയങ്ങളിൽ ഭയവിഹ്വലതയും ഖേദവും സംജാതമാക്കാതിരിക്കുകയില്ല. പക്ഷെ, കമ്മ്യൂണിസ്റ്റുരാജ്യങ്ങളിലെ സാധാരണനടപടികളുടെ ഒരു ഭാഗം മാത്രമാണിതു്. കമ്മ്യൂണിസ്റ്റുരാജ്യങ്ങളിൽ പ്രാഥമികമായ അവകാശങ്ങൾപോലും നിഷേധിക്കപ്പെടുകയും, മൗലികമായ സ്വാതന്ത്ര്യങ്ങൾ ചവിട്ടി മെതിക്കപ്പെടുകയും ചെയ്യുന്നു.

ഒരു കമ്മ്യൂണിസ്റ്റ് ഭരണസമ്പ്രദായത്തിൽ, സഭ പരിപൂർണ്ണമായി രാഷ്ട്രത്തിനു് അടിമയായിത്തീരാത്തപക്ഷം, തന്റെ ദിവ്യോദ്യോഗം നിർവ്വഹിക്കുന്നതിനു് അവളെ അനുവദിക്കുന്നതല്ലെന്നുള്ളതിനു ഒരു തെളിവുകൂടെ ലഭിച്ചിരിക്കുന്നു. പോളണ്ടിലെ കർദ്ദിനാൾ തിരുമേനി, തന്റെ ഒടുവിലത്തെ ഇടയലേഖനത്തിൽ പ്രഖ്യാപിച്ചിട്ടുള്ളതുപോലെ, “പുരോഗമനപരമെന്നു പറയപ്പെടുന്ന രാജ്യങ്ങളിലെ സഭയുടെ ഇന്നത്തെ നില, അന്ധകാരയുഗങ്ങളിലെ സ്ഥിതിയെ അപേക്ഷിച്ച് ഒരടി പിന്നിലായിരിക്കുന്നു. അക്രമത്തിന്റെയും ബലപ്രയോഗത്തിന്റെയും ഉപയോഗം എപ്പോഴും പരാജയം സമ്മതിക്കുന്നതിനു തുല്യമായിരിക്കുന്നു.”

ഇൻഡ്യയിലെ കാതലിക് ബിഷപ്പ്സ് കോൺഫറൻസിന്റെ സ്റ്റാൻറിംഗ് കമ്മിററി, സഭയിലെ മറെറാരു കർദ്ദിനാൾ തിരുമേനിയോടു ചെയ്തിരിക്കുന്ന അവഹേളനത്തിൽ അത്യന്തം വ്യാകുലപ്പെടുകയും, വ്യക്തിസ്വാതന്ത്ര്യങ്ങളുടെ ഇത്തരം ലംഘനത്തെ പ്രതിഷേധിക്കുകയും ചെയ്യുന്നു. പോളണ്ടിലെ പ്രൈമേററിനെതിരായുള്ള ഈ അവിഹിതമായ നടപടിയിലുള്ള ദുഃഖത്തിൽ ഭാഗഭാഗിത്വം വഹിക്കുവാൻ ക്രിസ്തുവിന്റെ മൗതികശരീരത്തിലെ അംഗങ്ങളെന്ന നിലയിൽ വൈദികരോടും വിശ്വാസികളോടും അഭ്യർത്ഥിക്കുന്നു.

പോളണ്ടിലെ നിശ്ശബ്ദയായ സഭക്കു് അവകാശമെന്ന നിലയിൽ അവളുടേതായിരിക്കുന്ന സ്വാതന്ത്ര്യം പുനർലബ്ധമാകുന്നതിനും മനുഷ്യവർഗ്ഗത്തിന്റെ നന്മയ്ക്കുവേണ്ടി കഴിഞ്ഞുപോയ ശതവർഷങ്ങളിലെല്ലാം അവൾ നിർവ്വഹിച്ചുകൊണ്ടിരുന്ന പ്രയോജനപ്രദമായ ദിവ്യോദ്യോഗം നടപ്പിൽവരുത്തുന്നതിൽനിന്നു തടഞ്ഞുകൊണ്ടു് അവളെ അടിമത്തത്തിൽ വെച്ചുകൊണ്ടിരിക്കുന്ന അധമശക്തികളിൽനിന്നും അവൾ സ്വതന്ത്രയാകുന്നതിനുംവേണ്ടി, മദ്ധ്യസ്ഥപ്രാർത്ഥനാനിരതമായ ഹൃദയങ്ങളെ ദൈവത്തിങ്കലേക്കു് ഉയർത്തണമെന്നു് ആവശ്യപ്പെടുകയുംചെയ്യുന്നു.

സ്റ്റാൻഡിംഗ്കമ്മിററി ഒക്ടോബർ 10-ാംനു- പോളിഷ് റിപ്പബ്ലിക്ക് പ്രസിഡൻറിനു താഴെക്കാണുന്ന പ്രതിഷേധകേബിൾസന്ദേശം അയച്ചിരിക്കുന്നു:“ഇൻഡ്യയിലെ കത്തോലിക്കാബിഷപ്പന്മാരും വൈദികരും ജനങ്ങളും കർദ്ദിനാൾ പ്രൈമേററിനെതിരായുള്ള പോളിഷ് ഗവർമ്മെൻറിന്റെ പ്രവൃത്തിയിൽ അത്യന്തം ഖേദിക്കുന്നു. അദ്ദേഹത്തിന്റെമേൽ ചുമത്തിയിരിക്കുന്ന അവശതകളെ ശക്തിയായി പ്രതിഷേധിക്കുന്നു. പ്രാഥമികമായ മനുഷ്യാവകാശങ്ങളും പരിപൂർണ്ണമായ മതസ്വാതന്ത്ര്യവും അദ്ദേഹത്തിനു തിരിച്ചുനൽകുവാൻ ആവശ്യപ്പെടുകയുംചെയ്യുന്നു.”

മിഷൻസൺഡേ പ്രമാണിച്ച് മാർപ്പാപ്പാ തിരുമേനി കത്തോലിക്കാ മെത്രാന്മാർക്ക് അയച്ചിരിക്കുന്ന തിരുവെഴുത്തിൽ പോളിഷ് ഗവമ്മെൻറിന്റെ നടപടിയെ പ്രതിഷേധിച്ചിട്ടുണ്ടു്. “കർദ്ദിനാൾ തിരുമേനിയെ തന്റെ ജോലി നിർവ്വഹിക്കുന്നതിൽനിന്നു് സസ്പെൻറ് ചെയ്യുന്നതിനും ബലംപ്രയോഗിച്ച് തടങ്കലിലാക്കുന്നതിനും കഴിഞ്ഞ മാസത്തിൽ പോളിഷ് ഗവർമ്മെൻറിനെ അഴിച്ചുവിട്ടിരിക്കുന്ന തിന്മയുടെ ശക്തികൾ നയിച്ചിരിക്കുന്നു”വെന്നാണു് പരിശുദ്ധപിതാവു് പ്രസ്താവിച്ചിരിക്കുന്നതു്.

കർദ്ദിനാൾ തിരുമേനിക്കും

## വിജ്ഞാപനം

അടുത്തയാഴ്ചയിൽ സത്യദീപം പുറപ്പെടുന്നതല്ല.

പോളിഷ് ജനതക്കുംവേണ്ടി നമുക്കു പ്രാർത്ഥിക്കാം.

* * *

## ടൈംസ്പത്രത്തിന്റെ അപലപനം

“പീഡനം” എന്ന തലക്കെട്ടിൽ ലണ്ടനിലെ ടൈംസ് എഴുതിയ ഒരു മുഖപ്രസംഗത്തിൽ മതത്തിനെതിരായി കിഴക്കൻയൂറോപ്പിൽ കമ്മ്യൂണിസ്റ്റുകാർ നടത്തുന്ന പ്രക്ഷോഭണത്തെ ശക്തിയായി അപലപിച്ചിരിക്കുന്നു. പോളണ്ടിലെ കത്തോലിക്കാസഭക്കെതിരായി ഈയിടെ നടന്നുകൊണ്ടിരിക്കുന്ന ആക്രമണങ്ങളെ വിവരിച്ചുകൊണ്ടു് പത്രം ഇങ്ങനെ എഴുതുന്നു:

“സമൂഹത്തിൽനിന്നും മതത്തെ ഉന്മൂലനാശം ചെയ്യുകയെന്നതാണു് കമ്മ്യൂണിസ്റ്റുകളുടെ അന്തിമലക്ഷ്യമെന്നുള്ളതു് പരമാർത്ഥം തന്നെ. ഇക്കാര്യത്തിൽ കമ്മ്യൂസിസത്തിന്റെ ഭവിഷ്യവാദികളെല്ലാവരും കണിശമായ അഭിപ്രായങ്ങളാണു് പുറപ്പെടുവിച്ചിട്ടുള്ളതു്. അതെക്കുറിച്ചു യാതൊരഭിപ്രായവ്യത്യാസത്തിനും വകയില്ല. മൃഗീയവും നിർദ്ദയവുമായ ഒരു സമരമാണിതു്.

“കിഴക്കൻയൂറോപ്പിലെഎല്ലാം ബിഷപ്പന്മാർക്കും പുരോഹിതന്മാർക്കും ക്രിസ്ത്യാനികൾക്കും കർദ്ദിനാൾ മിൻസെൻറി തിരുമേനി അദ്ദേഹത്തിന്റെ അന്തിമമായ ഇടയലേഖനത്തിൽ പ്രസ്താവിച്ചിരുന്ന വാചകം ന്യായമായി ആവർത്തിക്കാവുന്നതാണു്.

“എന്റെ മുൻഗാമികളിൽആരുംതന്നെ എന്നെപ്പോലെ യാതൊരു പോംവഴിയുമില്ലാതെ നിലകൊള്ളേണ്ടിവന്നിട്ടില്ല.”

* * *

## വിദേശമിഷനറിമാരെ ഡോ. രാധാകൃഷ്ണൻ പ്രശംസിക്കുന്നു

ഫിലാഡെൽഫിയാ മെഡിക്കൽ മിഷൻ സിസ്റ്റേഴ്സിന്റെ പ്രയത്നഫലമായി ന്യൂഡൽഹിയിൽ സ്ഥാപിച്ചിരിക്കുന്ന ഹോളിഫാമിലി ആശുപത്രിയുടെ ഉൽഘാടനം പ്രമാണിച്ച് ആശുപത്രി അങ്കണത്തിൽ ഒക്ടോബർ 5-ാംനു- കൂടിയ പൊതുയോഗത്തിൽവച്ചു ഇൻഡ്യൻ വൈസ്പ്രസിഡണ്ടു് ഡോക്ടർ രാധാകൃഷ്ണൻ വിദേശമിഷനറിമാരുടെ സേവനങ്ങളെ അഭിനന്ദിച്ച് ഇപ്രകാരം പ്രസ്താവിച്ചു:-

സാമൂഹ്യസേവനമാണു മതത്തിന്റെ ബാഹ്യലക്ഷണമെന്ന വസ്തുത നമ്മെ അനുസ്മരിപ്പിക്കുന്ന ഒരു ചടങ്ങാണിതു്. “പ്രവൃത്തനമില്ലാത്ത വിശ്വാസം അർത്ഥശൂന്യമാണു്.” ദീനാനുകമ്പ എല്ലാ മതങ്ങളും അനുശാസിക്കുന്നുണ്ടു്. മെഡിക്കൽ മിഷൻ സിസ്റ്റേഴ്സിന്റെ സേവനം, ഇന്ത്യയിൽ ബി സി മൂന്നാംശതകത്തിലെ അശോകന്റെ ശിലാലിഖിതങ്ങളിൽ കാണുന്ന ആദർശങ്ങളെ അനുസ്മരിപ്പിക്കുകയാണു ചെയ്യുന്നതു്. ഇന്ത്യയിൽ ദുരിതമനുഭവിക്കുന്ന സാധുക്കളുടെ സംരക്ഷണത്തിനുവേണ്ടി ആയിരമായിരം മൈലുകൾക്കകലെനിന്നും ഇവിടെ എത്തി ഏററം ദുരിതപൂർണ്ണമായ സാഹചര്യങ്ങളിൽ കഷ്ടതകളും സഹനങ്ങളും ഏറെറടുത്തു 1526 മുതൽ ഇന്ത്യയിൽ സാധുജനസേവനം അനുഷ്ഠിച്ചുവരുന്ന മെഡിക്കൽ മിഷൻ സിസ്റ്റേഴ്സിന്റെ പ്രവർത്തനങ്ങൾ ഏററവും പ്രശംസാർഹമാണു്. സഹനവും ത്യാഗവും കൊണ്ടു മാത്രമേ പൊതുജനസഹകരണം സമ്പാദിക്കുവാൻസാധിക്കുകയുള്ളു എന്നു കോൺഗ്രസുകാർ വിപ്ലവകാലത്തു അറിഞ്ഞതാണു്. അതാണു് ബ്രിട്ടീഷ്ഭരണകാലത്തു കോൺഗ്രസിനു പിൻബലം കൊടുത്തതു്. എന്നാൽ സ്വാതന്ത്ര്യലബ്ധിക്കുശേഷം ആ സേവനസന്നദ്ധത കോൺഗ്രസുകാരിൽനിന്നു ഭൂഗർഭത്തിലേക്കു തിരോധാനംചെയ്തിരിക്കയാണു്. ഇന്നു ഇന്ത്യയിൽ ദൃശ്യമാകുന്ന അസംതൃപ്തിക്കും നിരാശയ്ക്കും കാരണം ഇതാണു്. വസ്ത്രമില്ലാത്തവർക്കു ഉടുക്കാൻ കൊടുക്കാനും കുടിപ്പാനില്ലാത്തവർക്കു കുടിപ്പാൻ കൊടുക്കാനും രോഗികളെ സമാശ്വസിപ്പിക്കുവാനും അനുശാസിക്കുന്നമതമാണു് യഥാർത്ഥമതം. രോഗികളെ ശുശ്രൂഷിക്കുന്നതിൽ ലോകം മുഴുവൻ വെടിഞ്ഞു വ്യക്തിപരമായി യാതൊരുദ്ദേശവുമില്ലാതെ സേവനമനുഷ്ഠിക്കുന്ന മെഡിക്കൽമിഷൻ സിസ്റ്റേഴ്സിന്റെ പ്രവർത്തനങ്ങൾ ഏററവും ശ്ലാഘനീയമാണു്. ഗവമ്മെണ്ടും പൊതുജനങ്ങളും സഹകരിച്ചു രാഷ്ട്രത്തിന്റെ ആവശ്യങ്ങൾ നിറവേററുന്നതിനു നടത്തുന്ന ശ്രമത്തെ വിജയിപ്പിക്കുന്നതു ഇത്തരം സ്ഥാപനങ്ങളാണു്. പ്രസംഗം ഉപസംഹരിച്ചുകൊണ്ടു് അദ്ദേഹം പറഞ്ഞതു് ഹോളിഫാമിലി ആശുപത്രി തലസ്ഥാനനഗരിയിലെ ഒന്നാംകിടയിലുള്ള ആശുപത്രിയായിത്തീരുമെന്നും അതിനുള്ള സകല കഴിവുകളും അതിന്റെ പ്രവർത്തകർക്കുണ്ടെന്നുമാണു്. ഇന്ത്യയിൽ പരിശീലനം സിദ്ധിച്ച നേഴ്സുകളുടെ ആവശ്യത്തെ അനുസ്മരിപ്പിച്ചുകൊണ്ടു ഡോ. രാധാകൃഷ്ണൻ പറഞ്ഞതു് ഹോളിഫാമിലി ആശുപത്രിയിൽനേഴ്സിംഗ്പരിശീലനത്തിനുള്ള സൗകര്യവും കൊടുക്കുന്നു എന്നുള്ളതു് പ്രശംസനീയമായ ഒരു വസ്തുതയാണെന്നാണു്.

കന്യാസ്ത്രീകളുടെ ജീവകാരുണ്യപ്രവർത്തനങ്ങളെ അഭിനന്ദിച്ച് ആരോഗ്യമന്ത്രി രാജകുമാരി അമൃതകൗറും, ഡൽഹിസ്റ്റേററിലെ ആരോഗ്യമന്ത്രി ഡോ. സുശീലാനായരും ഇന്ത്യൻ റെഡ്ക്രോസ്സ് സൊസൈററിയുടെ സെക്രട്ടറി ജനറൽ സർദാർ ബൽവന്തസിംഗും സംസാരിച്ചു. വിദേശമിഷനറിമാരെപ്പററി പാർലമെൻറിനകത്തും പുറത്തും ഡൽഹിനിവാസികൾ കുറെനാളായി കേട്ടുവന്ന വിമർശനങ്ങൾ ഒട്ടേറെ ശമിപ്പിക്കുന്നതിനു് ഈ പ്രസ്താവങ്ങൾ പര്യാപ്തമായിട്ടുണ്ടെന്നറിയുന്നു. അതിൽ നമുക്കു സന്തോഷിക്കാം.

സത്യദീപം വരിസംഖ്യ

| | പ്രതിവർഷം |
|---|---|
| ഇൻഡ്യയിൽ | ക. 6— 8—0 |
| ഇൻഡ്യക്കുപുറമെ | " 8—12—0 |


## അടുത്തയാഴ്ചയിൽ

ഒക്ടോബർ

25 ഞാ: പന്തക്കുസ്ത 22-ാം ഞായർ. ക്രിസ്തുവിന്റെ രാജത്വം
26 തി: എവരിസ്തോസ്
27 ചൊ: ഫ്ളോറൻറ്
28 ബു: ശെമയോനും യൂദായും
29 വ്യാ: എവുസ്താവിസ്
30 വെ: കോസ്മാസും ദമിയാനോസും
31 ശ: വുൾഫ്ഗാംഗ്

## ജപാപ്പസ്തോലസഖ്യം

(നവംബർ)

പൊതുനിയോഗം: ഭവനനിർമ്മാണപ്രശ്നം വേണ്ടപോലെ പരിഹരിക്കുവാൻ.

മിഷൻനിയോഗം: ആഫ്രിക്കയിലുള്ള നമ്മുടെ സ്കൂളുകളുടെ സ്വാതന്ത്ര്യത്തിനുവേണ്ടി.

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ എന്റെ സുഖക്കേടു് മാറിയതിനു കൃതജ്ഞത.

ദേവസിക്കുട്ടി എം. എ.,
കോതമംഗലം

## പുസ്തകാഭിപ്രായം

### ശുദ്ധീകരാത്മാക്കളുടെ വണക്കമാസം

[പരിഭാഷകൻ: റവ. ഫാ. വിക്ടർ സി. ഡി. പ്രസാധകർ: എസ്. എച്ച്. ബുക്ക്സ്റ്റാൾ, മാന്നാനം. പേജ് 302. വില കാലിക്കൊ 1—6—0 തുകൽ 1—14—0]

ആധുനികകാലത്തെ ലൗകായതികചിന്താഗതി നിമിത്തം പരേതരുടെ ആത്മാക്കളെക്കുറിച്ചുള്ള സ്മരണയും അവർക്കുവേണ്ടി പ്രാർത്ഥിക്കുന്ന പതിവും ജനതാമദ്ധ്യത്തിൽനിന്നും മന്ദംമന്ദം തിരോഭവിക്കാൻ തുടങ്ങിയിട്ടുണ്ടു്. ഈ വിപത്തിനെ തടയാൻ പര്യാപ്തമായ നല്ലൊരു കൃതിയാണു്, പരിഷ്കരിച്ച് ഭംഗിയായി മുദ്രണം ചെയ്തിരിക്കുന്ന ഈ ഗ്രന്ഥം. ശുദ്ധീകരണസ്ഥലത്തിൽ വേദനയനുഭവിക്കുന്ന ആത്മാക്കളെ സ്മരിക്കുന്നതിനും അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനും പ്രത്യേകം നിയുക്തമായിരിക്കുന്ന നവംബർ മാസത്തിൽ ഈ പുസ്തകത്തിന്റെ പ്രയോജനം മററവസരങ്ങളെ അപേക്ഷിച്ച് കൂടുതൽ അനുഭവപ്പെടുന്നതാണു്. (ഈ പുസ്തകം എറണാകുളം “മൂക്കന്നൂർ ഡിപ്പോ”യിലും വില്പനയ്ക്കുണ്ടു്.)

(5-ാംപേജ് തുടർച്ച)

ങ്ങപിടിച്ചിട്ടില്ല. പുല്ലുപറിക്കാൻ പോകുമ്പോൾ, പുല്ലുകെട്ടിനുള്ളിൽ എട്ടുപ്പത്തു കപ്പയും ചേനയും ചേമ്പും മററും മററും ശേഖരിക്കമായിരുന്നു. അവരുടെ ഇതു കാം കൂട്ടുന്തോറും തങ്കയുടെ വാത്സല്യവും വർദ്ധിച്ചുവന്നു. "മോനേ! ആക്കം പിടികൊടുക്കരുതു് കേട്ടോ...." തങ്കയുടെ വാക്കുകൾ പലപ്പോഴും ഹൃദയമിതികളിൽ മാറൊലികൊള്ളുമായിരുന്നു.

അവൻ വെളുക്കുമ്പോൾ മുതൽ കറുക്കുന്നതുവരെ ബുദ്ധിമുട്ടിയാൽ കിട്ടുന്നതു് ഇടങ്ങഴിയരി. അതുകൊണ്ടുവേണം അവരുടെ നിത്യവൃത്തി കഴിയാൻ—ആയിരമായിരം കാര്യങ്ങൾ നടത്താൻ. പീലി, അവനും വലുതാവരികയാണു്. പല ആവശ്യങ്ങളും അവനും കാണും. ചീട്ടുകളിക്കണം, ചായ കുടിക്കണം, അങ്ങനെ പലതും. അവനു തങ്ക നൽകിയിരിക്കുന്ന ജോലി പശു സംരക്ഷണം. ആരായാലോ അവൾ ഏതിക്കും. ചട്ടയും, മുറിക്കും. മിച്ചമുണ്ടെങ്കിൽ കെട്ടിച്ചു മേൽക്കു കൊടുക്കണം.

പീലിക്കു രോഗംവന്നപ്പോൾ അവളുടെ ആഭരണം—രണ്ടു കുണുക്കു്—വിററതാണു്, ചികിത്സയ്ക്കുവേണ്ടി. അവൾ പലനാളും വിചാരിച്ചു കുണുക്ക പണിയിക്കണമെന്നു്. സാധിച്ചില്ല.

"ആരെക്കൊണ്ടു് മാല കൊടുപ്പിക്കണം—ഏതു തട്ടാനാണു് തട്ടിപ്പറിക്കാത്തതു്"—പലവിധ ചിന്തകൾ പീലിയെ ബാധിച്ചു കൊണ്ടിരുന്നു.

ഇൻസ്പെക്ടറുടെ വീട്ടിലെ പ്രായമായ കുട്ടികൾ രാവിലെ പള്ളിയിൽ പോയിരുന്നു; ദിവ്യകർമ്മങ്ങളിൽ സംബന്ധിക്കാൻ, വി. കർബാന സ്വീകരിക്കാൻ. എന്നിട്ടും പെരുന്നാളിനുടൻ വീണ്ടും പോകണമെന്നു് അവർ ആഗ്രഹിച്ചു; അമ്മയെ വിവരം ധരിപ്പിച്ചു; അവർ സമ്മതിച്ചു.

"ശാന്തമ്മേ! ശാന്തമ്മേ!!" ഓരോരുത്തർ മാറിമാറി വിളിച്ചു. "വരുന്നു; വരുന്നു." മുറിക്കകത്തു നിന്നും സ്വരംമാത്രം വെളിയിലേക്കു വന്നു. അവൾ പുസ്തകങ്ങളെല്ലാം തിരിച്ചും മറിച്ചും നോക്കുകയാണു്, ക്രൂശ കാണാൻ. നേരം പോയതു് അവൾ അറിഞ്ഞില്ല. അനുജത്തി വിളിയും തുടങ്ങി.

"എന്റെ ക്രൂശ...എന്റെ ക്രൂശ." ഒരു വിങ്ങിപ്പൊട്ടൽ. ബഹളം കേട്ട തങ്കമ്മ മുറിയിൽനിന്നും ഓടിവന്നു. "എന്നാ മോളേ ...എന്നാ മോളേ" അവരും പുസ്തകമെല്ലാം നോക്കി. "എടീ, നീ വച്ചടത്തു നോക്കു്" അവർക്കു ദേഷ്യംവന്നു.

"ഞാനീ നോവൽ പുസ്തകത്തിലാ വച്ചിരുന്നതു്, അമ്മച്ചിയും അപ്പച്ചനും തന്നപ്പോഴു്" വിമ്മിവിമ്മിക്കരഞ്ഞുകൊണ്ടു പറഞ്ഞു. നോക്കുകയാണു്.

"എടീ, മീനാക്ഷി" കോപത്തോടുകൂടി വിളിച്ചു.

"എന്താ കൊച്ചമ്മേ!" പാചകമുറിയിൽനിന്നും ഓടിവന്നു.

"നീ ഇവിടെനിന്നു ക്രൂശ എടുത്തോ!... നേരുപറയണം."

"അച്ചനാണേ, അമ്മയാണേ ഞാൻ എടുത്തിട്ടില്ല."

"എടീ, കള്ളീ, നേരുപറ. ഇപ്പോൾ പോലീസുകാരെ വരുത്തും."

"വള്ളിയങ്കൽ പകവതിയാണു്" വേലക്കാരിയും കരയാൻതുടങ്ങി, "ഞാൻ എടുത്തിട്ടില്ല. ഇന്നാളുല്ലേ, കൊച്ചമ്മയോടു പണംവാങ്ങിയതു്."

"ഠാ. ആട്ടെ. പിന്നെ ഇവിടെ ആരുവന്നു?"

"ആരും വന്നില്ല."

"പോടീ, കള്ളീ, ആരും വന്നില്ല. . . . അല്ലേ. . . ."

"അയ്യോ! എന്റെ മുത്തുമാലേ" ശാന്തമ്മ ഉറക്കെ കരഞ്ഞുതുടങ്ങി.

"എന്റെ മാതാവേ!" തങ്കമ്മ അറിയാതെ പറഞ്ഞുപോയി. മുറികൾ എല്ലാം പരിശോധിച്ചു, കള്ളൻ കയറിയതു കാണാൻ. ഒന്നിനും യാതൊരു വ്യത്യാസവും കാണുന്നില്ല. അവർ അതിശയിച്ചു മിഴിച്ചു നിന്നുപോയി.

പ്രകൃതിയുടെ പച്ചപ്പട്ടുവിരിച്ച പള്ളിമുററത്തു ജനസഞ്ചയം തിങ്ങിക്കൂടി. ഭക്തജനങ്ങൾ ദിവ്യകർമ്മങ്ങളിൽ പങ്കുകൊള്ളുന്നു; ഭൂരിപക്ഷവും മററു കാര്യങ്ങളിൽ. പീലിയും ഉണ്ടും തങ്കും കൊണ്ടു്, തെങ്ങിന്തൈത്തണ്ടി നടക്കയാണു്, പല കാഴ്ച്ചകൾ കാണാൻ.

പതിവിൽക്കവിഞ്ഞു പോലീസുകാർ അങ്ങുമിങ്ങും സഞ്ചരിക്കുന്നു. അവരെ കാണുന്നതു പീലിക്കു ഭയമാണു്. അവൻ കൂനിക്കൂനി തിക്കലിലേക്കു വലിഞ്ഞുകയറും. എന്തേയുതിപ്പോഴുകൂടി ചെന്നതു് ഒരു പോലീസുകാരന്റെ നേരെ. പെട്ടെന്നു് പുറകോട്ടുവലിഞ്ഞു, പരിഭ്രമിച്ചു്. രാമൻപിള്ളയ്ക്കു് ഒരു സംശയം. പിടിച്ചു. ടി. തെക്കേവശത്തുള്ള കടപ്പുറവിന്റെ തണലിലേക്കു കൊണ്ടുപോയി. പല ചോദ്യങ്ങൾ ഇറക്കിവിട്ടു. ഒരു ലിക്ക്മട്ടൽ. "ഛീ, പട്ടീ! നേരു പറേടാ" ലാത്തി അഞ്ചാറുപ്രാവശ്യം പുറത്തു വീണു.

"അയ്യോ,പൊന്നമ്മനേ നേരു പറയാമേ" പീലി വാവിട്ടു കരഞ്ഞു. ചുററും ആളുംകൂടി. രൂപാ എട്ടെണ്ണം കോടിത്തുണി വാങ്ങിയതും അവൻ സമ്മതിച്ചു.

"പിന്നെ ...മാല..." ഒന്നുരണ്ടു കൂടി ഇട്ടുകൊടുത്തു. മാല എടുത്ത കാര്യം സമ്മതിക്കയില്ല. "പൊന്നേമാന്നേ...എടുത്തില്ല...മാല." അവൻ ആയിരംവട്ടം സത്യം ചെയ്തു.

"ഉം...നട..." പിടലിക്കുപിടിച്ചുതള്ളി. പോലീസുകാരുടെ അകമ്പടിയോടുകൂടി കള്ളൻ നടന്നു, വീട്ടിലേക്കു്.

പാവം! തെറതി; ഇതൊന്നും അറിഞ്ഞില്ല. അവൾ പള്ളിയിൽവന്നു. ഒന്നു ചുററി സഞ്ചരിച്ചു. അല്ലറചില്ലറ വാങ്ങി. പ്രദക്ഷിണം കഴിഞ്ഞു; അവൾ വീട്ടിലേക്കു മടങ്ങി, ഒരു ചുമടു കലവും കൊണ്ടു്. അതിനകത്തു് മീനും ഉഴുന്നാടയും, ചീപ്പും...മററും മററും...

വിങ്ങി വിയത്തു് ചുമടു് തിണ്ണയിൽവച്ചു. അടുക്കളയുടെ മാമാററി. ചട്ടിയും കലവും, കഞ്ഞിയും കറിയും നിറഞ്ഞുകിടക്കുന്നു. "പട്ടി മട്ടിപ്പിച്ചു." അവൾക്കു സങ്കടവും കോപവും ഒരേസമയത്തുണ്ടായി. പൊട്ടിയവ വട്ടിയിലാക്കി കാട്ടിലെറിഞ്ഞു. പുത്തൻ പാത്രത്തിൽ ഭക്ഷണം പാകം ചെയ്യാൻതുടങ്ങി.

ഇം നേരം സന്ധ്യയായി; അവനെ കാണുന്നില്ല. തിട്ടക്കത്തിൽ ജോലികൾ മുഴുവൻ നിർവഹിച്ചു. മുററത്തരികിലുള്ള കല്പവൃക്ഷത്തിൽ ചാരി കിഴക്കോട്ടു നോക്കി അവളങ്ങു നില്പുമായി, മകനെനോക്കി. വരമ്പും മരങ്ങു കൊട്ടക്കാൻ പൂലിവാറു കൈയിലും.

ആദിത്യൻ പശ്ചിമാംബുധിയിൽ മുങ്ങാൻ തുടങ്ങുന്നു. എന്നിട്ടും മകനെ കാണുന്നില്ല. അവൾക്കു പരവശമായി. നീണ്ടുകിടക്കുന്ന രാജപാതയിൽ ആൾക്കൂട്ടം. അവൾ ഒരു കല്ലിന്റെ പുറത്തു കയറിനിന്നു നോക്കി, മകൻ ഉണ്ടോയെന്നു്. രണ്ടു പോലീസുകാരുടെ മദ്ധ്യത്തിൽ—പീലി—അവർക്കു ഭയം—ഒരു വിറയൽ.

"ഉം. നടക്കടാ..." ലാത്തി പുറത്തുവീണു.

"എവിടെ മാല" തെങ്ങുചാരി നില്ക്കുന്ന തങ്കയോടു കയർത്തു.

"അയ്യോ.... മാല... ഞാനെടുത്തില്ല." അവൾ കരഞ്ഞുകൊണ്ടു നേരുപറഞ്ഞു.

"ഛീ! കള്ളി! കള്ളനു കൂട്ടുനില്ക്കുന്നോ..." അവർ വീട്ടിനുള്ളിൽ പ്രവേശിച്ചു. പൊട്ടച്ചട്ടിയും കുട്ടിപ്പാളയുമെല്ലാം പരിശോധിച്ചു, കണ്ടില്ല.

"എവിടെ മാല." പീലിയുടെ പുറത്തു ലാത്തി വീഴുന്നതു കണ്ടപ്പോൾ തങ്കയും പൊട്ടിക്കരഞ്ഞു. "എന്റെ പൊന്നു ഏമാനന്മാരേ തല്ലിക്കൊല്ലരുതേ ദൈവത്തെ ഓർത്തു്."

കള്ളനൊരു സംശയം. മാല എവിടെവച്ചെന്നു്. അവിടെയും ഇവിടെയും, അരകല്ലിന്റെ അടുത്തും അട്ടപ്പിൻമുട്ടിലും നോക്കി, കണ്ടില്ല. അവർക്കു കോപം കൂടുന്തോറും ചതയും വർദ്ധിച്ചുവന്നു. അവൻ ഓടി പൊത്തുപിടിച്ചു വരിക്കമാവിന്റെ ചുവട്ടിലേക്കു്, പുറകേ പോലീസുകാരും. കുറച്ചുസമയം പണിപ്പെട്ടു് മാല പൊക്കിയെടുത്തു.

"ഇനിയും പലതും തെളിയാനുണ്ടു്. നട സ്റ്റേഷനിലേക്കു്." രാമൻപിള്ള ശഠിച്ചു. അമ്മയും മകനും നടന്നു, കരഞ്ഞുകൊണ്ടു്. അവർ ചുററും നോക്കി, ആരെങ്കിലും സഹായിക്കാൻ വരുന്നുണ്ടോയെന്നു്. പരിചിതമുഖങ്ങൾ പലതും കണ്ടു. പക്ഷേ പുറംതിരിഞ്ഞുകളഞ്ഞു. "കള്ളത്തിനാരു് കൂട്ടുനില്ലും" ഓരോരുത്തരും ചിന്തിച്ചുകൊണ്ടു നടന്നുപോയി.

ഇൻസ്പെക്ടറുടെ കാരുണ്യം കൊണ്ടു് സ്റ്റേഷനിൽവച്ചു് ദേഹോപദ്രവം സഹിക്കേണ്ടിവന്നില്ല. അദ്ദേഹത്തിന്റെ മുൻപിൽ അവർ സത്യം മുഴുവൻ തുറന്നുപറഞ്ഞു. അവൻ പല മോഷണങ്ങളും ചെയ്തിട്ടുണ്ടെന്നും അവ ഒളുക്കിയതു അവളാണെന്നും മററും.


കേസ് ചാർജ്ജ്ചെയ്തു. അഞ്ചാറുതവണ നടന്നപ്പോൾ വിധിയുണ്ടായി.

"അവൻ തെററുകാരനല്ല." കാരണം, ചെറുപ്പംമുതൽ വളർന്നുവന്ന മോഷണശീലം മാററിയിരുന്നുവെങ്കിൽ, അതിനു വളം കൊടുക്കാതിരുന്നുവെങ്കിൽ, വേണ്ടവിധത്തിൽ പ്രാപ്തി അനുസരിച്ചു് വളർത്തിയിരുന്നുവെങ്കിൽ അവൻ ഇത്രമാത്രം മോഷണങ്ങൾ ഈ ചെറുകാലയളവിനുള്ളിൽ ചെയ്യുകയില്ലായിരുന്നു. അതിനാൽ തങ്ക കുററക്കാരി—അഞ്ചുമാസത്തെ വെറുംതടവു്. പീലിയെ ഉത്തമപൗരനാക്കുന്നതിനു് ദുർഗ്ഗുണപരിഹാരപാഠശാലയിൽ പരിശീലിപ്പിക്കട്ടെ.

അമ്മ സെൻട്രൽ ജയിലിലേക്കും മകൻ ദുർഗ്ഗുണപരിഹാരപാഠശാലയിലേക്കു ആനയിക്കപ്പെട്ടു. എല്ലാവർക്കും സന്തോഷമായി.

——

ദ്വിതീയചരമവാർഷികം



റവ. ഫാ. അബ്രാഹം കൊടകശ്ശേരി

ചരമം: 25—10—1951

By Fr. T. Kodakachery

## തിരുത്തു്

ഈ ലക്കം 2-ാം പേജു് 2-ാം കോളത്തിൽ "10-ാം നൂററാണ്ടിനു ശേഷം" എന്നു് അടിച്ചിരിക്കുന്നതു "19-ാം നൂററാണ്ടിനു ശേഷം" എന്നു തിരുത്തിവായിപ്പാൻ അപേക്ഷ.

### വിവാഹമംഗളാശംസ

ചിററൂർപള്ളി ഇടവക കോക്കോത്ത് പൗലോസിന്റെ പുത്രൻ ശ്രീമാൻ റപ്പായിയും തൊഴക്കാവു പള്ളി ഇടവക തലക്കോട്ടുക്കര ചാക്കോവിന്റെ പുത്രി ശ്രീമതി വെറോണിക്കായുംതമ്മിൽ വിവാഹം തൊഴക്കാവു പള്ളിയിൽവച്ചു് സെപ്റ്റംബർ 14-ാംനു സമംഗളം നടന്നിരിക്കുന്നു. നവദമ്പതിമാർക്കു് സൗഭാഗ്യകരമായ സർവ്വവിധ വിജയങ്ങളും ആശംസിക്കുന്നു.

ജോസഫ് പി. എൽ.,
കൊളമ്പു്

## തിരുക്കൊച്ചിവാർത്തകൾ

### ഡി. സി. സി. പ്രസിഡണ്ടുമാർ


തിരുകൊച്ചിയിലെ ഡിസ്ട്രിക്ട് കോൺഗ്രസ്സ് കമ്മിററി പ്രസിഡണ്ടുമാരായി പുതുതായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നവരുടെ പേരുകൾ താഴെ ചേർക്കുന്നു: മെ. കെ. ആർ. ഇലങ്കത്തു്—തിരുവനന്തപുരം, ചെറിയാൻകാപ്പൻ—മൂവ്വാററുപുഴ, കെ. കരുണാകരൻ—തൃശൂർ, ഇ. കെ. മാധവൻ—എറണാകുളം, എൻ. പത്മനാഭപിള്ള—കൊല്ലം, വി. ഒ. മർക്കോസ്—കോട്ടയം, ടി. എ. അബ്ദുള്ള—ആലപ്പുഴ, പി. സദാശിവൻപിള്ള—തിരുവല്ല, ബാലകൃഷ്ണനാടാർ—നാഗർകോവിൽ.

### മീനച്ചിൽ തിരഞ്ഞെടുപ്പു്

മീനച്ചിൽ പാർലമെന്റുമണ്ഡലത്തിലെ ഉപതിരഞ്ഞെടുപ്പിനു് സ്ഥാനാർത്ഥികളായി നാമനിർദ്ദേശപത്രിക സമർപ്പിച്ചിരുന്ന മൂന്നുപേരിൽ മി. മാനുവൽ പൈകട തന്റെ പത്രിക പിൻവലിച്ചിരിക്കുന്നു. ശേഷിച്ചിരിക്കുന്ന സ്ഥാനാർത്ഥികൾ മി. ജോർജ്ജ് തോമസ് കൊട്ടുകാപ്പിള്ളി (കോൺഗ്രസ്സ്), ശ്രീമതി അക്കാമ്മചെറിയാൻ (അക്കാമ്മചെറിയാൻ) എന്നിവരാണു്.

——


8 o'clock MORNING OR EVENING



Liberty REGD.
8 O'CLOCK SHIRT
Certified Washable

Rs. 12/8

Presenting Liberty's new masterpiece — 8 o'clock shirt, made of pre-shrunk, crisp white poplin. Specially styled for your morning and evening wear. This shirt has been specially built to last longer and wear better. Ask your nearest dealer to-day for this new Liberty sensation.

All Liberty Goods Available at
TRICHUR CHAKOLAS SILK HOUSE ERNAKULAM

വിമർശനവീഥി

# സാംസ്കാരികസ്വാതന്ത്ര്യസംഘടനയുടെ കമ്മ്യൂണിസ്റ്റ്‌വിരുദ്ധപ്രമേയങ്ങൾ

**സോവ്യററു് യൂണിയന്റെ സാമ്രാജ്യദുൎമ്മോഹം—കമ്മ്യൂണിസം സൃഷ്ടിച്ച അടിമരാജ്യങ്ങൾ—കമ്മ്യൂണിസത്തിന്റെ ഇരട്ടഭാഷാപ്രയോഗം — പാശ്ചാത്യശക്തികൾ സാമ്രാജ്യദുൎമ്മോഹം കൈവെടിഞ്ഞുകൊണ്ടിരിക്കുന്നു—ചൈനീസ് മന്ത്രിയും ഇരട്ടഭാഷ ഉപയോഗിക്കുന്നു.**

സാംസ്കാരികസ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ഇന്ത്യൻകമ്മിററിയുടെ 2-ാം വാർഷിക കോൺഫറൻസ് കഴിഞ്ഞ സെപ്റ്റംബർ 12, 13 തീയതികളിൽ മദ്രാസിൽവെച്ചു നടത്തപ്പെട്ടു ഈ രാജ്യത്തിന്റെ നാനാഭാഗങ്ങളിൽനിന്നും ഗവൎണ്ണർമാരുടേയും മുഖ്യമന്ത്രിമാരുടേയും സൎവ്വകലാശാലാമേധാവികളുടേയും മററു ജനനേതാക്കന്മാരുടേയും അനുഭാവപൂൎവ്വകവും ആശംസാദായകവുമായ അനേകം സന്ദേശങ്ങൾ കോൺഗ്രസ്സിനു ലഭിച്ചു. സാംസ്കാരികസ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള കോൺഗ്രസ്സിന്റെ ഇന്റർനാഷണൽ സെക്രട്ടറിയേററും, അമേരിക്കൻ കമ്മിററിയും അവരുടെ സഹോദരാത്മകമായ മംഗളാശംസകൾ അയച്ചിരുന്നു. സമ്മേളനത്തിൽ പാസാക്കിയ പ്രമേയങ്ങൾ പലതും മനുഷ്യസ്വാതന്ത്ര്യത്തിനെതിരായി ലോകരാഷ്ട്രങ്ങളിൽ പ്രത്യേകിച്ചു കമ്മ്യൂണിസ്റ്റ് രാഷ്ട്രങ്ങളിൽ നടക്കുന്ന മൎദ്ദനങ്ങളേയും ദുർനടപടികളേയും പ്രതിഷേധിക്കുന്നവയായിരുന്നു.

### സോവ്യററുയൂണിയന്റെ സാമ്രാജ്യദുൎമ്മോഹം

പ്രസ്തുതപ്രമേയങ്ങളിൽ പ്രാധാന്യം വഹിക്കുന്ന ഒന്നാണു സോവ്യററ്റഷ്യയുടെ സാമ്രാജ്യദുൎമ്മോഹത്തെ പ്രതിഷേധിച്ചുകൊണ്ടുള്ളതു്. ആ പ്രതിഷേധം ഇങ്ങനെ പ്രകാശിപ്പിച്ചിരിക്കുന്നു:-

ഏഷ്യയിലെ മിക്ക ജനതതികളുടേയും ദേശീയസ്വാതന്ത്ര്യപ്രാപ്തി മകുടംചൂടിക്കൊണ്ടിരിക്കുകയാണു്. സൗഭാഗ്യകരമായ ഈ നേട്ടത്തിനുള്ള പ്രേരണകൾ സ്വന്തം ജീവിതരീതി അവലംബിക്കുവാനും, സ്വന്തം സംസ്കാരം വികസിപ്പിക്കുവാനും, വ്യക്തിയുടെ അന്തസ്സും സ്വാതന്ത്ര്യവും പ്രാവർത്തികമാക്കുവാനും, പ്രജായത്ത സമ്പ്രദായങ്ങളാൽ സാമ്പത്തികവും സാമുദായികവുമായ നീതി കൈവരുത്താനും ആ ജനങ്ങൾക്കുള്ള ആഗ്രഹങ്ങളാകുന്നു. ഏഷ്യയിലെ ഇത്രവളരെ ജനതതികൾ സ്വരാജ്യങ്ങളിൽ നാഥന്മാരായിത്തീരുകയും ദേശീയപുനരുദ്ധാരണത്തിനും സാംസ്കാരികപുനരുജ്ജീവനത്തിനുംവേണ്ടി ശ്രമിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ഈ സന്ദർഭത്തിൽ, ഒരു പുതിയതരം സാമ്രാജ്യദുഷ്പ്രഭുത്വം ചക്രവാളത്തിൽ പ്രത്യക്ഷപ്പെടാനിടയായതു് വളരെ ആപല്ക്കരംതന്നെ. "ജനമോചനം", "പ്രജായത്തം" എന്ന ഉൽകൃഷ്ട പദങ്ങൾ പ്രയോഗിച്ചുകൊണ്ടു ഈ പുതിയ സാമ്രാജ്യത്വം കിഴക്കും മധ്യവും യൂറോപ്പിലെ പത്തിൽ കുറയാത്ത രാഷ്ട്രങ്ങളുടെ സ്വാതന്ത്ര്യം നശിപ്പിച്ചുകഴിഞ്ഞു. അതിപ്പോൾ പൗരസ്ത്യദേശത്തേക്കു ദൃഷ്ടി തിരിക്കുകയും, പൗരസ്ത്യരാഷ്ട്രങ്ങളെ അതിന്റെ സാമ്രാജ്യവലയത്തിൽ ഉൾപ്പെടുത്തുവാൻ ശ്രമിക്കുകയും ചെയ്യുകയാണു്. ചരിത്രപരമായ സാഹചര്യങ്ങളിൽനിന്നു് മുമ്പിലത്തെ സാമ്രാജ്യത്വത്തിന്റേയും കൊളോണിയലിസത്തിന്റേയും ചൂഷണത്തിൽനിന്നും ആ രാഷ്ട്രങ്ങളിൽ ഉളവായിട്ടുള്ള ദാരിദ്ര്യത്തേയും അക്ഷരജ്ഞാനമില്ലായ്മയേയും സാമുദായികമായ പ്രത്യാഘാതങ്ങളേയും ഈ ശ്രമത്തിൽ അതു് പ്രയോജനപ്പെടുത്തിക്കൊണ്ടിരിക്കുന്നു. മോസ്കോയിൽനിന്നു് മാർഗ്ഗദർശനവും നിയന്ത്രണവും നൽകിക്കൊണ്ടിരിക്കുന്ന ഒരു അഞ്ചാംപത്തിവഴിയായിട്ടാണു് ഈ പുതിയ സാമ്രാജ്യത്വം പ്രവർത്തിക്കുന്നതു്; ഓരോ രാജ്യത്തും ഓരോ തന്ത്രങ്ങൾ മാറിമാറി അതു പ്രയോഗിക്കുന്നു; "സമാധാനപ്രസ്ഥാനം, മൈത്രീസംഘങ്ങൾ" തുടങ്ങി ഏററവും നിർദ്ദോഷമായ വേഷങ്ങൾ ഈ തന്ത്രങ്ങളിൽ ചിലതു് അണിയുന്നുമുണ്ടു; "പുരോഗമനസാഹിത്യം", "ജനകീയനാടകം" മുതലായ വശീകരപ്രയോഗങ്ങളാൽ ജനങ്ങളുടെ മനസ്സിനെ പുകകൊണ്ടു മൂടുന്നു; കമ്മ്യൂണിസത്തിലുള്ള വിശ്വാസം ഒരു പുതിയ മതവിശ്വാസമായി ജനങ്ങളുടെയിടയിൽ പ്രസംഗിക്കപ്പെടുന്നു; വിദേശരാജ്യങ്ങളിലേക്കു് പ്രതിനിധിസംഘങ്ങളെ അവരുടെ സകല ചെലവും ഉദാരമായി വഹിച്ചു് നിയോഗിച്ചുകൊണ്ടിരിക്കുന്നു. നിർഭാഗ്യവശാൽ ഈ പുതിയ സാമ്രാജ്യത്വത്തിന്റെ യഥാർത്ഥവസ്തുതകൾ ഇനിയും വേണ്ടിടത്തോളം അറിയപ്പെട്ടിട്ടില്ല. സോവ്യററുകാരുടെ കെട്ടുകഥകൾ ഇപ്പോഴും പ്രാബല്യത്തിലിരിക്കുകയും ചെയ്യുന്നു. തന്മൂലം കള്ളവേഷത്തിന്റേയും കള്ളമുദ്രാവാക്യങ്ങളുടേയും കള്ളവാഗ്ദാനങ്ങളുടേയും മായയിൽ ഈ പുതിയ ഭീഷണിക്കു് മുന്നേറുവാൻ സാധിക്കുകയും ചെയ്തിരിക്കുന്നു. ഏഷ്യാക്കാരായ ജനങ്ങളെ, അവരിൽ ബുദ്ധിജീവികളെ പ്രത്യേകിച്ചും ഈ വസ്തുതകൾ അറിയിക്കുകയും, അവരുടെ സ്വാതന്ത്ര്യത്തിനും സംസ്കാരത്തിനും അവ ആപൽക്കരമാണെന്നു് അവരെ മനസ്സിലാക്കുകയും ചെയ്യേണ്ടതു് അത്യന്താപേക്ഷിതമായിരിക്കുന്നു.

### കമ്മ്യൂണിസം സൃഷ്ടിച്ച അടിമരാജ്യങ്ങൾ

കമ്മ്യൂണിസ്റ്റാദർശം സ്വീകരിച്ചിരിക്കുന്ന സോവ്യററ്റഷ്യ ഏഷ്യയിലും യൂറോപ്പിലും പിടിച്ചടക്കി അതിന്റെ സാമ്രാജ്യത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന അടിമരാഷ്ട്രങ്ങൾ എത്രയെന്നു് അനുസ്മരിച്ചാൽ കാണാം, സാംസ്കാരികസ്വാതന്ത്ര്യസമ്മേളനത്തിലെ പ്രസ്തുതപ്രമേയത്തിൽ പ്രസ്താവിക്കുകയും പ്രതിഷേധിക്കുകയും ചെയ്തിരിക്കുന്ന കാര്യങ്ങൾ ഏററവും യഥാർത്ഥമാണെന്നു്. കമ്മ്യൂണിസ്റ്റുകാർ റഷ്യയിലെ അധികാരം രക്തപങ്കിലമായ വിപ്ലവത്താൽ പിടിച്ചടക്കിയശേഷം സ്ഥാപിക്കപ്പെട്ട സോവ്യററുയൂണിയന്റെ രാഷ്ട്രീയാധികാരപരിധികൾക്കുള്ളിൽ ഉൾപ്പെട്ടിരുന്ന ഏഷ്യൻ ജനതതികൾ അടിമകളാക്കപ്പെട്ടു. തദനന്തരം ആ പരിധികൾക്കപ്പുറം മോസ്കോയുടെ വകയായി പുതിയ കോളനികൾ കമ്മ്യൂണിസ്റ്റുകാർ സൃഷ്ടിച്ചു.

ഏകദേശം കാൽനൂററാണ്ടിനു മുമ്പു് താനൂ തുവാ (Tannu Tuva) എന്ന പ്രദേശം സോവ്യററുയൂണിയനോടു് കൂട്ടിച്ചേൎത്തു.

ചൈനാ സ്വതന്ത്രയായിരുന്ന കാലത്തു് അവളുമായി നടത്തിയ മര്യാദകെട്ട വിലപേശലിന്റെ ഫലമായി ഔട്ടർ മംഗോളിയ പിടിച്ചെടുത്തു.

ആദ്യം മഞ്ചൂറിയായുടെ പടിഞ്ഞാറെഭാഗവും, പിന്നീടു് മഞ്ചൂറിയ മുഴുവൻ തന്നെയും, സോവ്യററ് യൂണിയന്റെ സാമ്പത്തികകോളനിയായി പരിവൎത്തനം ചെയ്യപ്പെട്ടു.

ചൈനാവൻകര മോസ്കോയുടെ സഹായത്താൽ അവിടത്തെ കമ്മ്യൂണിസ്റ്റുകാർ വഞ്ചനാപരമായ യുദ്ധത്താൽ പിടിച്ചെടുത്തശേഷം, ആ മഹാരാജ്യത്തെ സോവ്യററധികാരികളുടെ വിധേയത്വത്തിൽ കഴിഞ്ഞുകൂടുന്ന ഒരു പാവഗവൺമെൻറു് ഭരിക്കയാണു്.

☛ വടക്കേ കൊറിയായും സോവ്യററ്യൂണിയന്റെ സാമ്രാജ്യത്തിലുൾപ്പെട്ട ഒരു പാവരാജ്യമായിത്തീൎന്നു. ഈ രണ്ടു പാവരാജ്യങ്ങളും, ചൈനായും വടക്കേ കൊറിയായും, സോവ്യററ് യൂണിയന്റെ സാമ്രാജ്യദുൎമ്മോഹത്താൽ പ്രേരിതരായി അയൽരാജ്യങ്ങൾ പിടിച്ചെടുക്കുവാൻ തുടങ്ങിയിരിക്കുന്നു.

ടിബററ് പിടിച്ചെടുത്തുകഴിഞ്ഞു ഇന്തോചൈനായെ പിടിച്ചെടുക്കുവാനുള്ള യുദ്ധം നടത്തിക്കൊണ്ടിരിക്കുന്നു.

സിങ്കിയാംഗിൽ ഒരു പ്രത്യേക ഗവർമ്മെൻറുണ്ടെങ്കിലും സോവ്യററുയൂണിയന്റെ പാവയായിട്ടാണു് അതു ഭരണം നടത്തുന്നതു്.

തെക്കുകിഴക്കേ യൂറോപ്പിലെ അടിമരാജ്യങ്ങളുടെ കാര്യം പ്രസിദ്ധമാണല്ലോ. പോളണ്ടു്, റുമേനിയ, ഹംഗറി, ബൾഗേറിയ, ചെക്കോസ്ലോവക്കിയ, കിഴക്കൻ ജർമ്മനി എന്നീ സ്വതന്ത്രങ്ങളായ രാജ്യങ്ങൾ സോവ്യററുയൂണിയന്റെ ആജ്ഞാനുവൎത്തികളായി അതിന്റെ സാമ്രാജ്യത്തിൽ ഉൾപ്പെട്ടുകിടക്കുന്നു.

ചുരുക്കിപ്പറഞ്ഞാൽ കമ്മ്യൂണിസത്തിന്റെ സാമ്രാജ്യദുൎമ്മോഹഫലമായി സോവ്യററുയൂണിയൻ 7500 ലക്ഷത്തിൽ (മുക്കാൽ ബില്യൺ) അധികം മനുഷ്യവ്യക്തികളുടെ ജീവിതത്തിലേക്കും ചിന്താശക്തിയിലേക്കും ഇച്ഛാശക്തിയിലേക്കും അതിന്റെ ക്രൂരമായ നിയന്ത്രണം ഏതാനും കൊല്ലങ്ങൾക്കുള്ളിൽ വ്യാപിപ്പിച്ചുകഴിഞ്ഞിരിക്കുന്നു.

### കമ്മ്യൂണിസത്തിന്റെ ഇരട്ട ഭാഷാപ്രയോഗം

കമ്മ്യൂണിസ്റ്റ് സ്വേച്ഛാധിപതികൾ അവരുടെ അടിമപൗരന്മാരെ സമാധാനപ്പെടുത്തുവാൻ വേണ്ടി ഇരട്ടഭാഷ പ്രയോഗിക്കുകയാണു പതിവു്. തങ്ങളിലുള്ള കറുപ്പിനെ അവർ വെളുപ്പെന്നും എതിരാളികളിലുള്ള വെളുപ്പിനെ കറുപ്പെന്നും അവർ വിളിക്കുന്നു. തങ്ങളുടെ യുദ്ധപ്രസ്ഥാനത്തെ സമാധാനപ്രസ്ഥാനമെന്നും എതിരാളികളുടെ സമാധാനപ്രസ്ഥാനത്തെ യുദ്ധപ്രസ്ഥാനമെന്നും അവർ വിളിക്കുന്നു. തങ്ങളുടെ സൎവ്വാധിപത്യപരമായ സ്വേച്ഛാഭരണത്തെ ജനങ്ങളുടെ പ്രജായത്തഭരണമെന്നും എതിരാളികളുടെ പ്രജായത്തഭരണത്തെ സ്വേച്ഛാധിപത്യമെന്നും അവർ വിളിക്കുന്നു. ഈ സമ്പ്രദായമനുസരിച്ചു് അമേരിക്ക, ബ്രിട്ടൺ മുതലായ പാശ്ചാത്യരാജ്യങ്ങളെ ആക്രമണകാരികളും സാമ്രാജ്യദുൎമ്മോഹികളുമെന്നു് അപലപിക്കുവാൻ അവൎക്കു മടിയില്ല. സോവ്യററു് പ്രധാനമന്ത്രി മലങ്കോവു് വടക്കേ കൊറിയാക്കാരെ അഭിവാദ്യംചെയ്തുകൊണ്ടു് ഈയിടെ നടത്തിയതായി റിപ്പോർട്ടുചെയ്യപ്പെട്ട ഒരു പ്രസംഗത്തിൽ ഇതിനു ഒന്നാംതരം ദൃഷ്ടാന്തം കാണുന്നുണ്ടു്. "പഴയ ഏഷ്യയുടെ സാമ്രാജ്യദിനങ്ങൾ കഴിഞ്ഞുപോയി" എന്നദ്ദേഹം പ്രസ്താവിച്ചു. തുടൎന്നു് അദ്ദേഹം പ്രഖ്യാപിച്ചു "ആക്രമണകാരികളായ വൃത്തങ്ങൾ ഈ വസ്തുത മനസ്സിലാക്കാൻ വിസമ്മതിച്ചു" എന്നു്. ആദ്യത്തെ പ്രസ്താവം തീൎച്ചയായും ശരിയാണു്. എന്നാൽ രണ്ടാമത്തേതു് ഇരട്ടഭാഷാപ്രയോഗത്തിന്റെ ഒന്നാംതരം ദൃഷ്ടാന്തമാണു്. "ആക്രമണകാരികളായ വൃത്തങ്ങൾ" എന്നു മലങ്കോവു പറയുമ്പോൾ വിവക്ഷിക്കപ്പെടുന്നതു പ്രധാനമായും യു. എസ്സ്. എ. യും അതിന്റെ പാശ്ചാത്യ സഖ്യരാജ്യങ്ങളും ആണെന്നു സ്പഷ്ടമാണല്ലോ. എന്നാൽ ആ രാജ്യങ്ങളെ സംബന്ധിച്ചുള്ള വസ്തുതകളെന്താണു? സാമ്രാജ്യദിനങ്ങൾ കഴിഞ്ഞുപോയി എന്നു് മനസ്സിലാക്കുവാൻ അവ വിസമ്മതിക്കുന്നുണ്ടോ? ആ രാജ്യങ്ങളുടെ അടുത്തകാലത്തുള്ള നടപടികൾ പരിശോധിക്കാം.

### പാശ്ചാത്യശക്തികൾ സാമ്രാജ്യദുൎമ്മോഹം കൈവെടിഞ്ഞുകൊണ്ടിരിക്കുന്നു

യു. എസ്സ്. എ. ക്കു് ഏഷ്യയിൽ ഒരേ ഒരു സാമന്തരാജ്യമേ ഉണ്ടായിരുന്നുള്ളു —ഫിലിപ്പൈൻസ്. ആ രാജ്യത്തിനു് യു. എസ്സ്. എ. യഥാർത്ഥവും പരിപൂർണ്ണവുമായ സ്വാതന്ത്ര്യം നൽകിക്കഴിഞ്ഞു.

ഗ്രേററു് ബ്രിട്ടൺ അതിന്റെ പിടിയിലിരുന്നിരുന്ന ഇന്ത്യക്കും പാക്കിസ്ഥാനും സിലോണിനും ബർമ്മായ്ക്കും പരിപൂർണ്ണമായ സ്വാതന്ത്ര്യം നൽകിയിരിക്കുകയാണു്. മലയായിൽ കൂടുതൽ വിസ്തൃതമായ സ്വയംഭരണം സ്ഥാപിക്കപ്പെടുവാൻ ബ്രിട്ടൺ അക്ഷീണം പരിശ്രമിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

നെതർലൻഡ് (ഹോളണ്ടു്) ഏഷ്യയിൽ അതിന്റെ കീഴിലിരുന്ന രാജ്യങ്ങൾക്കു് പരിപൂർണ്ണസ്വാതന്ത്ര്യം നൽകിയതിന്റെ ഫലമാണു് ഇൻഡോനേഷ്യായെന്ന പുതിയ രാഷ്ട്രത്തിന്റെ ആവിർഭാവം.

ഏഷ്യയിൽ തന്റെ കീഴിലുള്ള ഇൻഡോചൈനായിലെ സംസ്ഥാനങ്ങൾക്കു് ഫ്രാൻസ് സ്വാതന്ത്ര്യം നൽകുവാൻ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണു്. ആ സംസ്ഥാനങ്ങളേയും അവയുടെ സ്വാതന്ത്ര്യങ്ങളേയും ഇല്ലായ്മചെയ്യുവാൻ കമ്മ്യൂണിസ്റ്റുകാർ സമരം നടത്തുന്നില്ലായിരുന്നെങ്കിൽ പ്രസ്തുത നടപടികൾ കൂടുതൽ ദ്രുതഗതിയിൽ പുരോഗമിക്കുമായിരുന്നു.

സ്വാതന്ത്ര്യവും കോളനിയുടെ സ്വഭാവം അശേഷമില്ലാത്തതുമായ ഒരു കൊറിയായെ സ്ഥാപിക്കുവാനും സംരക്ഷിക്കുവാനും ഐക്യരാഷ്ട്രസംഘടന ശ്രമിക്കുകയുണ്ടായി. ആ ശ്രമങ്ങൾക്ക



1 2 3 4 5 6

1. ഒരു സംഘം പത്രപ്രവൎത്തകർ സാധുക്കൾക്കുവേണ്ടി നടത്തപ്പെടുന്ന ഒരു മിഷൻ ആസ്പത്രി സന്ദൎശിക്കയായിരുന്നു. 2. സാധുക്കളുടെ സഹോദരികൾ അവിടെ ചെയ്തുകൊണ്ടിരുന്ന നിരവധി കാരുണ്യപ്രവൃത്തികൾ സന്ദൎശകരെ ഹഠാദാകർഷിച്ചു. 3. ഒരു സഹോദരി ഭയങ്കരമായ ഒരു വ്രണം വളരെ സംതൃപ്തിയോടെ കഴുകിക്കൊണ്ടിരിക്കുന്നതുകണ്ടു് സന്ദൎശകഗണത്തിലെ ഒരു സ്ത്രീ അത്ഭുതപ്പെട്ടുപോയി. 4. ഏററം ദുഷ്കരമായിരുന്ന ആ കൃത്യം വളരെ സമൎത്ഥമായി തന്നെ ആ സഹോദരി നിൎവ്വഹിച്ചു. 5. ഒടുവിൽ സന്ദൎശക പറഞ്ഞു: "സഹോദരി, പത്തുലക്ഷം ഡോളർ കിട്ടാമെന്നുവച്ചാലും ഞാനിതു ചെയ്യുകയില്ലായിരുന്നു." 6. മുഖമുയൎത്തി ഒരു മന്ദഹാസത്തോടെ സഹോദരി പറഞ്ഞു: "ഞാനും ചെയ്യുകയില്ലായിരുന്നു."

ണ്ടായ ഏക വലിയ തടസ്സം സോവ്യറ്റ് യൂണിയന്റേയും അതിന്റെ പിണിയാളുകളുടേയും വഞ്ചനാപരമായ തന്ത്രങ്ങളായിരുന്നു.

ആകയാൽ സാമ്രാജ്യശക്തികളുടെ പിടിയിലിരുന്നിരുന്ന പഴയ ഏഷ്യാരാജ്യങ്ങളെല്ലാം ഉള്ളതു് ഏററവും വാസ്തവമാണു്. എന്നാൽ അതിനു് ഏഷ്യാ കടപ്പെട്ടിരിക്കുന്നതു് മലങ്കോവു് പ്രതിനിധീകരിക്കുന്ന കമ്മ്യൂണിസ്റ്റു് ഭരണത്തോടോ വ്യവസ്ഥിതിയോടോ അല്ല; പ്രത്യുത കാലഗതി മനസ്സിലാക്കാൻ വിസമ്മതിക്കുന്നെന്നു അദ്ദേഹം കുററം ആരോപിക്കുന്ന പാശ്ചാത്യരാജ്യങ്ങളോടുതന്നെയാണു്. ആ രാജ്യങ്ങൾ തങ്ങളനുഭവിക്കുന്ന സ്വതന്ത്രജീവിതത്തിന്റെ പങ്കു് ഏഷ്യാക്കാർക്കും ലഭിക്കുവാൻ വേണ്ടതു് ചെയ്യുകയാണുണ്ടായതു്.

### ചൈനീസ് മന്ത്രിയും ഇരട്ട ഭാഷ ഉപയോഗിക്കുന്നു

കമ്മ്യൂണിസ്റ്റു് ചൈനയുടെ വിദേശകാര്യമന്ത്രിയായ മി. ചു എൻ ലായി ചൈനാ ഉൾപ്പെടെയുള്ള 5 മഹാശക്തികളിലെ വിദേശമന്ത്രിമാരുടെ കോൺഫറൻസു് കൂടണമെന്നുള്ള സോവ്യറ്റ് നിർദ്ദേശത്തെ പിൻതാങ്ങിക്കൊണ്ടു് ഈ ഒക്ടോബർ ആദ്യത്തിൽ ചെയ്ത ഒരു പ്രസ്താവനയിൽ, അമേരിക്കയെപ്പററിയുള്ള മലങ്കോവിന്റെ വ്യാജമായ ആരോപണം ആവർത്തിച്ചിരിക്കുന്നു. ഐക്യരാഷ്ട്രസംഘടനയെ ലോകസമാധാനത്തേയും അന്താരാഷ്ട്രീയസുരക്ഷിതത്വത്തേയും പരിരക്ഷിക്കുവാനുള്ള സംഘടനയാക്കിത്തീർക്കേണ്ടതാണെന്നും, അല്ലാതെ "യു. എസ്സ്. എ. യുടെ ആക്രമണത്തിനുള്ള ഉപകരണമായി" അതിനെ പരിവർത്തനം ചെയ്യാൻ പാടുള്ളതല്ലെന്നും അദ്ദേഹം പ്രസ്താവിച്ചു. ഈ പ്രസ്താവവും യാഥാർത്ഥ്യത്തിനു് ഏററവും വിരുദ്ധമാണെന്നു് വസ്തുതകൾ തെളിയിക്കുന്നില്ലയോ? തെക്കെ കൊറിയായെ ആക്രമിച്ചപ്പോൾ അതിൽനിന്നു പിൻവലിയണമെന്നുള്ള യു. എൻ. ഒ. യുടെ നിർദ്ദേശത്തെ വടക്കെ കൊറിയ നിരാകരിച്ചതുകൊണ്ടാണല്ലോ യു. എൻ. ഒ. ആ രാജ്യത്തിനെതിരായി സമരം തുടങ്ങിയതു്. ആ സമരം ലോകസമാധാനത്തെയും അന്താരാഷ്ട്രീയ സുരക്ഷിതത്വത്തേയും പരിരക്ഷിക്കാൻ അവശ്യാവശ്യകമായ മാർഗ്ഗമായിരുന്നു. അതുകൊണ്ടാണു് ഇന്ത്യ ഉൾപ്പെടെ യു. എൻ. ഒ. യിലെ അംഗരാഷ്ട്രങ്ങൾ മഹാഭൂരിപക്ഷവും (സോവ്യറ്റ് യൂണിയനും അതിന്റെ ഉപഗ്രഹരാജ്യങ്ങളും ഒഴിച്ചു) ആ സമരപ്രസ്ഥാനത്തെ അംഗീകരിച്ചതു. ആ സമരത്തിൽ യു. എസ്സ്. എ. മുൻകൈയെടുത്തതും അതിന്റെ ഭാരം 90 ശതമാനവും ഏറെറടുത്തതും യു. എൻ. ഒ. യുടെ പ്രസ്തുതകർത്തവ്യത്തിന്റെ നിർവ്വഹണത്തെ സഹായിക്കുവാനായിരുന്നില്ലേ? ആ നടപടിയെ "ആക്രമണം" എന്നു അപലപിക്കുന്നതു് എത്രയോ അബദ്ധവും അവാസ്തവവുമാണു്? നേരെമറിച്ചു അപലപിക്കുന്ന ചൈനയാണു ആ അപലപനം യഥാർത്ഥത്തിൽ അർഹിക്കുന്നതു്. ആക്രമണകാരിയായ വടക്കെ കൊറിയായെ യു. എൻ. ഒ. യുടേയും അതിന്റെ അംഗരാഷ്ട്രങ്ങൾ മിക്കതിന്റേയും തീരുമാനത്തിനു വിരോധമായി യുദ്ധത്തിൽ സഹായിക്കുവാൻ പുറപ്പെടുകയും തന്നിമിത്തം യു. എൻ. ഒ യെ കുഴപ്പത്തിലാക്കുകയും ചെയ്ത ചൈനാ സാക്ഷാൽ ആക്രമണകാരിയല്ലയോ? ചൈനീസ് വിദേശകാര്യമന്ത്രിയും കമ്മ്യൂണിസ്റ്റു സഹജമായ ഇരട്ടഭാഷ ഉപയോഗിച്ചിരിക്കുകയാണു്.

# എവിടെ കണ്ടെത്താം?

(പ്രൊഫ. മാർവെട്ടം ബി. എ. ബി. എൽ.)

ഒരെത്തും പിടിയുമില്ലാത്ത ലോകം, കൂടിക്കുഴഞ്ഞ പ്രശ്നങ്ങൾ കുന്നുകൂടുന്ന ജീവിതം—ഇവ രണ്ടിന്റെയുംമദ്ധ്യേ മനുഷ്യരാശി കറങ്ങിത്തിരിയുകയാണു്; ശമിക്കാത്ത ആശയുടെ നീട്ടിയ കരങ്ങളുമായി തപ്പിത്തടയുകയാണു്. പലരും ആ കറങ്ങിത്തിരിയലിൽ, തപ്പിത്തടയലിൽ അടിപതറി വീണിട്ടുണ്ടു്. ഒട്ടേറെപ്പേർ



അശിച്ചതുലഭിക്കാഞ്ഞയാൽ നിരാശരായിട്ടുണ്ടു്. എങ്കിലും ഒരു ഗണ്യവിഭാഗം ഭഗ്നാശരായിട്ടില്ല. പ്രത്യാശയോടെ അവർ മുന്നോട്ടടിവെച്ചുന്നുകയാണു്. ഒരു നിസ്സാരന്യൂനപക്ഷംമാത്രം ലക്ഷ്യം പ്രാപിച്ചിട്ടുണ്ടു്.

എന്താണാവോ ആ ലക്ഷ്യം? മനുഷ്യമനസ്സിനെ ചരടിട്ടു മുന്നോട്ടുവലിക്കുന്ന ആ ശക്തിവിശേഷമെന്തായിരിക്കാം? സൃഷ്ടവസ്തുക്കൾ മുഴുവൻ കയ്യടക്കിയിട്ടും പ്രകൃതിരഹസ്യങ്ങൾ ആവുന്നത്ര ചോർത്തിയെടുത്തിട്ടും മനുഷ്യനിന്നും അസംതൃപ്തനാണു്. വിശക്കുന്ന വയറു ഭക്ഷണമാശിക്കുന്നതുപോലെ ദരിദ്രമായ മനസ്സും ഏതോ ഒന്നിനെ നിരന്തരമാഗ്രഹിക്കുന്നുണ്ടു. സൃഷ്ടവസ്തുക്കൾ പ്രസ്തുത ആഗ്രഹനിവൃത്തി കൈവരുത്തുന്നില്ലെങ്കിൽ, തീർച്ചയായും അദൃശ്യവും അഭൗമികവുമായ ഒന്നായിരിക്കണം അതു സാധിക്കേണ്ടതു. ചുരുക്കിപ്പറഞ്ഞാൽ പൂർണ്ണതയിലെത്താനും അനന്തതയിൽ ലയിക്കാനുമുള്ള ആന്തരാഭിലാഷം മരണംവരെ മനുഷ്യനെ അനുധാവനംചെയ്യുന്നു. അപൂർണ്ണമായ ലോകത്തിൽ അപൂർണ്ണനായ മനുഷ്യനു് പൂർണ്ണത പ്രാപിക്കാനുള്ള തൃഷ്ണ ഒടുങ്ങാത്ത ഒന്നുതന്നെയാണു്.

എങ്കിൽ ആ പൂർണ്ണതയെ, സൃഷ്ടിയുടെ സാക്ഷാൽ ഉറവിടത്തെ, എവിടെ കണ്ടെത്താം? അതറിയാനുള്ള ആഗ്രഹം ജീവിതത്തിന്റെ യഥാർത്ഥവും പൂർണ്ണവുമായ ഉദ്ദേശത്തെയും ലക്ഷ്യത്തെയും കണ്ടുപിടിക്കുന്നതിനുള്ള ഒരു യത്നമാണു്. ആത്മാവിനെ ശരീരത്തിൽനിന്നു വേർപെടുത്തിയെടുത്തു ഒരു പരീക്ഷണം നടത്തുവാനുള്ള ശക്തി നമുക്കുണ്ടായിരുന്നെങ്കിൽ എന്തായിരിക്കും നാം കണ്ടുപിടിക്കുക? സൃഷ്ടിക്കപ്പെട്ടിരിക്കുന്ന ഓരോ ഹൃദയവും, മനസ്സും, ആത്മാവും അടിസ്ഥാനപരമായി മൂന്നു യാഥാർത്ഥ്യങ്ങളെയാണന്വേഷിക്കുന്നതും ആഗ്രഹിക്കുന്നതും. എന്താണീ യാഥാർത്ഥ്യങ്ങൾ?—ജീവൻ, സത്യം, സ്നേഹം. ഇവ മൂന്നിന്റെയും പ്രവർത്തനം വിശദമാകെ ദൃശ്യമായിക്കൊണ്ടിരിക്കുന്നു.

ജീവനിൽ കൊതിയില്ലാത്ത ജീവിയില്ല. ഹൃദയത്തിലെ അടിയുറച്ചൊരഭിവാഞ്ഛയാണതു്. ഒരാൾ എല്ലാററിലുമവസാനം മനസ്സില്ലാമനസ്സോടെ കൈവിടുന്നതും അയാളുടെ ജീവനെയാണു്. മറെറന്തു നഷ്ടപ്പെട്ടാലും ജീവൻ നഷ്ടപ്പെടരുതെന്നല്ലേ ഓരോരുത്തന്റെയും ആഗ്രഹം. രാത്രിയിൽ വെളിച്ചമില്ലാതെ നടക്കുമ്പോൾ ചിലർ കൈനീട്ടി മാർഗ്ഗവിഘ്നങ്ങൾ വല്ലതുമുണ്ടോയെന്നു തപ്പുന്നു. കുരുടർ ഊന്നുവടിയുപയോഗിച്ചാക്കാര്യം സാധിക്കുന്നു. എന്തിനാണതു്? ശരീരത്തിലെ ഒരവയവത്തിനു കേടുഭവിച്ചാലും ജീവൻ അപകടപ്പെടാതിരിക്കാൻ.

രണ്ടാമതായി സത്യത്തിനുവേണ്ടിയുള്ള ആഗ്രഹമാണു്. മനുഷ്യൻ ജന്മനാ അന്വേഷണപ്രിയനത്രെ. ഒന്നുകണ്ടാൽ അവനതിന്റെ കാരണമറിയണം. "എന്തു്?", "എങ്ങനെ"?", "എന്തുകൊണ്ടു്?"—ഈ ചോദ്യങ്ങളാണു് ജനിക്കുമ്പോൾത്തന്നെ മനുഷ്യമനസ്സിൽ കൂമ്പിടുന്നതു്. ഒരു വിധത്തിൽ പറഞ്ഞാൽ നാമെല്ലാം താത്വികന്മാരാണു്. ഒരു ശിശുവിന്റെ കൈയിൽ എന്തെങ്കിലും കൊടുക്കുക. അതെന്തായിരിക്കും ആദ്യം ചെയ്യുക. കിട്ടിയ വസ്തുവിനെ മറിച്ചും തിരിച്ചും ഒന്നുരണ്ടാവർത്തി നോക്കും. പിന്നീടതു കടിച്ചുടയ്ക്കുകയോ പിച്ചിക്കീറുകയോ ചെയ്യുന്നു. അതിനുള്ളിലെന്തോ ഒളിഞ്ഞിരിപ്പുണ്ടെന്നാണു ധാരണ. അതാ ശിശുവിനു കണ്ടുപിടിക്കണം. നോക്കണേ, തിരിച്ചറിവില്ലെങ്കിലും സഹജമായ അന്വേഷണബുദ്ധി എങ്ങനെ അവനിൽ പ്രവർത്തനം നടത്തുന്നുവെന്നു്. ശാസ്ത്രജ്ഞനും താത്വികനുമെല്ലാം ഇതുതന്നെയാണു ചെയ്യുന്നതു്. പ്രപഞ്ചവസ്തുക്കളെ ഓരോന്നോരോന്നായി അവർ വ്യവച്ഛേദിച്ചു പഠിക്കുന്നു. എന്തിനു്? പ്രകൃതിരഹസ്യങ്ങൾ മനസ്സിലാക്കാൻ. വിശദമായിപ്പറഞ്ഞാൽ "സത്യ"മെന്താണെന്നറിയാനുള്ള നിരന്തരശ്രമമാണവർ നടത്തുന്നതു.

എന്നാൽ ഇതുകൊണ്ടവസാനിക്കുന്നില്ല. മനുഷ്യപ്രകൃതിയുടെ മറെറാരുവശം സ്നേഹിക്കുവാനും സ്നേഹിക്കപ്പെടുവാനുമുള്ള ആഗ്രഹമാണു്. "മനുഷ്യൻ ഏകനായിരിക്കുന്നതു നല്ലതല്ല" എന്നു ഏദൻ തോട്ടത്തിൽവച്ചു ദൈവം കല്പിച്ച അതേവിനാഴികയിൽത്തന്നെ അവൻ സ്നേഹപാശത്താൽ ബന്ധിതനായി. ഒരു ശിശു ജനിക്കുമ്പോൾ അതു തള്ളയുടെ മാറിൽ അള്ളിപ്പിടിച്ചിരിക്കുന്നു. എന്തുകൊണ്ടു്? അമ്മയോടുള്ള സ്നേഹംമൂലം. വളർച്ച പ്രാപിക്കുമ്പോൾ അവനെന്താണു ചെയ്യുന്നതു്. സങ്കടമുണർത്തിക്കാനും വിശപ്പടക്കാനും മുറിവുകൾ വച്ചുകെട്ടാനും അമ്മയെ സമീപിക്കുന്നു. പ്രായപൂർത്തിയാകുന്നതോടെ ഹൃദയംതുറന്നു സംസാരിക്കാൻ മനസ്സിനൊത്തിണങ്ങിയ ഒരു കൂട്ടുകാരിയെ അവൻ അന്വേഷിക്കുന്നു. വിവാഹത്തിൽ സ്നേഹം മുദ്രണം ചെയ്യപ്പെട്ടിരിക്കുന്നു. സ്നേഹബന്ധത്തിൽനിന്നു പിൻമുറക്കാർ ജന്മമെടുക്കുന്നു. മാതാപിതാക്കൾ കുട്ടികളെ സ്നേഹിക്കുന്നു. വല്യപ്പന്മാരും വല്യമ്മമാരും അവരുടെ സന്തതിപരമ്പരകളെ സ്നേഹിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ സ്നേഹം ഒരു നീണ്ട ശൃംഖലയാണു്. തൊട്ടിൽമുതൽ ശവക്കുഴിവരെ അതു നീണ്ടുകിടക്കുന്നു.

അങ്ങനെ, മനുഷ്യന്റെ ഒടുങ്ങാത്ത തൃഷ്ണ ജീവനും സത്യത്തിനും സ്നേഹത്തിനും വേണ്ടിയാണു്. പക്ഷേ, ഈ ലോകത്തിൽ ഇവയെല്ലാം അതാതിന്റെ പൂർണ്ണതയിൽ നമുക്കു ലഭിക്കുന്നുണ്ടോ? അവയുടെ സമ്പൂർണ്ണാവസ്ഥയെന്തെന്നറിയാനുള്ള ശക്തിയും കഴിവും നമ്മിൽ നിക്ഷിപ്തമാണോ? ഇവയെല്ലാം സ്വയം നേടാൻ ശക്തമായ വിധത്തിൽ നാം നമ്മുടെതന്നെ വിധിയാളരാണെന്നു വാസ്തവം പറയട്ടെ; ജീവന്റെയും സത്യത്തിന്റെയും സ്നേഹത്തിന്റെയും ഒരു കണികമാത്രമേ നമ്മിൽ അവശേഷിക്കുന്നുള്ളൂ.

ഒന്നു തീർച്ച. ജീവിതം പൂർണ്ണമായി നമ്മുടെ നിയന്ത്രണത്തിലല്ല. ഇന്നത്തെ ജേതാവു് നാളത്തെ പരാജിതനാണു്. പേരും പെരുമയും മറവിയുടെ തിരശ്ശീലയ്ക്കുള്ളിൽ മറയുന്നു. ഇന്നു വിലയിരുത്തുന്ന പദ്ധതികൾ നാളെ കാശിനു കൊള്ളാത്തവയായിത്തീരുന്നു. ഇന്നു രുചികരമായതു നാളെ അനിഷ്ടകരമാണു്. ഓരോ മണിക്കൂറും ശവക്കുഴിയിലേക്കു നമ്മെ അടുപ്പിക്കുന്നു. ഓരോ ഹൃദയത്തുടിപ്പും അങ്ങോട്ടുള്ള യാത്രയിലെ ചവിട്ടുപടിയാണു്. അനശ്വരതയുടെ ചഷകത്തിൽനിന്നുള്ള ഒരു ക്ഷണപ്രവാഹമാണു ജീവിതം. പക്ഷേ ഓരോ മനുഷ്യനും അവനവന്റെ ജീവിതമാകുന്ന ചഷകത്തിൽനിന്നു ഏതാനും തുള്ളികൾ മാത്രമേ ലഭ്യമാകുന്നുള്ളൂ.

സത്യം ജീവിതത്തിന്റെ അടിസ്ഥാനതത്വമാണെങ്കിലും അതും പൂർണ്ണമായി നമ്മിൽ കുടികൊള്ളുന്നില്ല. എത്രമാത്രം പഠിച്ചാലും, നമ്മുടെ അറിവിൽ പെടാതെ എത്രയോ കാര്യങ്ങൾ അവശേഷിക്കുന്നു. കൂടുതൽ പഠിക്കുന്തോറും കുറച്ചുമാത്രം ചിന്തിക്കുന്നു. കുറച്ചുമാത്രം അറിയുകയും ചെയ്യുന്നു. സത്യാന്വേഷിയായ ഒരു യുവാവു് ക്രമേണ അയാളുടെ തെററുകൾ മനസ്സിലാക്കിത്തിരുത്തുന്നു. ഭൗതികവാദികളായ എത്രയോപേർ സത്യാന്വേഷണത്തിന്റെ ഫലമായി, സ്വന്തം കിഞ്ചിജ്ഞതയെ കുററപ്പെടുത്തി അഭൗമികതയിലേക്കു ദൃഷ്ടികളെ ഉയർത്തിയിട്ടുണ്ടു്. "അനന്തവിസ്തൃതമായ സത്യസാഗരത്തിന്റെ തീരത്തു് മനുഷ്യൻ അവന്റെ അല്പജ്ഞാനവുമായി നോക്കിനില്ക്കുന്നു"വെന്നു ചിന്തകനായ ന്യൂട്ടൻ പറയുകയുണ്ടായി. "സനാതനസത്യത്തെപ്പററി ചിന്തിക്കുമ്പോൾ ഞാനെഴുതിയതെല്ലാം വെറുമൊരു വൈക്കോൽ തുരുമ്പുമാത്രമായി തോന്നിപ്പോകുന്നു"വെന്നു് ലോകം ദർശിച്ചിട്ടുള്ള മഹാശയന്മാരിൽ അഗ്രഗണ്യനായ തോമ്മസ്സ് അക്വിനാസ്സ് പ്രസ്താവിക്കുന്നു.

അവസാനമായി സ്നേഹവും അതിന്റെ പൂർണ്ണ അളവിലും തൂക്കത്തിലും ഈ ലോകത്തു ദൃശ്യമല്ല. എത്രയെത്ര പ്രേമനൈരാശ്യങ്ങൾ, വിവാഹമോചനങ്ങൾ, തകർന്ന കുടുംബബന്ധങ്ങൾ. അനാഥശിശുക്കൾ, വിധവകൾ—നമ്മുടെ മുമ്പിൽ അനുനിമിഷം ദൃശ്യമായിക്കൊണ്ടിരിക്കുന്നു. യഥാർത്ഥവും നിലനില്ക്കുന്നതുമായ സ്നേഹം മനുഷ്യനിതുവരെ കണ്ടെത്തിയിട്ടില്ലെന്നല്ലേ ഈ സംഭവപരമ്പരകൾ നമ്മെ വിളിച്ചറിയിക്കുന്നതു്. ജീവിതത്തിലെ എത്ര ശ്രേഷ്ഠമായ സ്നേഹവും ഇവിടെവച്ചവസാനിക്കുന്നു. എന്നാൽ പരിപൂർണ്ണമായ സ്നേഹം അവസാനിക്കുന്നില്ല.

മനുഷ്യൻ പ്രകൃതിയെ കയ്യടക്കിയെങ്കിലും സത്യത്തിനും ജീവനും സ്നേഹത്തിനും വേണ്ടിയുള്ള അവന്റെ ആഗ്രഹം സാഫല്യമടഞ്ഞിട്ടില്ല. ജീവിതം മരണത്തോടടുക്കുടിയതാണു്. സത്യം തെററിനോടു ചേർന്നിരിക്കുന്നു. സ്നേഹം ദ്വേഷത്തോടും. അപ്പോൾ യഥാർത്ഥജീവൻ സൃഷ്ടവസ്തുക്കളിലല്ല സ്ഥിതിചെയ്യുന്നതു്; സത്യം സംസാരത്തിലല്ല; സ്നേഹം ദൃശ്യവസ്തുക്കളിലുമല്ല. യഥാർത്ഥജീവൻ മരണമില്ലാത്തതാണു്; സത്യം പ്രമാദരഹിതമാണു്; സ്നേഹം ദ്വേഷമററതുമാണു്.

എങ്കിൽ, ഈ മൂന്നു യാഥാർത്ഥ്യങ്ങളുടെയും സാക്ഷാൽ ഉറവിടം എവിടെയായിരിക്കും? ഇവ മൂന്നിന്റെയും സാക്ഷാൽ ഉടയവനെ എവിടെ കണ്ടെത്താം? നല്ലതിൽനിന്നു ചീത്ത പുറപ്പെടുകയില്ല. പ്രകാശം ലഭിക്കുമ്പോൾ അതിന്റെ ഉല്പത്തിസ്ഥാനമറിയുവാൻ ഇരുട്ടിലേക്കല്ല നാം കണ്ണോടിക്കുന്നതു്. മറിച്ചു് അതിന്റെ ഉത്ഭവസ്ഥാനമായ വിളക്കിനെയാണു നോക്കുക. എങ്കിൽ ജീവനും സത്യവും സ്നേഹവും അവയെക്കാൾ മഹത്തായ ഏതോ ശക്തിവിശേഷത്തിൽനിന്നും ഉത്ഭവിച്ചതായിരിക്കണം. ആ ശക്തിവിശേഷം മരണമില്ലാത്ത ജീവനും കറയററ സത്യവും വിദ്വേഷമററ സ്നേഹവുമായിരിക്കണം. അതു സാക്ഷാൽ പൂർണ്ണതതന്നെയായിരിക്കണം. അതാണു ദൈവം. "ഓ! മാലാഖമാരുടെ നാവും, ആദം ഏദനിൽ സംസാരിച്ച ഭാഷയും, ഏശയ്യായുടെ പ്രഭാഷണചാതുരിയും എനിക്കുണ്ടായിരുന്നെങ്കിൽ ദൈവം ആരെന്നു ഞാൻ നിങ്ങളെ പറഞ്ഞു മനസ്സിലാക്കിത്തന്നേനെ" എന്നു് ഒരാംഗ്ലേയചിന്തകൻ വികാരാവേശനായി പറയുകയുണ്ടായി.

അനന്തതയിൽക്കൂടി സദാപി സഞ്ചരിക്കുന്ന നിത്യജീവനാണു ദൈവം. അവിടുത്തെ കൺമുമ്പിൽ അനശ്വരത ഒരു നിമിഷവും നിമിഷം അനശ്വരതയുമാണു്.

ദൈവംതന്നെയാകുന്നു സത്യം. അവിടെ അന്ധകാരത്തിനോ അജ്ഞതയ്ക്കോ സ്ഥാനമില്ല. ഏഥൻസിന്റെ രാജപാതയിൽക്കൂടി ചിന്താമഗ്നനായി നടന്ന ഗ്രീക്കു തത്വജ്ഞനും, അദൃശ്യവും ദുഷ്പ്രാപവുമായ നിഗൂഢരഹസ്യങ്ങളെ പിടിച്ചുപററുവാൻ പ്രകൃതിയുടെ കലവറയിലേക്കു ഇറങ്ങിച്ചെല്ലുന്ന ശാസ്ത്രജ്ഞനും, ലോകത്തിന്റെ വാഗ്ദാനങ്ങൾക്കു ചെവികൊടുക്കാതെ മനസ്സാക്ഷിയെ തൃപ്തിപ്പെടുത്തുവാൻ കുരിശിൻ ചുവട്ടിലേക്കോടിയെത്തുന്ന സന്യാസിയുമെല്ലാം നിരന്തരം അന്വേഷിച്ചതും അന്വേഷിച്ചുകൊണ്ടിരിക്കുന്നതുമായ ഏക സത്യമാണു ദൈവം.

ദൈവം തന്നെയാകുന്നു സ്നേഹം; അനന്തസ്നേഹം. മാതാപിതാക്കൾക്കു കുട്ടികളോടുള്ള സ്നേഹവും, ഭാര്യാഭർത്താക്കന്മാർക്കു പരസ്പരമുള്ള സ്നേഹവും, ഗുരു ശിഷ്യനോടും ശിഷ്യൻ ഗുരുവിനോടും പ്രദർശിപ്പിക്കുന്ന സ്നേഹവും, രക്തസാക്ഷികൾ അവരെ പീഡിപ്പിച്ചവരോടു കാണിച്ച സ്നേഹവുമെല്ലാം അനന്തമായ ദൈവസ്നേഹാഗ്നിയിൽനിന്നു പുറപ്പെടുന്ന ഒരു സ്ഫുലിംഗംമാത്രമാണു്.

ദൈവം ജീവനും സത്യവും സ്നേഹവുമാണെങ്കിൽ, പ്രപഞ്ചത്തിൽക്കാണുന്ന സകല ഗുണവിശേഷങ്ങളുടെയും മൂലകാരണമാണെങ്കിൽ, ഇവയെല്ലാം നമുക്കു നൽകിയ ജഗന്നിയന്താവിനോടു് അനന്തമായി നാം കടപ്പെട്ടവരല്ലയോ? ഉപകാരത്തിനു പ്രത്യുപകാരമുണ്ടു്. ദാനത്തിനു പ്രതിദാനവുമുണ്ടു്. ഒരാൾ നൂതനമായി എന്തെങ്കിലും കണ്ടുപിടിച്ചെങ്കിൽ അതിനു പ്രതിഫലമില്ലയോ? ഒരു പുസ്തകമെഴുതിയാൽ അതിന്റെ പകർപ്പവകാശമില്ലയോ? നാമെല്ലാം അനന്തവല്ലഭനായ ദൈവത്തിന്റെ കണ്ടുപിടുത്തമാണു്; അവിടുത്തെ സൃഷ്ടികളാണു്. എങ്കിൽ അതിനു നന്ദി പ്രദർശിപ്പിക്കേണ്ടയോ? പ്രതിഫലം നൽകേണ്ടയോ? ദൈവം നമുക്കു സത്യം കാണിച്ചുതന്നുവെങ്കിൽ നാം അവിടുത്തെ അറിഞ്ഞു മനസ്സിലാക്കണം; ജീവൻ തന്നുവെങ്കിൽ സേവനമനുഷ്ഠിക്കണം; സ്നേഹം നൽകിയെങ്കിൽ സ്നേഹിക്കണം.

ഒരഗ്നിസ്ഫുലിംഗത്തിനു് ഇത്രയേറെ പ്രകാശമുണ്ടെങ്കിൽ, അഗ്നിജ്വാലയുടെ പ്രകാശത്തെപ്പററി എന്തു പറയേണ്ടു!

വേദശാസ്ത്രപംക്തി

## ആംഗ്ലിക്കൻപട്ടം അസാധുവാണ്

### കൂദാശാവചനങ്ങളുടെ അപര്യാപ്തത

ഓരോ കൂദാശയും നൽകുമ്പോൾ ചൊല്ലേണ്ട സാരവത്തായ ചില വചനങ്ങളുണ്ട്. അവ പ്രസ്തുതകൂദാശയുടെ മൗലികസ്വഭാവത്തെ പരാമർശിക്കുന്നവയായിരിക്കണം. വേദശാസ്ത്രഭാഷയിൽ, ഈ വചനങ്ങളെ കൂദാശയുടെ കർമ്മസ്വരൂപം (Form) എന്നു വിളിക്കുന്നു. ആ വചനങ്ങളിൽ എന്തെങ്കിലും ഗണ്യമായ മാററം വരുത്തുകയോ കൂദാശയുടെ പ്രത്യേകസ്വഭാവം നിർവ്വചിക്കുന്നതിന് അവ സ്വതവേ പര്യാപ്തമല്ലാതിരിക്കുകയോ ചെയ്താൽ, അവ ഉപയോഗിച്ചു നൽകുന്ന കൂദാശ സാധുവായിരിക്കയില്ല.

ആംഗ്ലിക്കൻ പട്ടമെല്ലാം മാത്യു പാർക്കർ എന്ന മെത്രാനിൽനിന്ന് ഉത്ഭവിച്ചതാണെന്ന് പ്രസ്താവിച്ചിരുന്നല്ലോ. 1559-ൽ ബാർലൊ അദ്ദേഹത്തെ മെത്രാനായി അഭിഷേചിച്ചപ്പോൾ ഉപയോഗിച്ചത് എഡ്വേർഡ് ആറാമൻ രാജാവിന്റെ കാലത്ത് നടപ്പിൽവന്ന ഓർഡിനൽ ആണ്. അതിൽ കൂദാശാവചനങ്ങൾ ശരിയായവിധത്തിൽ കൊടുത്തിട്ടില്ല. തൽക്കാരണത്താൽ മാത്യു പാർക്കർ സ്വീകരിച്ച മെത്രാൻപട്ടം അസാധുവായിത്തീർന്നു.

പ്രസ്തുത ഓർഡിനലിലെ സാരവത്തായ വാക്കുകൾ (Form) ഇവയാണ്: "പരിശുദ്ധാരൂപിയെ സ്വീകരിക്കുക. കൈവയ്പുമുഖേന നിന്നിലുള്ള ദൈവവരപ്രസാദം ഉത്തേജിപ്പിക്കുന്നതിൽ നീ ശ്രദ്ധവയ്ക്കുകയും ചെയ്യുക. എന്തുകൊണ്ടെന്നാൽ, ദൈവം നമുക്കു നൽകിയിരിക്കുന്നതു ഭയത്തിന്റെ അരൂപിയെയല്ല, പ്രത്യുത ശക്തിയുടേയും സ്നേഹത്തിന്റേയും ആലോചനാശീലത്തിന്റേയും അരൂപിയെയാണ്." ഈ വാക്കുകൾ അസ്പഷ്ടമായിരിക്കുന്നു. പട്ടത്തിന്റെ പ്രത്യേകസ്വഭാവം വ്യക്തമാക്കുന്നതിനു അവ പര്യാപ്തമല്ല. "പരിശുദ്ധാരൂപിയെ സ്വീകരിക്കുക" എന്ന പ്രയോഗംകൊണ്ട് പട്ടമാണ് ഉദ്ദേശിക്കപ്പെടുന്നത് എന്നു വരുന്നില്ല. തുടർന്നുള്ള വാക്കുകളിൽ, നേരത്തെ പ്രാപിച്ചിട്ടുള്ള വരപ്രസാദം ഉത്തേജിപ്പിക്കുവാനാണ് ആഹ്വാനം ചെയ്യപ്പെടുന്നത്. ഇപ്പോൾ കൈവയ്പുമുഖേന വരപ്രസാദം നൽകുന്നതായി ആ ഭാഗത്തു പറയുന്നില്ല. അങ്ങനെയൊരു സൂചനയുണ്ടായിരുന്നാൽ തന്നെ, ഏതു കൂദാശയാണ് വിവക്ഷിക്കപ്പെടുന്നതെന്നു സ്വതവേ വിശദമല്ല. കാരണം കൈവയ്പ് സ്ഥൈര്യലേപനത്തിലും ഉള്ളതാണ്. കൂദാശാവചനങ്ങളിലുള്ള ഈ ന്യൂനതനിമിത്തം മാത്യു പാർക്കറിന്റെ മെത്രാൻപട്ടം അസാധുവായിത്തീർന്നു.

പിന്നീട് വളരെക്കാലത്തേക്കു മേലുദ്ധരിച്ച വചനങ്ങൾതന്നെയാണ് പുരോഹിതപട്ടാഭിഷേകത്തിലും മെത്രാൻപട്ടാഭിഷേകത്തിലും ഉപയോഗിച്ചുവന്നത്. കൂദാശയുടെ കർമ്മസ്വരൂപത്തിലുള്ള ഈ ന്യൂനത ആംഗ്ലിക്കർതന്നെ ക്രമേണ മനസ്സിലാക്കി. തത്ഫലമായി 1662-ൽ, ഏതാണ്ട് ഒരു നൂററാണ്ടിനു ശേഷം, "പരിശുദ്ധാരൂപിയെ സ്വീകരിക്കുക" എന്ന വാക്കുകൾ കഴിഞ്ഞ്, "ഒരു പുരോഹിതന്റെ ഉദ്യോഗത്തിനും ജോലിക്കുമായി" എന്നു പുരോഹിതപട്ടാഭിഷേകകർമ്മത്തിലും, "ഒരു മെത്രാന്റെ ഉദ്യോഗത്തിനും ജോലിക്കുമായി" എന്നു മെത്രാൻപട്ടാഭിഷേകകർമ്മത്തിലും കൂട്ടിച്ചേർത്തു. അതുകൊണ്ടു ഫലമില്ല. കാരണം, ഒരു നൂററാണ്ടുകാലം അർത്ഥശൂന്യമായ ഫോർമുല നിലവിലിരുന്നതിനാൽ യഥാർത്ഥപട്ടത്വം ആംഗ്ലിക്കൻസഭയ്ക്കു നഷ്ടപ്പെട്ടുപോയി. പട്ടം കൊടുക്കുന്ന ആൾ മെത്രാനല്ലെങ്കിൽ കൂദാശാവചനങ്ങൾ എത്ര കൃത്യമായി ചൊല്ലിയാലും എന്താണ് പ്രയോജനം? ആംഗ്ലിക്കരുടെ അഭിഷേചനകർമ്മത്തിൽ കൂദാശാവചനങ്ങളിൽ മാത്രമല്ല, കാർമ്മികനുണ്ടായിരിക്കേണ്ട നിയോഗത്തിലും സാരമായ ന്യൂനതകളുണ്ട്. പുതിയ നിയമത്തിലെ പട്ടം എന്ന കൂദാശയെപ്പററി അവർക്കുള്ള അബദ്ധധാരണകളാണ് അതിനു നിദാനം. ഇക്കാരണത്താലും ആംഗ്ലിക്കൻപട്ടം അസാധുവാണ്. ഈ സംഗതി പിന്നീട് വിശദമാക്കുന്നതാണ്. (കത്തോലിക്കരുടെ അഭിഷേചനത്തിലെ കൂദാശാവചനങ്ങളെപ്പററി അറിയുന്നതിന് സത്യദീപം 26-ാം പു. 34-ാം ല. നോക്കുക.)

## സൗജന്യവിതരണ ഫണ്ട്

സെൻറ് വിൻസെൻറ് ഡി പോൾ സംഘം,

കാഞ്ഞൂർ ക. 10—0—0

## ചോദ്യോത്തരപംക്തി

**ചോ:** "എന്റെ സ്നേഹിതനായ ഒരു യാക്കോബായ വൈദികൻ ഉന്നയിച്ച ഒരു വാദമാണ് താഴെ ചേർക്കുന്നത്: നമ്മുടെ കർത്താവു പറഞ്ഞിരിക്കുന്നത് അവിടുത്തെ രണ്ടാമത്തെ വരവിൽമാത്രമേ മരിച്ചവരേയും ജീവനുള്ളവരേയും വിധിച്ച്, സ്വർഗ്ഗത്തിനവകാശമുള്ളവരെ സ്വർഗ്ഗത്തിലേക്കും നരകത്തിനർഹതയുള്ളവരെ നരകത്തിലേക്കും പറഞ്ഞയക്കുകയുള്ളുവെന്നാണ്. കർത്താവിന്റെ രണ്ടാമത്തെ വരവുവരെ ഒരുത്തർക്കും സ്വർഗ്ഗത്തിൽ പ്രവേശിക്കാൻ സാധിക്കയില്ല എന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. വി. കന്യകാമറിയം പക്ഷെ സ്വർഗ്ഗത്തിൽ കണ്ടേക്കാം. ശ്ലീഹന്മാർ ഉൾപ്പെടെ മററാരും സ്വർഗ്ഗത്തിലില്ലപോലും. അവർ പിന്നെ എവിടെയാണ് എന്നു ഞാൻ ചോദിച്ചപ്പോൾ അവർ നമ്മുടെ ഇടയിലുണ്ട് എന്നായിരുന്നു മറുപടി. അദ്ദേഹത്തിന്റെ വാദത്തെ ഖണ്ഡിക്കുന്നതെങ്ങനെ?"

**ഉ:** മേല്പറഞ്ഞ യാക്കോബായ വൈദികൻ ഉന്നയിച്ചിരുന്ന മററൊരു ചോദ്യത്തിനു 8-ാം ലക്കത്തിൽ ഞങ്ങൾ മറുപടികൊടുത്തിരുന്നു. വേദപുസ്തകത്തെ മാത്രം വിശ്വാസത്തിന്നാധാരമായി സ്വീകരിക്കുന്ന ഒരാളാണദ്ദേഹം. ആ സ്ഥിതിക്ക് അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങൾക്കുള്ള തെളിവും വേദപുസ്തകത്തിൽനിന്നുതന്നെ നമുക്ക് അദ്ദേഹത്തോട് ആവശ്യപ്പെടാവുന്നതാണ്. മരിച്ചവരുടെ ആത്മാക്കൾ സ്വർഗ്ഗത്തിലോ നരകത്തിലോ പോകാതെ നമ്മുടെ മദ്ധ്യത്തിൽ സ്ഥിതിചെയ്യുകയാണെന്നു അദ്ദേഹം പറയുന്നു. അതിനു വേദപുസ്തകത്തിൽനിന്നു തെളിവു ഹാജരാക്കുവാൻ അദ്ദേഹത്തിനു സാധിക്കുമോ?

ലോകത്തിന്റെ അവസാനത്തിലെ പൊതുവിധിയുടെ അവസരത്തിൽ എല്ലാവരും ഉത്ഥാനംചെയ്യുമെന്നും നീതിമാന്മാർ സ്വർഗ്ഗത്തിലേക്കും പാപികൾ നരകത്തിലേക്കും പ്രവേശിക്കുമെന്നുമുള്ളതു വേദപുസ്തകത്തിൽ സ്പഷ്ടമായിപറഞ്ഞിട്ടുണ്ട്. പക്ഷേ അതിനുമുമ്പ് ആത്മാവിനു സ്വർഗ്ഗഭാഗ്യമോ നരകശിക്ഷയോ ലഭിക്കയില്ലെന്നു വേദപുസ്തകത്തിൽപറയുന്നില്ല. മറിച്ച് പറയുന്ന ഭാഗങ്ങൾ വേദപുസ്തകത്തിലുണ്ടുതാനും.

ആദ്യമായി ശിക്ഷയുടെ കാര്യമെടുക്കാം. ധനവാനെയും ലാസറിനെയും കുറിച്ചുള്ള അന്യാപദേശത്തിൽ ധനവാൻ മരിച്ചു ഉടൻതന്നെ നരകശിക്ഷയ്ക്കു അധീനനാകുന്നതായിട്ടാണു നാം കാണുന്നത്. യാതൊരു കാലവിളംബവുമില്ല. "ആ ധനവാനും മരിച്ച് അടക്കപ്പെട്ടു. അവൻ നരകത്തിൽ പീഡിപ്പിക്കപ്പെടുമ്പോൾ ദൂരെനിന്നു തന്റെ കണ്ണുകൾ ഉയർത്തി അബ്രാഹത്തേയും അവന്റെ മടിയിൽ ലാസറിനേയും കണ്ടു." (ലൂക്ക. 16: 21-22) ജീവിച്ചിരിക്കുന്ന തന്റെ സഹോദരന്മാരുടെ പക്കലേക്ക് ഒരാളെ അയക്കണമെന്നു ധനവാൻ ആവശ്യപ്പെടുന്നതിൽനിന്നു ലോകാവസാനത്തിനു മുമ്പ് ആത്മാക്കൾ നരകശിക്ഷ അനുഭവിക്കുക സാദ്ധ്യമാണെന്ന് അനുമാനിക്കാമല്ലോ. ഈ വിധത്തിലാണു വി. സിപ്രിയാനോസ്, വി. ഹിലാരിയോസ്, വി. ആഗുസ്തീനോസ്, വി. ഗ്രീഗോരിയോസ്, വി. ക്രിസോസ്തോമോസ് മുതലായ സഭാപിതാക്കന്മാർ ധനവാനേയും ലാസറിനേയും കുറിച്ചുള്ള അന്യാപദേശം മനസ്സിലാക്കുന്നത്.

സ്വർഗ്ഗീയസമ്മാനം പ്രാപിക്കുന്നതിനു വിശുദ്ധന്മാരുടെ ആത്മാക്കൾ അവസാനവിധിവരെ കാത്തുനില്ക്കേണ്ട ആവശ്യമില്ലെന്നു തെളിയിക്കുന്ന വാക്യങ്ങളും വേദപുസ്തകത്തിലുണ്ട്. 1) വി. പൗലോസ് കൊറിന്ത്യാക്കാർക്കെഴുതിയ രണ്ടാം ലേഖനം 5-ാം അദ്ധ്യായം 6 മുതൽ 8 വരെ വാക്യങ്ങൾ വായിക്കുക:- "ഞങ്ങൾ ശരീരത്തിൽ വസിക്കുന്നിടത്തോളം കാലം നമ്മുടെ കർത്താവിൽനിന്ന് അകന്നിരിക്കുന്നു എന്നു ഞങ്ങൾ അറിഞ്ഞും സമ്മതിച്ചുമിരിക്കുന്നു. ഞങ്ങൾ നടക്കുന്നതോ വിശ്വാസംകൊണ്ടാകുന്നു, കാഴ്ചകൊണ്ടല്ല. ഇതിനാൽ ശരീരത്തിൽനിന്നകന്നു നമ്മുടെ കർത്താവിന്റെ അടുക്കൽ ആയിരിക്കുവാൻ ഞങ്ങൾ പ്രതീക്ഷിക്കുകയും അഗ്രഹിക്കുകയും ചെയ്യുന്നു." ശരീരത്തിൽനിന്നും ആത്മാവു വേർപിരിയുന്ന നിമിഷത്തിൽത്തന്നെ ക്രിസ്തുവിന്റെ സന്നിധിയിൽ എത്തിച്ചേരുവാൻ സാധിക്കുമെന്നുള്ള പ്രതീക്ഷയെയാണു വി. പൗലോസ് ഇവിടെ പ്രകാശിപ്പിക്കുന്നത്. ആ ഐക്യം "വിശ്വാസം"കൊണ്ടുള്ളതായിരിക്കയില്ല. "കാഴ്ച"കൊണ്ടുള്ളതായിരിക്കും; അതായതു സമ്പൂർണ്ണസൗഭാഗ്യത്തിനു നിദാനമായിരിക്കും.

2) ഫിലിപ്പിയാക്കാർക്കെഴുതിയലേഖനത്തിലും വി. ശ്ലീഹാ, മരിക്കുന്ന ഉടൻതന്നെ മിശിഹായുമായി ഐക്യപ്പെടുമെന്നുള്ള തന്റെ പ്രതീക്ഷയെ രേഖപ്പെടുത്തുന്നുണ്ട്: "..എന്റെ ജീവൻ മിശിഹാ ആകുന്നു. ഞാൻ മരിക്കുന്നുവെങ്കിൽ എനിക്കു ലാഭവുമാകുന്നു... ഇവരണ്ടും എന്നെ ഞെരുക്കുന്നു. മിശിഹായോടുകൂടി ഇരിക്കേണ്ടതിനായി മരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇതാകുന്നു എനിക്ക് ഏററവും നല്ലത്. എന്നാൽ നിങ്ങളെക്കുറിച്ചുള്ള കാര്യം ഞാൻ എന്റെ ജഡത്തിൽ പാർക്കുവാനും എന്നെ നിഷ്കർഷിക്കുന്നു." (ഫിലിപ്പി. 1: 21—24).

ക്രിസ്തു തന്റെ പിതാവിനോടുകൂടി പൂർണ്ണമായ സ്വർഗ്ഗഭാഗ്യം അനുഭവിക്കുന്നുണ്ട്. ആകയാൽ ക്രിസ്തുവിനോടുകൂടി സ്ഥിതിചെയ്യുന്നവരും ആ ഭാഗ്യത്തിൽ പങ്കുപററുന്നു. വി. പൗലോസ് മരണാനന്തരം അപ്രകാരം ഭാഗ്യമനുഭവിക്കുവാൻ തനിക്കു സാധിക്കുമെന്ന തന്റെ പ്രതീക്ഷയെ ഇത്ര സ്പഷ്ടമായി രേഖപ്പെടുത്തിയിരുന്നിട്ടും, പ. കന്യകാമറിയം ഒഴികെ ശ്ലീഹന്മാർപോലും ഇപ്പോൾ സ്വർഗ്ഗത്തിലില്ലെന്നു പ്രസ്താവിച്ച ബഹുമാന്യനായ യാക്കോബായ വൈദികന്റെ വേദപുസ്തകജ്ഞാനം വളരെ പരിമിതമാണെന്നു പ്രസ്താവിക്കേണ്ടിവന്നതിൽ ഖേദിക്കുന്നു.

വി. പൗലോസ് തന്റെ മരണാനന്തരസ്ഥിതിയെപ്പററിചെയ്തിരിക്കുന്ന ഈ പ്രസ്താവനകൾ, ഇതരശ്ലീഹന്മാരുടെ കാര്യത്തിൽ മാത്രമല്ല എല്ലാ വിശുദ്ധാത്മാക്കളുടെ കാര്യത്തിലും പ്രസക്തിയുണ്ട്. കാരണം, ശ്ലൈഹികത്വത്തിന്റെ ഒരു പ്രത്യേകാവകാശത്തെയല്ല അദ്ദേഹം മേലുദ്ധരിച്ച വേദവാക്യങ്ങളിൽ പരാമർശിക്കുന്നത്. നല്ല ജീവിതം നയിക്കുന്ന ആർക്കും ക്രിസ്തുവിനോടുകൂടിയിരിക്കുവാൻ അവകാശമുള്ളതാണല്ലോ.

3) മേലുദ്ധരിച്ച വാക്യങ്ങൾപോലെ പ്രാധാന്യം അർഹിക്കാത്തവയാണെങ്കിലും ഈ വാദമുഖം സംബന്ധിച്ച് വേറെയും വാക്യങ്ങൾ ഉദ്ധരിക്കാനുണ്ട്. ഉ: "ഓരോരുത്തനും അവനവന്റെ ജീവിതചര്യകൾ അനുസരിച്ച് മരണദിനത്തിൽ സമ്മാനംനൽകുക ദൈവത്തിനു എളുപ്പമാകുന്നു." (Ecclus XI, 28). മരണദിനത്തിൽത്തന്നെ സമ്മാനം നൽകുമെന്നതു പ്രത്യേകം ശ്രദ്ധാർഹമാണ്. അതനുസരിച്ച്, ലാസർ മരിച്ചപ്പോൾ ദൈവദൂതന്മാർ അവനെ "അബ്രാഹത്തിന്റെ മടി"യിലേക്കു കൊണ്ടുപോയതായി പറയപ്പെട്ടിരിക്കുന്നു. (ലൂക്ക 16: 22) വലതുവശത്തെ കള്ളനോട് കർത്താവ് അരുളിച്ചെയ്യുന്നത് "ഇന്നു നീ എന്നോടുകൂടി പറുദീസായിൽ ആയിരിക്കും" (ലൂക്ക 23:43) എന്നത്രെ. മരിക്കുന്ന ഉടൻതന്നെ സൗഭാഗ്യം ലഭിക്കുമെന്ന് ഈ വാക്യങ്ങളിൽനിന്നു വ്യക്തമാകുന്നു. പഴയ നിയമത്തിൽ സ്വർഗ്ഗം തുറക്കപ്പെട്ടിരുന്നില്ല. തന്നിമിത്തം "അബ്രാഹത്തിന്റെ മടി", "പറുദീസ" എന്നെല്ലാം വിളിക്കപ്പെടുന്ന താണപടിയിലുള്ള ഒരു സൗഭാഗ്യനികേതനത്തിൽ പ്രവേശിക്കുന്നതിനേ നീതിമാന്മാർക്കു സാധിക്കുമായിരുന്നുള്ളു. എന്നാൽ കർത്താവിന്റെ ആരോഹണത്തോടുകൂടി സ്വർഗ്ഗം തുറക്കപ്പെട്ടു. ആകയാൽ വിശുദ്ധരുടെ ആത്മാക്കൾക്കു മരണാനന്തരം കാലവിളംബമെന്യേ സ്വർഗ്ഗപ്രവേശം സാദ്ധ്യമായിത്തീർന്നു.

പരേതരായ എല്ലാവരുടേയും ആത്മാക്കൾ നമ്മുടെ മദ്ധ്യത്തിലാണ് എന്ന സിദ്ധാന്തം കേവലം ബാലിശമായിരിക്കുന്നു. വേദപുസ്തകത്തിലെ പ്രസ്പഷ്ടമായ സാക്ഷ്യങ്ങൾക്കു അതു കടകവിരുദ്ധവുമാണ്. വി. പൗലോസ്, ധനവാനും ലാസറും, നല്ല കള്ളൻ എന്നിവരുടെ മരണാനന്തരസ്ഥിതിയെ പരാമർശിച്ച വേദപുസ്തകത്തിലുള്ള മേലുദ്ധരിച്ച പ്രസ്താവങ്ങൾക്കുപുറമെ "തന്റെ സ്ഥലത്തേക്കു പോകേണ്ടതിനു യൂദാസ് വിട്ടൊഴിഞ്ഞ..." എന്നുള്ള നടപടി 1: 25-ലെ പ്രസ്താവവും ആ സിദ്ധാന്തത്തെ ഖണ്ഡിക്കുന്നുണ്ട്.

—


തൈക്കാട്ടുമൂസ്സ് വക

ഇ. ടി. എം. വൈദ്യശാല

ബ്രാഞ്ച്: ആലുവാ (റെയിൽവെസ്റ്റേഷനു സമീപം)

എല്ലാ വ്യാഴാഴ്ചയും ഒരുമണിമുതൽ അഞ്ചുമണിവരെ

ഇ. ടി. ആര്യൻമൂസ്സ് അവർകൾ

വൈദ്യശാലയിലുണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ച് ചികിത്സ നിശ്ചയിക്കുന്നതുമാണ്.


### സന്യാസസഭകളുടെ സംഖ്യാബലം

ഒടുവിൽ കിട്ടിയിട്ടുള്ള കണക്കിൻപ്രകാരം ലോകത്തിലെ ചില പ്രധാനസന്യാസസഭകളുടെ സംഖ്യാബലം താഴെപ്പറയുംപ്രകാരമാണെന്നു കാണുന്നു.

| | |
|---|---|
| ജെസ്വീററ് | 31,000 |
| ഫ്രാൻസിസ്കൻ | 27,000 |
| സലേഷ്യൻ | 16,000 |
| കപ്പുച്ചിൻ | 14,100 |
| ബെനഡിക്ടൻ | 11,000 |
| ഡൊമിനിക്കൻ | 8,000 |

"ഒരു നല്ല മനുഷ്യൻ വിമർശനത്തെ നേരിടുന്നതു സ്വയപരിശോധനകൊണ്ടാണ്."

### നിർദ്ദയമായ ആ നയനം

ഒരു ബാങ്കുമാനേജരുടെ വലതുകണ്ണു പളുങ്കുകൊണ്ടു വച്ചതായിരുന്നു. ആർക്കും അതു തിരിച്ചറിവാൻ കഴിഞ്ഞിരുന്നില്ല. നിർദ്ദയനെന്നു പേരുകേട്ട ഒരാളായിരുന്നു അദ്ദേഹം. ഒരു ജോലിക്കാരൻ ഒരിക്കൽ ഒരത്യാവശ്യംപ്രമാണിച്ച് കുറേ കടം കിട്ടാനായി അദ്ദേഹത്തെ സമീപിച്ചു. ഒരു മയവുമില്ല. സ്വന്ത വിഷമസ്ഥിതികളെ വിവരിച്ചു ജോലിക്കാരൻ കണ്ണുനീർ ചൊരിഞ്ഞു. യജമാനനു ഒരു മാററവും ഉണ്ടായില്ല. ഒടുവിൽ അദ്ദേഹം പറഞ്ഞു: "എന്റെ ഏതു കണ്ണാണു പളുങ്കുകണ്ണെന്നു പറയാമെങ്കിൽ ഇത്തവണ ഞാൻ കടംതരാം." "അതു വലതുകണ്ണാണെന്നുള്ളതിനു ഒരു സംശയവുമില്ല." "എന്താണു നിങ്ങൾക്കു അത്ര ഉറപ്പ്?" "ഞാൻ കടം ചോദിച്ചയുടനെ മറേറകണ്ണു നിർദ്ദയമായി ചലിച്ചുതുടങ്ങി. എന്നാൽ പളുങ്കുകണ്ണു ദയാപൂർവ്വം നിശ്ചലമായിനിന്നതേയുള്ളു." പളുങ്കിനെക്കാൾ നിർദ്ദയമായ കണ്ണുകളും ചങ്കുകളും കമ്മ്യൂണിസത്തെ വിളിച്ചുവരുത്തുന്നവയാണ്!

—

Reg. M. No. 2293

# Sathya Deepam

Vol. 27 Ernakulam October 21, 1953 No. 10

# വിവിധവൃത്താന്തങ്ങൾ

### ഓർശലത്തെ ബിബ്ളിക്കൽ കാഴ്ചബംഗ്ലാവ്

ഓർശലം നഗരത്തിൽനിന്നു അധികം അകലെയല്ലാതെ ഒരു വിചിത്രസ്ഥാപനമുണ്ടു്. വേദപുസ്തകത്തിൽ വിവരിക്കപ്പെട്ടിട്ടുള്ള വിവിധതരം പക്ഷിമൃഗാദികളെ വളർത്തിവരുന്ന ഒരു കാഴ്ചബംഗ്ലാവാണതു്. ലോകത്തിൽ മറെറാരിടത്തും കാണാത്ത ചില ദുർല്ലഭജീവികളെയും അവിടെ കാണാനുണ്ടു്. ഇക്കൂട്ടത്തിൽ അഞ്ചു സിറിയൻ കരടികളെ കാണാം. ലണ്ടൻ കാഴ്ചബംഗ്ലാവിൽനിന്നു ഒരു പാരിനെ കുറേമുമ്പു കൊണ്ടുവന്നതാണു്. ഇപ്പോൾ അവയുടെ മൂന്നു കുഞ്ഞുങ്ങളുമുണ്ടു്. ലണ്ടനിലും ഇവിടെയുംമാത്രമേ ഈ വർഗ്ഗത്തെ ഇപ്പോൾ കാണ്മാനുള്ളു. പ്രതിവർഷം ഈ കാഴ്ചബംഗ്ലാവു വളർച്ചപ്രാപിച്ചുകൊണ്ടിരിക്കയാണു്.

### കമ്മ്യൂണിസ്റ്റ് പൂച്ചയെ ഹോങ്കോങ്ങിലേക്കു കടത്തിയില്ല

ഫാദർ ദുഷേസ്നേ എന്ന മിഷനറി കമ്മ്യൂണിസ്റ്റുചൈനായിൽനിന്നു ബഹിഷ്ക്കരിക്കപ്പെട്ടു ഹോങ്കോങ്ങിൽ കഴിഞ്ഞുകൂടുകയായിരുന്നു. പിറകേപിറകേ അവിടെനിന്നും വന്നുകൂടുന്ന അഭയാർത്ഥികളെ കണ്ടു് സന്തപ്തചിത്തനായി ഒരിക്കൽ അദ്ദേഹം അതിർത്തിയിൽ നോക്കിനിന്നു. കെട്ടും ഭാണ്ഡവുമായി ഒരു വൃദ്ധ വന്നു ബ്രിട്ടീഷ് പാലത്തിലേക്കു കയറി. അവിടെ നിന്നിരുന്ന ഗാർഡ് അവരുടെ സാമാനങ്ങളെല്ലാം പരിശോധിച്ചു. ഭാണ്ഡത്തിൽ ഒരു പൂച്ചയും! "ഹേ! ഇതു കമ്മ്യൂണിസ്റ്റ് പൂച്ചയാണു്. പെർമിററില്ലാതെ ഇതിനെ ഇങ്ങോട്ടു കടത്താൻ പാടില്ല." ഗാർഡ് ശഠിച്ചു. വൃദ്ധ കുഴങ്ങി. മെല്ലെ നടന്നു് അവർ പൂച്ചയെ അതിർത്തിവേലിക്കപ്പുറത്തേക്കു തട്ടിവിട്ടു. അവിടെനിന്ന കമ്മ്യൂണിസ്റ്റുഗാർഡിനു അതൊട്ടും രസിച്ചില്ല. അയാൾ സാധുപൂച്ചയെ വലിച്ചു് ഇപ്പുറത്തേക്കു് എറിഞ്ഞു. ഒട്ടും പിഴയ്ക്കാതെ അതു ബ്രിട്ടീഷുദ്യോഗസ്ഥന്റെ ദേഹത്താണു് ചെന്നു വീണതു്. അയാൾ ചിരിച്ചുകൊണ്ടു് അതിനെ എടുത്തു കമ്യൂണിസ്റ്റുകാരന്റെ തലയെ ലാക്കാക്കി എറിഞ്ഞു. കമ്മ്യൂണിസ്റ്റുഗാർഡ് ഒട്ടും മടിക്കാതെ ബ്രിട്ടീഷുഗാർഡിന്റെ നേർക്കു തോക്കു നീട്ടി. ബ്രിട്ടീഷുകാരനും തോക്കെടുത്തു. ഏതായാലും രണ്ടുപേരും വെടിപൊട്ടിച്ചില്ല. അതിനിടയ്ക്കു കമ്മ്യൂണിസ്റ്റുപൂച്ച ഒഴിഞ്ഞുമാറി അതിന്റെ ജന്മനാട്ടിലേക്കുതന്നെ കടന്നുപോകയും ചെയ്തു. പരിഭ്രാന്തയായ വൃദ്ധ പൂച്ചയെക്കൂടാതെ ഹോങ്കോങ്ങിലേക്കു കടന്നു. ആർക്കും വേണ്ടാത്ത കമ്മ്യൂണിസ്റ്റുപൂച്ച ഇന്നു ലോകത്തിൽ വരുത്തിവയ്ക്കുന്ന വക്കാണങ്ങളും ഏകദേശം ഇത്തരംതന്നെ.

### കമ്മ്യൂണിസ്റ്റ് തടവിൽ കഴിച്ചുകൂട്ടിയ വിധം

കൊറിയൻ യുദ്ധത്തിൽ, കമ്മ്യൂണിസ്റ്റ് തടവുകളിൽനിന്നു പിന്തിരിഞ്ഞുവന്നിട്ടുള്ള കത്തോലിക്കരായ ഭടന്മാർ നൽകുന്ന ചില വിവരങ്ങൾ അത്യന്തം ഭക്തിസംവർദ്ധകങ്ങളായിരിക്കുന്നു. ക്യാപ്ററൻ ജോസഫ് കുട്ടീസ് എന്ന ദേഹം പറയുന്നു: "ഞായറാഴ്ചദിവസങ്ങളിൽ ഞങ്ങൾ മാറിമാറി ജപമാല ചൊല്ലിയിരുന്നു. ഒരാളുടെ പക്കൽ ഒരു ചെറിയ മിലിററി മിസ്സാൾ ഉണ്ടായിരുന്നു. അതിൽനിന്നു ഓരോ ഭാഗങ്ങൾ ഉച്ചത്തിൽ ഒരാൾ വായിക്കും. അങ്ങനെ ലോകത്തിന്റെ മററു ഭാഗങ്ങളിൽ നടക്കുന്ന ദിവ്യബലിയിൽ ഞങ്ങളും പങ്കുകൊണ്ടുവന്നു. എന്റെ ജപമാല എന്റെ ഭാര്യ നൽകിയ ഒരു വിവാഹസമ്മാനമാണു്. തടവുകാരനായി പിടിക്കപ്പെട്ടപ്പോൾ, എന്റെ വാച്ചു്, പെൻ, ലൈററ് മുതലായി എന്റെ കൈവശമുണ്ടായിരുന്ന സമസ്തസാമാനങ്ങളും കമ്മ്യൂണിസ്റ്റുകാർ തട്ടിക്കൊണ്ടുപോയി. ജപമാലയിലും അവർ കൈവച്ചതാണു്. അതു എന്റെ ഭാര്യയുടെ സ്മാരകമാണെന്നു പറഞ്ഞപ്പോൾ, എന്തോ അവർ ഇട്ടുംവച്ചു പോയി. എന്റെ മുറിവുകൾ പൊറുക്കുന്നതുവരെ 9 മാസം ഞാൻ ഒരു ചൈനീസ് ആസ്പത്രിയിലായിരുന്നു. അനന്തരം രണ്ടുമാസം ഉത്തരകൊറിയൻ ക്യാമ്പിൽ കഴിച്ചുകൂട്ടി. അവിടെയെങ്ങും ഭക്തകൃത്യങ്ങൾക്കു ഒരവസരവും നൽകപ്പെട്ടില്ല. 1952 സെപ്ററംബറിൽ വേറൊരു ക്യാമ്പിലേക്കു മാററി. അവിടെ ഞങ്ങൾ 78 പേരുണ്ടായിരുന്നു. അവിടെവച്ചാണു് ഞങ്ങൾ ഞായറാഴ്ച ആചരണവും മററും ആരംഭിച്ചതു്. ഞായറാഴ്ച വേലചെയ്യാതിരിക്കുന്നതിനുള്ള ആനുകൂല്യവും അവിടെവച്ചു ഞങ്ങൾ വാദിച്ചു സമ്പാദിച്ചു..."

### അടിമത്തം തച്ചുടച്ച കത്തോലിക്കാ രാജകുമാരി

ഡോംപേദ്രോ ദ്വിതീയൻ ബ്രസ്സീൽരാജ്യത്തെ അവസാന ചക്രവർത്തിയായിരുന്നു. 1889-ൽ അവിടെ ഒരു വിപ്ലവം പൊട്ടിപ്പുറപ്പെടുകയും രാജകുടുംബത്തെ അവിടെനിന്നു ബഹിഷ്ക്കരിക്കയുമാണു ചെയ്തതു്. ചക്രവർത്തിയുടെ ഭരണത്തിന്റെ അവസാനകാലങ്ങളിൽ അദ്ദേഹത്തിന്റെ പുത്രിയും സുകൃതസമ്പന്നയുമായ ഇസബെൽ രാജകുമാരിയാണു് പിതാവിനുപകരം ഭരണം നിർവ്വഹിച്ചിരുന്നതു്. സാധുസംരക്ഷണത്തിൽ സദാ ജാഗരൂകയായിരുന്ന ഈ സതീരത്നത്തെ സജ്ജനങ്ങൾ മിക്കവാറും ആരാധിച്ചിരുന്നെന്നു പറയാം. രാജ്ഞിതന്നെയാണു് മിക്കപ്പോഴും കത്തീഡ്രൽപള്ളി അടിച്ചിരുന്നതു്! 1871-ലെ ഒരു വിളംബരത്താൽ രാജ്ഞി സ്വതന്ത്രരായിപ്പിറന്ന അടിമകൾക്കെല്ലാം സ്വാതന്ത്ര്യം നൽകി. വീണ്ടും 1888-ലെ വേറൊരു രാജശാസനത്താൽ സകല അടിമകളെയും അവൾ സ്വതന്ത്രരാക്കിവിട്ടു. ഏഴുലക്ഷത്തോളം അടിമകളാണു അന്നു മോചനം പ്രാപിച്ചതു്. ലോകമാസകലം രാജകുമാരിയെ അഭിനന്ദിച്ചു. 13-ാം ലെയോൻ മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് ഗോൾഡൻ റോസ് എന്ന സ്ഥാനബിരുദം അവൾക്കയച്ചുകൊടുത്തു. മിന്ദാമാർഗ്ഗക്കാരുണ്ടാക്കിയ വിപ്ലവകാലത്തു രാജകുടുംബം ഫ്രാൻസിലേക്കു പലായനംചെയ്തു. അവിടെ ഒരു ഫ്രഞ്ചുരാജകുമാരനുമായി വിവാഹംചെയ്തു ആയുശ്ശിഷ്ടം അവൾ അവിടെത്തന്നെ കഴിച്ചുകൂട്ടുകയും നിര്യാണശേഷം ഒരു ഫ്രഞ്ചുകത്തീഡ്രലിൽ അടക്കപ്പെടുകയുമാണുണ്ടായതു്. ഇക്കഴിഞ്ഞ മാസത്തിൽ ബ്രസ്സീലിയൻ ജനത ഒന്നുചേർന്നു ഈ രാജദമ്പതിമാരുടെ ഭൗതികാവശിഷ്ടങ്ങൾ സാഡംബരം തിരികെ കൊണ്ടുവരികയും, റിയോഡെജെനീറോ കത്തീഡ്രലിൽ സംസ്കരിക്കയും ചെയ്തിരിക്കുന്നു.

### കത്തോലിക്കാ വൈദികർ കൊറിയൻ നിഷ്പക്ഷ ഡെലഗേഷനിൽ

സ്വരാജ്യങ്ങളിലേക്കു മടങ്ങിപ്പോകാൻ വിസമ്മതിക്കുന്ന ചൈനാക്കാരും കൊറിയാക്കാരുമായ തടവുകാരെ സൂക്ഷിച്ചു തക്ക സ്ഥാനങ്ങളിൽ എത്തിച്ചുകൊടുക്കുന്നതിലേക്കാണല്ലൊ ഇൻഡ്യ ഉൾപ്പെടെ പല നിഷ്പക്ഷരാജ്യങ്ങളിൽനിന്നു പ്രതിനിധിസംഘങ്ങൾ കൊറിയായിൽ എത്തിയിരിക്കുന്നതു്. സ്വിററ്സർലണ്ടിൽനിന്നും വന്നിട്ടുള്ള ഡെലഗേഷനിൽ ഫാദർ ഓഗസ്റ്റ് വീഡ്മർ എന്നൊരു കത്തോലിക്കാ വൈദികനുമുണ്ടു്. ഇദ്ദേഹം മഞ്ചൂറിയായിൽ അനേകസംവത്സരങ്ങൾ മിഷനറിജോലി നടത്തിയിട്ടുള്ളതാണു്. ചൈനീസ് ഭാഷ നന്നായി സംസാരിക്കും. കമ്മ്യൂണിസ്റ്റുചൈനായുടെ തടങ്കൽപ്പാളയത്തിൽ വളരെക്കാലം കഴിച്ചുകൂട്ടിയിട്ടുള്ള ആളുമാണു്. ഈ കാരണങ്ങൾകൊണ്ടത്രെ സ്വിസ് ഗവർമ്മെൻറു് ഇദ്ദേഹത്തെക്കൂടെ ഡെലഗേഷനിൽ ഉൾപ്പെടുത്തി അയച്ചിരിക്കുന്നതു്. പിറകേ വരുന്ന സ്വിസ് സംഘത്തിൽ ഇതുപോലെതന്നെയുള്ള വേറെ അഞ്ചു മിഷനറിമാരെക്കൂടെ അയക്കുന്നുണ്ടു്. ഇവർക്കെല്ലാവർക്കും സൈനികക്യാപ്ററന്മാരുടെ പദവി നൽകിയിരിക്കയാണു്. മുമ്പു ചൈനായിൽ വേലചെയ്തിട്ടുള്ള ഒരു പ്രോട്ടസ്റ്റൻറു മിഷനറിയും ഇതിനു പുറമേ ഇക്കൂട്ടത്തിൽ ഉള്ളതായിക്കാണുന്നു. ഒരു പ്രോട്ടസ്റ്റൻറുരാജ്യമായ സ്വിററ്സർലണ്ട് കത്തോലിക്കാ മിഷനറിമാരോടു എത്ര സൗഹാർദ്ദമായി വർത്തിക്കുന്നുവെന്നു് ഇതിൽനിന്നു മനസ്സിലാക്കാം.

### ഉഗാൻഡാ ചീഫ്ജസ്റ്റിസ് വത്തിക്കാൻ സന്ദർശനത്തെപ്പററി

ആഫ്റിക്കയിലെ ഉഗാൻഡാ രാജ്യത്തിലെ ചീഫ്ജസ്റ്റിസായ മുഗ്വാനിയാ ഇക്കഴിഞ്ഞ പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ തിരുനാളവസരത്തിൽ വത്തിക്കാനിലെത്തി പരിശുദ്ധപിതാവിനെ സന്ദർശിച്ചതു സംബന്ധിച്ചു ചില വിവരങ്ങൾ അദ്ദേഹം പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. മതവിദ്വേഷത്തിന്റെ ഈ യുഗത്തിൽ സഭാസന്താനങ്ങൾ സത്യവിശ്വാസത്തിൽ അടിയുറച്ചുനില്ക്കേണ്ടതിന്റെ ആവശ്യകതയെപ്പററിയാണു മാർപ്പാപ്പാ പ്രത്യേകം ഊന്നിപ്പറഞ്ഞതു്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നടക്കുന്ന സംഭവഗതികളെ സംബന്ധിച്ചു് തിരുസഭാദ്ധ്യക്ഷനുള്ള സൂക്ഷ്മജ്ഞാനത്തെപ്പററി മുഗ്വാനിയാ അത്ഭുതം പ്രകടിപ്പിച്ചു. ആഫ്റിക്കയിലെ "മാവു് മാവു്" വിപ്ലവത്തെക്കുറിച്ചു് സ്ഥലവാസികളെക്കാൾ കൂടുതൽ വിജ്ഞാനം മാർപ്പാപ്പായ്ക്കുള്ളതായി തെളിഞ്ഞു എന്നു് അദ്ദേഹം പ്രസ്താവിക്കുന്നു. റോമിൽ ഉപരിപഠനം നടത്തിക്കൊണ്ടിരിക്കുന്ന ഉഗാൻഡാ വൈദികവിദ്യാർത്ഥികൾ തങ്ങളുടെ ചീഫ്ജസ്റ്റിസിന്റെ ബഹുമാനാർത്ഥം ഒരു സ്വീകരണം നടത്തുകയുണ്ടായി. 1887-ൽ സത്യവേദത്തിനുവേണ്ടി ഉഗാൻഡായിൽ രക്തസാക്ഷിമകുടം പ്രാപിച്ച സ്റ്റാൻസിലാസ് മുഗ്വാനിയായുടെ പൗത്രനാണു് ഈ പ്രശസ്തസന്ദർശകനെന്നുള്ളതും പ്രസ്താവ്യമായിട്ടുണ്ടു്.

### ജനറൽ ക്ലാർക്കിന്റെ പുത്രൻ

കത്തോലിക്കാ വനിതയെ വിവാഹംകഴിച്ചു പൂർവ്വപൗരസ്ത്യദേശത്തെ യു. എൻ. സേനയുടെ സുപ്രീംകമാണ്ടറായ ജനറൽ മാർക്ക് ക്ലാർക്കിന്റെ പുത്രൻ മേജർ വില്യം ക്ലാർക്ക് അമേരിക്കയിൽ വച്ചു ഒരു കത്തോലിക്കാ വനിതയെ വിവാഹം കഴിച്ചിരിക്കുന്നു. വനിത ലൂസിയാനാ സർവ്വകലാശാലയിലെ ഒരു ഗ്രാഡുവെയിററാണു്. അവളുടെ മുമ്പിലത്തെ വിവാഹം അസാധുവാണെന്നു സഭാധികാരികൾ വിധികല്പിച്ചതിനെ തുടർന്നാണു ഈ വിവാഹം. അകത്തോലിക്കനുമായുള്ള ഈ വിവാഹം പ്രത്യേകാനുമതിയോടെ ന്യൂഓർലിയൻസിലെ ജെസ്വിററ് പള്ളിയിൽ വച്ചാണു നടത്തിയതു്. വരന്റെ മാതാവും പിതാവും ടോക്കിയോവിൽനിന്നു അവിടെ പറന്നെത്തുകയുണ്ടായി.

### കമ്മ്യൂണിസ്റ്റ് ചൈനായെ യു. എൻ. ഓയിൽ സ്വീകരിച്ചാൽ

രാജ്യതന്ത്രപ്രവീണനായ കൗണ്ടു് നിക്കൊളാസ് ദെ റോക്ക്ഫോർട്ടു് ഒരു പ്രസ്താവനയിൽ ഇപ്രകാരം പറയുന്നു: "കമ്മ്യൂണിസ്റ്റ് ചൈനായെ യു. എൻ. ഓയിൽ സ്വീകരിക്കുന്നപക്ഷം അതു ആ സംഘടനയുടെ അധഃപതനത്തിലും ഒടുവിൽ വിനാശത്തിലും കലാശിക്കും. ഐക്യരാഷ്ട്രഭരണഘടനയുടെ വ്യവസ്ഥകളെ ലംഘിക്കാതെ ചുവപ്പുചൈനായെ ഈ സമിതിയിൽ ചേർക്കാവുന്നതല്ല. ഏഷ്യാ മുഴുവൻ കമ്മ്യൂണിസ്റ്റുപിടിയിൽ അമരുന്നതിനു് അതു ഹേതുവായിത്തീരുമെന്നത്രെ എന്റെ ദൃഢമായ അഭിപ്രായം. അതായതു്, ഇൻഡോചൈന, മലയാ, തായിലൻഡ്, ബർമ്മാ, ഏറിയകൂറും ഇൻഡൊനേഷ്യാ, ഒരുപക്ഷേ ഫിലിപ്പൈനും ഇങ്ങനെ സാമ്പത്തികമായി അത്യധികം പ്രാധാന്യം അർഹിക്കുന്ന ദക്ഷിണപൗരസ്ത്യ ഏഷ്യാവിഭാഗങ്ങളെല്ലാം നഷ്ടീഭവിക്കും. എന്നല്ല, ഞാൻ പറയുന്നു, സ്വതന്ത്രലോകം മുഴുവന്റെയും വിനാശത്തിനു് അതു വഴിതെളിക്കും. സ്വതന്ത്രജനവിഭാഗങ്ങളുടെയെല്ലാം, വിശിഷ്യ അവരുടെ നേതൃത്വം വഹിക്കുന്ന അമേരിക്കയുടെ, വില ഇതിനോടെ ഇടിയും. മൂന്നാമതൊരു ലോകമഹായുദ്ധത്തിന്റെ വിപത്തു നൂറുമടങ്ങു വർദ്ധമാനമായിത്തീരുന്നതുമാണു്.......കമ്മ്യൂണിസ്റ്റു ചൈനായെ ഐക്യരാഷ്ട്രസംഘടനയിൽ സ്വീകരിക്കുന്നതായാൽ അതിന്റെ യുക്തിപൂർവ്വമായ നിഗമനം ഇതായിരിക്കും: കുററം ചെയ്യുന്നവനു സമ്മാനമാണുള്ളതു്. അക്രമിക്കു പ്രതിഫലം ലഭിക്കും. അന്താരാഷ്ട്രബന്ധങ്ങളിൽ കിരാതത്വത്തിനു നിയമസാധുത്വം ലഭിച്ചിരിക്കുന്നു."

*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam—1

